بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ


# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 6

ലക്കം 22-23

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ജൂൺ 3–10/ഹി.ശം. 1400 ഇഹ്സാൻ 3–10/1442 ശവ്വാൽ 21–28


## അല്ലാഹുവിന്റെ വചനം

لَقَدْ كَفَرَ الَّذِيْنَ قَالُوْٓا اِنَّ اللّٰهَ هُوَ الْمَسِيْحُ ابْنُ مَرْيَمَ ۭ قُلْ فَمَنْ يَّمْلِكُ مِنَ اللّٰهِ شَيْـًٔا اِنْ اَرَادَ اَنْ يُّهْلِكَ الْمَسِيْحَ ابْنَ مَرْيَمَ وَاُمَّهٗ وَمَنْ فِي الْاَرْضِ جَمِيْعًا

'തീർച്ചയായും അല്ലാഹു, മർയമിന്റെ മകൻ മസീഹു തന്നെയാണ് എന്നു പറയുന്നവർ സംശയംവിനാ അവിശ്വാസികളായിരിക്കുന്നു. പറയുക! അല്ലാഹു മർയമിന്റെ മകൻ മസീഹിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഭൂമിയിലുള്ള എല്ലാവരേയും നശിപ്പിക്കാനുദ്ദേശിക്കുന്ന പക്ഷം അല്ലാഹുവിനെതിൽ ആർക്ക് എന്ത് കഴിവാണുള്ളത്?'

(5:18)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ.

ആമീൻ

## നബി(സ)യുടെ സാരോപദേശം:

### അന്യരുടെ ജനാസയാണെങ്കിലും ആദരിക്കണം

(1311) ജാബിർ(റ)നിവേദനം. ഞങ്ങളുടെ അരികിലൂടെ ഒരു മയ്യിത്ത് കടന്നുപോയപ്പോൾ നബി(സ)തിരുമേനി എഴുന്നേറ്റു നിന്നു. നബിയോടൊപ്പം ഞങ്ങളും എഴുന്നേറ്റുനിന്നു. അതൊരു യഹൂദിയുടെ മയ്യിത്താണെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ ഏതു മയ്യിത്ത് കണ്ടാലും എഴുന്നേല്ക്കുവിൻ.'

(1312) അബ്ദുർറഹ്മാൻ അബീ ലയ്ലാ നിവേദനം. ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫ്(റ), ഹദ്റത്ത് ഖയ്സ്വ് ബിൻ സഅ്ദ്(റ) എന്നിവർ ഒരിക്കൽ ഖദിസ്സിയ്യയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ അവരുടെ മുമ്പിലൂടെ ഒരു മയ്യിത്ത് കൊണ്ടുപോകുകയും അവരിരുപേരും എഴുന്നേൽക്കുകയും ചെയ്തു. അത് ഇവിടുത്തെ ഒരു നാട്ടുകാരിൽ അതായത് ഇസ്ലാമികഭരണത്തിൽ മുസ്ലിം പൗരന്മാരിൽ പെട്ടതാണെന്ന് അവരോടു പറയപ്പെട്ടു. ഉടനെ അവരിരുവരും പറഞ്ഞു: നബി(സ)യുടെ അടുക്കലൂടെ ഒരു ജനാസ കടന്നുപോയപ്പോൾ അവിടന്ന് എഴുന്നേറ്റുനിന്ന സമയത്ത് അതൊരു ജൂതന്റെ മയ്യിത്താണെന്ന് പറയപ്പെട്ടു. നബി(സ)പറഞ്ഞു: അതും ഒരു ആത്മാവുള്ളവനല്ലയോ? *(സ്വഹീഹ് ബുഖാരി, വാല്യം 2, കിതാബുൽജനാഇസ്, 2006 ഖാദിയാൻ പ്രസിദ്ധീകരണം)*

**നമ്മുടെ സ്നേഹിതന്മാർ അവരവരുടെ മനസ്സുകളിൽ ദീനിന് സേവനം ചെയ്യണമെന്ന നിയ്യത്ത് വെക്കുക. ഏതു രീതിയിലും വർണത്തിലുമുള്ള സേവനമാണോ ചെയ്യാൻ കഴിയുന്നത് അത് ചെയ്യുക.**
**ഞാൻ സത്യമായും പറയുന്നു: ദീനിന്റെ സേവകനും ജനങ്ങൾക്ക് ഫലമുണ്ടാകുന്ന വ്യക്തിക്കുമാണ് അല്ലാഹുവിന്റെ പക്കൽ വിലയും നിലയുമുള്ളത്.**
**ഇല്ലെങ്കിൽ ജനങ്ങൾ ശ്വാക്കളുടേയും ചെന്നായ്ക്കളുടേയും മരണം വരിച്ചാലും ഒട്ടും വിലവെക്കുകയില്ല**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ദുആയുടെ യാഥാർഥ്യം

ദുആയുടെ വിഷയത്തിൽ വീണ്ടും പേനയെടുക്കണമെന്നും ആദ്യത്തെ വിഷയം മതിയായി സ്ഥാപിതമായിട്ടില്ലന്നും മനസ്സിലാകുന്നു. ദുആ അങ്ങേയറ്റം സൂക്ഷ്മമായ കാര്യമാണ്. അതിന് നിബന്ധനയുണ്ട്. ദുആയ്ക്ക് അപേക്ഷിക്കുന്നവനും ദുആ ചെയ്യുന്നവനും തമ്മിൽ എത്രമാത്രം ദൃഢഗാഢ ബന്ധമുണ്ടാകണമെന്നാൽ, അവന്റെ വേദന ഇവന്റെ വേദനയായി മാറുകയും അവന്റെ സന്തോഷം ഇവന്റെ സന്തോഷമായി മാറുകയും വേണം. എപ്രകാരം മുലകുടിക്കുന്ന കുഞ്ഞിന്റെ കരച്ചിൽ മാതാവിനെ അനിയന്ത്രിതയാക്കുകയും അവളുടെ നെഞ്ചിൽ പാല് ഇറങ്ങുകയും ചെയ്യുന്നുവോ, അതുപോലെതന്നെ ദുആ ചെയ്യിക്കുന്നവന്റെ അവസ്ഥ സ്ഥാനത്തിലും സങ്കടം ബോധിപ്പിക്കുന്നതിലും അടിമുടി ദുആ ചെയ്യുന്നവന്റെ തേങ്ങലിലും ദൃഢനിശ്ചയത്തിലും ആയിത്തീരണം.

### ശ്രദ്ധയും തേങ്ങലും അല്ലാഹുവിൽനിന്നാണ് ഇറങ്ങുന്നത്

പറഞ്ഞു: യഥാർഥ കാര്യമെന്താണെന്നാൽ, എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ വരദാനമാണ്. സ്വന്തം പ്രയത്നത്തിന് അവയിൽ കൈകടത്തലൊന്നുമില്ല. ശ്രദ്ധയും തേങ്ങലും അല്ലാഹുവിൽനിന്നാണ് ഇറങ്ങുന്നത്. അല്ലാഹു ഇച്ഛിക്കുമ്പോൾ ആർക്കെങ്കിലും വേണ്ടി വിജയത്തിന്റെ വഴി പുറത്തുകൊണ്ടുവരാം. എന്നാൽ, കാര്യകാരണ പരമ്പരയിൽ അനിവാര്യമായിട്ടുള്ളത് ദുആ ചെയ്യുന്നവനെ ശക്തമായ എന്തെങ്കിലും ചാലകശക്തി ചലിപ്പിക്കണമെന്നതാണ്. അവന്റെ ഉപായം, ദുആ ചെയ്യിക്കുന്നവൻ ദുആ ചെയ്യുന്നവനുമായി കടപ്പാടുണ്ടാക്കി തന്നിലേക്ക് ആകർഷിച്ചെടുക്കുക എന്നതല്ലാതെ മറ്റൊന്നുമല്ല.

### ദുആയും ദീനീസേവനവും

എന്റെ ശ്രദ്ധയെ ആകർഷിക്കുന്ന അവസ്ഥ കണ്ട് ദുആ ചെയ്യുന്നതിന് എന്റെ ഉള്ളിൽ ഒരു ഇളക്കമുണ്ടാകുന്നതായി ഞാൻ കാണുന്നു. അത് ഒരേയൊരു കാര്യമാണ്. അതായത് ഞാൻ ഏതെങ്കിലുമൊരാളെ, അയാൾ ദീനീ സേവനത്തിന് അർഹനായ ആളാണെന്നും അയാൾ അല്ലാഹുവിനും അവന്റെ റസൂലിനും അവന്റെ ഗ്രന്ഥത്തിനും അവന്റെ ദാസർക്കും ഫലപ്രദനാണെന്നും എനിക്കു മനസ്സിലായാൽ, അയാൾക്കുണ്ടാകുന്ന വേദനയും സങ്കടവും യഥാർഥത്തിൽ എന്റേതാണ്. നമ്മുടെ സ്നേഹിതന്മാർ ചെയ്യേണ്ടത് അവരവരുടെ മനസ്സുകളിൽ ദീനിന് സേവനം ചെയ്യണമെന്ന നിയ്യത്ത് വെക്കുക. ഏതു രീതിയിലും വർണത്തിലുമുള്ള സേവനമാണോ ചെയ്യാൻ കഴിയുന്നത് അത് ചെയ്യുക.

ഞാൻ സത്യമായും പറയുന്നു:ദീനിന്റെ സേവകനും ജനങ്ങൾക്ക് ഫലമുണ്ടാകുന്ന വ്യക്തിക്കുമാണ് അല്ലാഹുവിന്റെ പക്കൽ വിലയും നിലയുമുള്ളത്. ഇല്ലെങ്കിൽ ജനങ്ങൾ ശ്വാക്കളുടേയും ചെന്നായ്ക്കളുടേയും മരണം വരിച്ചാലും ഒട്ടും വിലവെക്കുകയില്ല.' *(മൽഫൂദാത്ത് വാല്യം 1, പേജ് 295 - 296, പ്രസാധനം ഖാദിയാൻ 2018)*

**അഹോ കഷ്ടം! മുസ്ലിമീങ്ങളും ഇക്കാലഘട്ടത്തിൽ അത്തരം കാര്യങ്ങൾ പറയാൻ തുടങ്ങിയിരിക്കുന്നു. ഹദ്റത്ത് മസീഹിനെ പക്ഷികളുടെ സ്രഷ്ടാവാണെന്ന് നിശ്ചയിച്ചു.**
**ഏതൊരുകാര്യം പറയാനാണോ മക്കയിലെ മുശ്രിക്കീങ്ങൾക്ക് തന്റേടമില്ലാതിരുന്നത് ആ ജോലി മുസ്ലിമീങ്ങൾ എത്ര തന്റേടത്തോടെയാണ് ചെയ്തത്.**
**ഈ തെളിവില്ലാത്ത വാദത്തെ ആര് അംഗീകരിക്കുമെന്നുപോലും ചിന്തിച്ചില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) റഅ്ദ് എന്ന അധ്യായത്തിലെ 17-ാമത്തെ വചനത്തിന്റെ വിശദീകരണത്തിൽ പറയുന്നു:'എത്രമാത്രം ആളുകളെ ലോകം ദൈവമാക്കിയോ അവരുടെ ജീവിതം ദുഃഖത്തിലും ബുദ്ധിമുട്ടിലുംതന്നെ കഴിഞ്ഞുവെന്നത് ദൈവത്തിന്റെ അത്ഭുതകരമായ ശക്തിപ്രഭാവമാണ്. ഹദ്റത്ത് മസീഹിന് രാജ്യം ഉപേക്ഷിക്കേണ്ടിയും ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടേണ്ടിയും വന്നു. ഹദ്റത്ത് ഹുസയ്ൻ(റ) ശഹീദാക്കപ്പെടുകതന്നെ ചെയ്തു. ശ്രീ രാമചന്ദ്രനും വിപത്തുകളിൽ അകപ്പെട്ടിരുന്നു. **ലാ യംലിക്കൂന ലിഅൻഫുസിഹും** എന്നതിൽ അവർക്ക് തങ്ങളുടെ ജീവനെത്തന്നെ രക്ഷിക്കാൻ കഴിഞ്ഞില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ നിങ്ങൾക്ക് അവർ എന്തു ഗുണം ചെയ്യാനാണ്? **ഹൽയസ്തവിൽ അഅ്മാ വൽബസ്വീർ** കാഴ്ചയുള്ളവനും കാഴ്ചയില്ലാത്തവനും സമമാകുമോ? അതായത് നിങ്ങൾക്ക് നിങ്ങളുടെ ആധിക്യത്തിൽ അഹംഭാവമുണ്ട്. എന്നാൽ, എപ്പോഴും കുടൂതലുള്ളത് ഫലപ്രദമായിരിക്കുമോ എന്ന് ചിന്തിക്കുക. ഒരുപാട് അന്ധന്മാരുടെ സമ്മേളനം ശക്തിയുടെ കാരണമാകുന്നു; അല്ലെങ്കിൽ ദുർബലതയുടെ! ഒരു കണ്ണുള്ളവൻ ആയിരക്കണക്കിന് അന്ധന്മാരുടെമേൽ വിജയിക്കുന്നു. അപ്രകാരംതന്നെ ഈ നബിയും, അദ്ദേഹത്തിന്റെ അനുയായികൾക്കും അല്ലാഹുവിൽനിന്ന് അറിവു ലഭിക്കുന്നു. നിങ്ങളുടെ പദ്ധതികളേയും തന്ത്രങ്ങളേയും കുറി

(ശേഷം പേജ് 16 ൽ)

**നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

◆◆◆◆

**ഈ ലക്കത്തിൽ**


ഖുത്ബ 2021 ഏപ്രിൽ 30, മെയ് 7 (സമ്പൂർണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട് 2019


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

നമ്മൾ റമളാനിലെ അവസാനത്തെ പത്തിൽ പ്രത്യേകമായ നിലയിൽ നമ്മുടെ ആരാധാനകൾ മനോഹരമാക്കുന്നതിനും സ്വലാത്തും ഇസ്തിഗ്ഫാറും ചൊല്ലുന്നതിനും പശ്ചാത്തപിക്കുന്നതിനും ദുആകൾ ചെയ്യുന്നതിനും അല്ലാഹുവിനോടുള്ള ആരാധനയുടെ കടമകൾ നിറവേറ്റുന്നതിനും അവന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുന്നതിനും വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതാണ്; നമ്മൾ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി നരകത്തിൽനിന്ന് രക്ഷപ്പെടുന്നവരാകാൻ!

നമ്മുടെ ഓരോ കർമവും നമ്മുടെ എല്ലാ അനക്കമടക്കവും നമ്മുടെ ഈ വാദം പ്രതിഫലിപ്പിക്കുന്നതായിരിക്കണം; നമ്മൾ യഥാർഥത്തിൽ മസീഹ് മൗഊദിനെ വിശ്വസിക്കുന്നവരാണെന്ന്. അദ്ദേഹത്തെ കുറിച്ച്, 'ഈ മനുഷ്യനാണ് അല്ലാഹുവിന്റെ റസൂലിനെ ഏറ്റവുമധികം സ്നേഹിക്കുന്നവൻ' എന്ന് ആകാശത്ത് മലക്കുകളും പറഞ്ഞിരുന്നു.

**ഇന്ന് ലോകത്ത് മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയുടെ ഈ മഖാം നബി(സ)തിരുമേനിയുടെ ദാസത്വത്തിന്റെ കാരണത്താലാണ്. ആ മഹാത്മാവിനോടുള്ള സ്നേഹം കാരണത്താലാണ്. ആ മഹാത്മാവിന്റെ സത്യസന്ധനായ പ്രേമി ആയതുകൊണ്ടാണ്.**

ഏതു അവസരത്തിലും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് പ്രതിജ്ഞചെയ്തിട്ടുള്ളവരാണ് നമ്മൾ. അങ്ങനെയുള്ള നമുക്ക് ഭാരിച്ചൊരു ഉത്തരവാദിത്വമാണുള്ളത്. ഈ ദീനിന്റെ പരിഷ്കർത്താവിന്റെ ദൗത്യത്തെ മുന്നോട്ടുകൊണ്ടുപോയും തങ്ങളുടെ പ്രതിജ്ഞ നിറവേറ്റിയും നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലിയും ആ മസീഹിന്റേയും മഹ്ദിയുടേയും സഹായകരായി മാറേണ്ടത് നമ്മുടെ കടമയാണ്.

അല്ലാഹുവിന്റെ പൊറുക്കലിന്റെ കവാടം തുറന്നിരിക്കുകയാണ്. അതേ! മനുഷ്യൻ ആരോഗ്യമുള്ള അവസ്ഥയിൽ തൗബ ചെയ്യണം; അവസാന ശ്വാസം എടുത്തുകൊണ്ടാവരുത്.

**അനുഗൃഹീതമായ റമളാനിൽ പ്രത്യേകിച്ചും അവസാനത്തെ പത്തിൽ സ്വലാത്ത് ചൊല്ലുന്നതിന്റേയും തൗബ ഇസ്തിഗ്ഫാർ ചെയ്യുന്നതിന്റേയും പ്രാധാന്യത്തെ കുറിച്ചുള്ള വിവരണം, അത് ചെയ്യാനുള്ള ഉപദേശവും**

**പാക്കിസ്താനി അഹ്മദികളുടെ സുരക്ഷയ്ക്കും കൊറോണവൈറസിന്റെ ബലാകളിൽനിന്ന് രക്ഷപ്പെടുന്നതിനും വേണ്ടി ദുആ ചെയ്യാൻ ആഹ്വാനം.**

**ഖുത്ബ ജുമുഅ 2021 ഏപ്രിൽ 30/1400 ശഹാദത്ത് 30,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

അല്ലാഹുവിന്റെ അനുഗ്രഹത്താൽ റമളാൻ മാസത്തിലൂടെയാണ് നമ്മൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. രണ്ടു ദിവസത്തിനുള്ളിൽ അവസാനത്തെ പത്തിലും പങ്കുചേരുന്നവരായിരിക്കും. റമളാനിലെ അവസാനത്തെ പത്തിൽ അല്ലാഹു നരകത്തിൽനിന്ന് മോചനം നല്കുന്നുവെന്നും നബി(സ)തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു. *(കൻസുൽഉമ്മാൽ, ഭാഗം 8, പേജ് 463, ഹദീഥ് 23668, മുഅസ്സസത്തുർരിസാല ബെയ്റൂത്ത് 1985)*

അതുകൊണ്ട് നമുക്ക് ഇന്നാളുകളിൽ പ്രത്യേകമായ നിലയിൽ നമ്മുടെ ആരാധാനകൾ മനോഹരമാക്കുന്നതിനും സ്വലാത്തും ഇസ്തിഗ്ഫാറും ചൊല്ലുന്നതിനും പശ്ചാത്തപിക്കുന്നതിനും ദുആകൾ ചെയ്യുന്നതിനും അല്ലാഹുവിനോടുള്ള ആരാധനയുടെ കടമകൾ നിറവേറ്റുന്നതിനും അവന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുന്നതിനും വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതാണ്; നമ്മൾ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി നരകത്തിൽനിന്ന് രക്ഷപ്പെടുന്നവരാകാൻ! നബി(സ)തിരുമേനിയുടെ സ്വന്തം മാതൃകയും രീതിയും റമളാനിന്റെ അവസാനപത്തിൽ എന്തായിരുന്നു? ആരാധനകളുടെ നിലവാരമെന്തായിരുന്നു? നബി(സ)തിരുമേനിയുടെ സാധാരണ ദിവസങ്ങളിലെ ആരാധനയുടെ നിലാവാരത്തെ കുറിച്ചുപോലും നമുക്ക് വാക്കുകളിൽ വിവരിക്കാൻ ആകുകയില്ല. പക്ഷേ, റമളാനിൽ അവയുടെ അവസ്ഥ എന്തായിരുന്നു. ഇതിനെക്കുറിച്ച് ഹദ്റത്ത് ആഇശാ(റ) പറയുന്നു: 'അതിനുപുറമെ മറ്റൊരിക്കലും കണ്ടിട്ടില്ലാത്തത്ര അവിടന്ന് പരിശ്രമിച്ചിരുന്നു. *(സ്വഹീഹുൽബുഖാരി, കിതാബു ഫള്ലു ലയ്ലത്തുൽഖദ്ർ, ബാബു അൽഅമലു ഫിൽ അശ്രിൽഅവാഖിരി മിൻ റമളാന ഹദീഥ് നമ്പർ 2024)*

അതിനാൽ എന്തു പരിശ്രമങ്ങളായിരുന്നുവെന്നത് നമ്മുടെ സങ്കല്പങ്ങൾക്കതീതമാണെന്നത് പ്രകടമാണ്. ഹദ്റത്ത് ആഇശാ(റ)ക്കും ആ പരിശ്രമങ്ങൾ എന്തായിരുന്നുവെന്ന് പൂർണമായും വിവരിക്കാൻ കഴിഞ്ഞില്ല. എന്നിട്ടും നബി(സ)തിരുമേനി നിങ്ങൾക്ക് ഉത്തമമാതൃകയാണെന്നും അദ്ദേഹത്തെ പിൻപറ്റണമെന്നും അല്ലാഹു നമുക്കു വേണ്ടി സ്ഥാപിച്ചിട്ടുള്ളവയെ സ്വന്തം കഴിവുകളനുസരിച്ച് ഉന്നതനിലവരെ എത്തിക്കാൻ ശ്രമിക്കണമെന്നുമുള്ളത് സത്യവിശ്വാസികളോടു അല്ലാഹുവിന്റെ കല്പനയാണ്. അപ്പോൾ അല്ലാഹു നമ്മുടെ പ്രാർഥനകൾ കേൾക്കുന്നതായിരിക്കും. നമ്മൾ ആ വഴിയിലൂടെ നടക്കുന്നവരും ആ സ്ഥാനത്തേക്ക് ഗമിക്കുന്നവരുമായിരിക്കും; അത് മുഅ്മിന്റെ വഴിയാണ്. അത് ഒരു മുഅ്മിൻ കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. അതുകൊണ്ട് നമ്മൾ ഈ ദിവസങ്ങളിൽ പ്രത്യേകം ദുആകളിൽ മുഴുകുന്നവരാകുക.

ഇക്കാലത്ത് അഹ്മദികൾ പ്രത്യേകനിലയിൽ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ചിലരാജ്യങ്ങളിൽ പ്രത്യേകിച്ച് പാക്കിസ്താനിൽ മറ്റു മുസ്ലിം രാജ്യങ്ങളിലും പൊതുവെ ജമാഅത്തിന്നെതിരിൽ വിവിധ ശ്രമങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വിദ്വേഷാഗ്നി നമുക്കെതിരിൽ ആളിക്കത്തിച്ചുകൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ അത്തരം ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിൽനിന്ന് അല്ലാഹു നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ. ശത്രുക്കളുടെ ഉപദ്രവങ്ങൾ അവരുടെമേൽതന്നെ മറിച്ചിടുമാറാകട്ടെ. ഇപ്രകാരംതന്നെ ഇപ്പോൾ പടർന്നു പിടിച്ചിരിക്കുന്ന ഈ പകർച്ചവ്യാധിയിൽനിന്ന് അല്ലാഹു നമ്മെ സുരക്ഷിതമായി വെക്കുമാറാകട്ടെ എന്നും ദുആ ചെയ്യേണ്ടതാണ്.

അല്ലാഹു നബി(സ)തിരുമേനി മുഖേനയും പിന്നീട് ഇക്കാലത്ത് നബി(സ)തിരുമേനിയുടെ സേവകൻ മുഖേനയും ദുആകളിലേക്ക് ശ്രദ്ധിക്കാൻ പറഞ്ഞുവെന്നു മാത്രമല്ല അതു സ്വീകരിക്കപ്പെടുന്നതിനുള്ള മാർഗങ്ങളും പഠിപ്പിച്ചുവെന്നത് നമ്മുടെ സൗഭാഗ്യതയാണ്. അല്ലാഹുവിനെ സ്തുതിക്കുന്നതിനോടൊപ്പം നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലേണ്ടതും ദുആ സ്വീകരിക്കപ്പെടുന്നതിന് വളരെ ആവശ്യമാണ്. ഇല്ലെങ്കിൽ ദുആകൾ ആകാശത്തിനും ഭൂമിയ്ക്കുമിടയിൽ തൂങ്ങി കിടക്കുന്നതായിരിക്കും. *(ജാമിഉത്തിർമുദി, അബ്വാബുൽവിത്ർ, ബാബു മാ ജാഅ ഫീ ഫള്ലിസ്സ്വലാത്തി അലന്നബിയ്യി(സ) ഹദീഥ് നമ്പർ 486)*

വീണ്ടും നബി(സ)തിരുമേനി പറഞ്ഞു: 'ആരാണോ എന്റെമേൽ സ്വലാത്ത് ചൊല്ലുന്നത് ഉ

പേക്ഷിച്ചത് അവൻ സ്വർഗത്തിന്റെ വഴി കളഞ്ഞുകുളിച്ചിരിക്കുന്നു.' *(സുനൻ ഇബ്നുമാജ, കിതാബു ഇഖാമത്തുസ്സ്വലാത്തി, ബാബു അസ്സ്വലാത്തു അലന്നബിയ്യി(സ), ഹദീഥ് നമ്പർ 908)*

ഇതേപോലെ ഇങ്ങനേയും ഒരു ഹദീഥുണ്ട്, നബി(സ)തിരുമേനി പറഞ്ഞു: എന്റെമേൽ നിങ്ങൾ സ്വലാത്തു ചൊല്ലുക. നിങ്ങളുടെ സ്വലാത്തു ചൊല്ലൽ നിങ്ങൾക്കുതന്നെ പരിശുദ്ധിക്കും അഭിവൃദ്ധിക്കുമുള്ള മാർഗമാണ്. *(കൻസുൽ ഉമ്മാൽ, ഭാഗം 1, പേജ് 249, ഹദീഥ് 2164, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2004)*

പിന്നെ ഇങ്ങനേയും നബി(സ)തിരുമേനിയുടെ നിർദേശമുണ്ട്: ആരാണോ എന്റെമേൽ ആത്മാർഥമായി സ്വലാത്തു ചൊല്ലുന്നത് അല്ലാഹു അവന്റെമേൽ 10 തവണ സ്വലാത്ത് അയക്കും. അവന് 10 ദർജകളുടെ ഉന്നതി പ്രദാനം ചെയ്യും. അവന് 10 നന്മകളെഴുതുന്നതുമായിരിക്കും. *(കിതാബു അസ്സുനനുൽകുബ്റാ ലിന്നസാഇ, വാള്യം 6, പേജ് 21-22, കിതാബു അമലുൽയൗമി വല്ലയ്ലത്തി/ ഥവാബുസ്സ്വലാത്ത് അലന്നബിയ്യി(സ), നിവേദന നമ്പർ 9892, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1991)*

ഈ നിവേദനങ്ങളിൽനിന്ന് സ്വലാത്ത് ചൊല്ലുന്നതിന്റെ പ്രാധാന്യം വ്യക്തമാകുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്ന നമ്മൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന നബി(സ)തിരുമേനിയുടെ സ്ഥാനവും നിലയും മനസ്സിലാക്കിയവരായ-അദ്ദേഹത്തിലൂടെയല്ലാതെ അത് അസംഭാവ്യമാണെന്ന് വാദിക്കുന്നവരായ നമ്മളുടെ നിർബന്ധ കടമയായിത്തീരുന്നു, നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ഏറ്റവും കൂടുതൽ സ്വലാത്ത് ചെല്ലാൻ ശ്രമിക്കുകയെന്നതും അല്ലാഹു നമ്മുടെ ദുആകൾ സ്വീകരിക്കുന്നതിനുവേണ്ടി മാത്രമല്ല. പ്രത്യുത സ്ഥായിയായ പരിശുദ്ധി നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുന്നതിനും, ഈ സ്വലാത്ത് മുഖേന നമ്മൾ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരായിത്തീരുന്നിതിനും, നമ്മൾ ഈ സ്വലാത്തു മുഖേന നമ്മുടെ ജാവിതത്തെ ശാശ്വതമായി പരിശുദ്ധരാക്കുന്നവരായിത്തീരുന്നതിനും, നമ്മൾ മതപരവും ആത്മീയവുമായ അഭിവൃദ്ധികരസ്ഥമാക്കുന്നവരായിത്തീരുന്നതിനും നമ്മുടെ വാദവും പറച്ചിലും മാത്രമായിരിക്കരുത് ഇത്. നമ്മൾ നബി(സ)തിരുമേനിയുടെ സത്യവാനായ പ്രേമിയെ വിശ്വസിച്ചിരിക്കുന്നു. എന്നല്ല നമ്മുടെ ഓരോ കർമവും നമ്മുടെ എല്ലാ അനക്കമടക്കവും നമ്മുടെ ഈ വാദം പ്രതിഫലിപ്പിക്കുന്നതായിരിക്കണം; നമ്മൾ യഥാർഥത്തിൽ മസീഹ് മൗഊദിനെ വിശ്വസിക്കുന്നവരാണെന്ന്. അദ്ദേഹത്തെ കുറിച്ച്, 'ഈ മനുഷ്യനാണ് അല്ലാഹുവിന്റെ റസൂലിനെ ഏറ്റവുമധികം സ്നേഹിക്കുന്നവൻ' എന്ന് ആകാശത്ത് മലക്കുകളും പറഞ്ഞിരുന്നു. *(ബറാഹീനെ അഹ്മദിയ്യാ ഭാഗം 4, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 598, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 3)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഇൽഹാമിനെ കുറിച്ച് പറയുന്നു: അതിലെ വാക്കുകൾ ഇപ്രകാരമാണ്: **സ്വല്ലി അലാ മുഹമ്മദിൻ വ്വ ആലി മുഹമ്മദിൻ സയ്യിദി വുൽദി ആദമ വ ഖാത്തമന്നബിയ്യീൻ** ആദം സന്തതികളുടെ നേതാവും ഖാത്തമുന്നബിയ്യീനുമായ മുഹമ്മദ് സ്വല്ലല്ലാഹു അലയ്ഹിവസല്ലമിന്റേയും കുടുംബാദികളുടേയുംമേൽ സ്വലാത്തു ചൊല്ലുക. പറഞ്ഞു: ഈ എല്ലാ നിലകളും ശ്രേഷ്ഠതകളും ഔദാര്യങ്ങളും അദ്ദേഹം മുഖേനയാണ് ലഭിച്ചിട്ടുള്ളതെന്നതിലേക്കുള്ള സൂചനയാണിത്; അദ്ദേഹത്തെ സ്നേഹിക്കുന്നതിന്റെ സമ്മാനമാണ്. സുബ്ഹാനല്ലാഹ്! ആ സൃഷ്ടികളുടെ നേതാവിന് അല്ലാഹുവിന്റെ തിരുസന്നിധിയിൽ എത്രമാത്രം ഉന്നത മർത്തബകളാണുള്ളത്; ഏതുതരത്തിലുള്ള സാമീപ്യമാണുള്ളത്. അദ്ദേഹത്തിന്റെ പ്രേമഭാജനം അല്ലാഹുവിന്റെ പ്രേമഭാജനമായിത്തീരുന്നു. അദ്ദേഹത്തിന്റെ സേവകൻ ഒരു ലോകത്തിന്റെ സേവ്യനായിത്തീരുന്നു; അതായത് നബി(സ)തിരുമേനിയുടെ ദാസത്വത്തിന്റെ കടമ നിറവേറ്റുന്നവന്റെ കൈയിൽ ഒരു ലോകംതന്നെ സംഘടിച്ച് ആ മഹാത്മാവിന്റെ ദാസത്വവിളംബരം ചെയ്യുക' എന്ന മഹനീയസ്ഥാനം അല്ലാഹുവിന്റെ പക്കൽ കരസ്ഥമാകുന്നു. അതിനാൽ ഇന്ന് ലോകത്ത് മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയുടെ ഈ മഖാം നബി(സ) തിരുമേനിയുടെ ദാസത്വത്തിന്റെ കാരണത്താലാണ്. ആ മഹാത്മാവിനോടുള്ള സ്നേഹം കാരണത്താലാണ്. ആ മഹാത്മാവിന്റെ സത്യസന്ധനായ പ്രേമി ആയതുകൊണ്ടാണ്. ഈ സ്നേഹം കൊണ്ടുതന്നെയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നബി(സ) തിരുമേനിയുടെ ദാസത്വത്തിൽ വരുന്ന ഉമ്മത്തി നബിയായി നിശ്ചയിച്ചത്. അദ്ദേഹം നബി(സ)തിരുമേനിയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുവേണ്ടി അയക്കപ്പെട്ടു. ഇസ്ലാമിന്റെ പ്രചാരണത്തിനുവേണ്ടി അയക്കപ്പെട്ടു. വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഇവിടെ എനിക്ക് ഓർമവന്നു, ഒരു രാത്രി ഈ വിനീതൻ എത്രയധികം സ്വലാത്ത് ചൊല്ലിയെന്നാൽ മനസ്സും പ്രാണനും സുഗന്ധപൂരിതമായി. ആ രാത്രി സ്വപ്നത്തിൽ കണ്ടു, ജീവധാരവെള്ളത്തിന്റെ രൂപത്തിൽ അതായത് മധുരമുള്ളതും തെളിമയാർന്നതുമായ വെള്ളത്തിന്റെ രൂപത്തിൽ നിറച്ച പ്രകാശത്തിന്റെ കുടങ്ങൾ മലക്കുകൾ ഈ വിനീതന്റെ വീട്ടിലേക്ക് കൊണ്ടുവരുന്നു. അവരിൽനിന്ന് ഒരാൾ പറഞ്ഞു, ഇത് നീ മുഹമ്മദ്(സ)ന്റെമേൽ ചൊല്ലിയതിന്റെ അതേ അനുഗ്രഹങ്ങളാണ്. അതുപോലെതന്നെ വിസ്മയകരമായ മറ്റൊരു ഖിസ്സ്വയും ഓർമവന്നു. ഒരിക്കൽ ഇൽഹാമുണ്ടായി, അതിന്റെ അർഥം ഇതാണ്: മലഉൽ അഅ്ലായിലെ (മലക്കുകളുടെ സമുന്നത സമിതി) ആളുകൾ തർക്കത്തിലാണ്. അ തായത് ദൈവികോദ്ദേശ്യം ദീനിന്റെ പുനരുജ്ജീവത്തിനുവേണ്ടി അത്യുത്സാഹത്തിലാണ്. പക്ഷേ, സമുന്നത സമിതിയിൽ ദീനിന്റെ പുനരുദ്ധാരകൻ ആരാണെന്നുള്ള നിർണയം പ്രത്യക്ഷപ്പെട്ടിട്ടില്ല. അതുകൊണ്ട് അവർ ഭിന്നതയിലാണ്. അപ്പോൾ സ്വപ്നത്തിൽ കണ്ടു, ആളുകൾ ദീനിന്റെ പുനരുദ്ധാരകനെ അന്വേഷിച്ചും തിരഞ്ഞും ചുറ്റിക്കറങ്ങുകയാണ്. ഒരാൾ എന്റെ മുമ്പിൽ വന്നു, ചൂണ്ടിക്കൊണ്ട് അയാൾ പറഞ്ഞു: **ഹാദാ റജുലുൻ യ്യുഹിബ്ബു റസൂലല്ലാഹി** റസൂലുല്ലായോട് സ്നേഹിമുള്ള വ്യക്തി ഈയാളാണ്. ഈ പറച്ചിലുകൊണ്ടുള്ള ഉദ്ദേശ്യം, ഈ തസ്തികയ്ക്കുള്ള മഹത്തായ നിബന്ധന അതായത് ജീവിപ്പിക്കുന്നവന്റെ അല്ലെങ്കിൽ ദീനിനെ ജീവിപ്പിക്കുന്നവനുള്ള ഏറ്റവും വലിയ നിബന്ധന റസൂലിനോടുള്ള സ്നേഹമാണ്. അത് ഈ വ്യക്തിയിൽ സ്ഥിരീകിരിക്കപ്പെട്ടിരിക്കുന്നു. *(ബറാഹീനെ അഹ്മദിയ്യാ ഭാഗം 4, റൂഹാനീ ഖസ ഇൻ വാള്യം 1, പേജ് 597-598, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 3)*

അല്ലാഹു ദീനിന്റെ പുനരുഥാനത്തിനുവേണ്ടി, ഇസ്ലാമിനെ വീണ്ടും ജിവിപ്പിക്കാനുള്ള സുപ്രധാന ജോലി നല്കി അയച്ച മസീഹിനേയും മഹ്ദിയേയും വിശ്വസിച്ചവരാണ് നമ്മൾ. മുഴുലോകത്തേയും ഇസ്ലാമിന്റെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിനും നബി(സ) തിരുമേനിയുടെ സേവകരാക്കാനും വേണ്ടിയാണ് അദ്ദേഹം അയക്കപ്പെട്ടിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിൽ പൂർണമായും ലയിച്ചുകൊണ്ടാണ് ഈ സ്ഥാനം കരസ്ഥമാക്കിയിട്ടുള്ളത്. നമ്മൾ നബി(സ)തിരുമേനിയുടെ സത്യസന്ധനായ പ്രേമിയുടെ ജമാഅത്തിൽ പങ്കുചേർന്നവരാണ്. ഏതു അവസരത്തിലും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് പ്രതിജ്ഞചെയ്തിട്ടുള്ളവരാണ്. അങ്ങനെയുള്ള നമുക്ക് ഭാരിച്ചൊരു ഉത്തരവാദിത്വമാണുള്ളത്. ഈ ദീനിന്റെ പരിഷ്കർത്താവിന്റെ ദൗത്യത്തെ മുന്നോട്ടുകൊണ്ടുപോയും തങ്ങളുടെ പ്രതിജ്ഞ നിറവേറ്റിയും നബി(സ) തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലിയും ആ മസീഹിന്റേയും മഹ്ദിയുടേയും സഹായകരായി മാറേണ്ടത് നമ്മുടെ കടമയാണ്. ലോകത്തോടു നമ്മൾ ഇപ്രകാരം വിളിച്ചു പറയണം, നിങ്ങൾ നബി(സ)തിരുമേനിയെ നിന്ദിക്കുന്നവരാണെന്ന് പറയുന്ന ഞങ്ങളാണ് നബി(സ)തിരുമേനി ഏറ്റവും കൂടുതൽ സ്നേഹിക്കുന്നവർ. ഞങ്ങൾ തന്നെയാണ് നബി(സ)തിരുമേനിയുടെമേൽ ചൊല്ലപ്പെടുന്ന സ്വലാത്തിനെക്കുറിച്ച് ശരിയായ അറിവ് നേടിക്കൊണ്ട് അവിടത്തെ മേൽ സ്വലാത്തു ചൊല്ലുന്നവർ. നബി(സ)തിരുമേനിയുടെ സേവകനായ ഹദ്റത്ത് മസീഹ് മൗഊദിൽനിന്ന് സ്വലാത്തിന്റെ പൊരുൾ മനസ്സിലാക്കി അവിടത്തെമേൽ സ്വലാത്തും സലാമും ചൊല്ലുന്നവരാണ് ഞങ്ങൾ. ഞങ്ങൾ റമളാൻ മാസത്തിൽ വ്യക്തിപരമായ ദുആകളിൽ ശ്രദ്ധിക്കുന്നവരാണ്. എന്നല്ല അസ്വസ്ഥരായി എങ്ങനെ ലോകത്ത് മുഹമ്മദ്(സ)യുടെ യശസ് ഉയർത്താമെന്ന് ചിന്തിക്കുന്നവരാണ്. എങ്ങനെ അവിടത്തെ പതാക മുഴുലോകത്തും പാറിപറപ്പിക്കാൻ കഴിയുമെന്നും ആളുകൾ അവിടത്തെ ദാസത്വത്തിൽ വന്ന് എങ്ങനെ തങ്ങളുടെ ദുൻയാവും ആഖിറത്തും അലങ്കരിക്കുന്നവരാകുമെന്നും എങ്ങനെയാളുകൾ അവിടത്തെ ദാസത്വം സ്വീകരിക്കുന്നത് തങ്ങളുടെ അഭിമാനമായി മനസ്സിലാക്കുമെന്നും എങ്ങനെ ആളുകൾ ഇസ്ലാമിനെ തങ്ങളുടെ പേരിനോടൊപ്പം ചേർക്കുന്നത് അന്തസായി കരുതുമെന്നും മനസ്സിലാക്കുന്നവരാണ്. ഈയൊരു മതം മാത്രമാണ് ഇന്നും നബി(സ) തിരുമേനിയോടുള്ള സ്നേഹം കാരണത്താൽ അദ്ദേഹത്തിൽ വിശ്വസിക്കുന്നവരുടെ ദുആകൾ അല്ലാഹു കേൾക്കുന്നുവെന്നും അവർക്ക് ഉത്തരം നല്കുന്നുവെന്നും വാദിക്കുന്നത്. അതിനാൽ അഹ്മദികളുടെ ചുമലുകളിൽ ഇടപ്പെട്ടിരിക്കുന്നത് വളരെ വലിയൊരു ചുമതലയാണ്. നമ്മൾ തന്നെയാണ് ലോകത്തോടു ഇപ്പോൾ ഇതു പറയേണ്ടത്. അതുകൊണ്ട് ഈ നിർബന്ധകടമ എത്രത്തോളം സത്യസന്ധതയോടും ആഴത്തിലും നിറവേറ്റുന്നുണ്ടെന്ന് നമ്മൾ ഇപ്പോൾ നോക്കേണ്ടതാണ്. പിന്നീടാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടേയും സമ്മാനങ്ങളുടേയും കൃപവഹിക്കുന്നവരായി തീരുന്നത്. നമ്മൾ യഥാർഥത്തിൽ ഖിയാമത്തുന്നാൾവരെ ഈ ഉപഹാരങ്ങളുടേയും അനുഗ്രഹങ്ങളുടേയും അനന്തരാവകാശികളാകണമെങ്കിൽ നമുക്ക് വ്യക്തിഗതമായ നി ലയിലും സംഘടിതമായ നിലയിലും നബി(സ) തിരുമേനിയുടെമേൽ സ്വലാത്തും സലാമും ചൊല്ലിക്കൊണ്ടിരിക്കേണ്ടതായി വരും. നമ്മൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ പിന്നീട് നമ്മൾ ശത്രുക്കളുടെ തന്ത്രങ്ങളും അവരുടെ ആയുധങ്ങളും അവരുടെ ആക്രമണങ്ങളും അല്ലാഹുവിന്റെ കൃപയാൽ എങ്ങനെയാണ് നശിച്ചൊടുങ്ങുന്നതെന്നും എങ്ങനെയാണ് അല്ലാഹുതന്നെ ശത്രുക്കളെ അവസാനിപ്പിക്കുന്നതെ

ന്നും നമ്മൾ കാണുന്നതായിരിക്കും. ആത്മീയമായ നിലയിലും നമ്മളും നമ്മുടെ തലമുറയും അഭിവൃദ്ധിയുടെ നിലകൾ തരണം ചെയ്തുകൊണ്ട് പോകുന്നവരായിരിക്കും. നമ്മൾ വ്യക്തിപരമായ ദുആകൾ സ്വീകരിക്കപ്പെടുന്ന അടയാളവും കാണുന്നതായിരിക്കും. സംഘടിതമായ ദുആകൾ സ്വീകരിക്കപ്പെടുന്ന അടയാളവും കാണുന്നതായിരിക്കും. ഇക്കാര്യം ഒരിക്കലും കളവാകുകയില്ല. കാരണം അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടും തന്റേമേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടും ചെയ്യുന്ന ദുആകൾ നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതായിരിക്കുമെന്ന കാര്യത്തിന് അല്ലാഹുവിന്റെ റസൂൽ(സ) നമുക്കു ജാമ്യം നല്കിയിരിക്കുന്നു. പക്ഷേ, നിബന്ധന ഹൃദയംകൊണ്ടും ആത്മാർഥമായും ചെയ്യുന്ന ദുആ ആയിരിക്കണമെന്നുമാത്രം. ഇതാണ് നിബന്ധന! നബി(സ)തിരുമേനിയുടെ സ്ഥാനവും പദവിയും ഉയർത്തണമെന്നതിന് ഒരാവേശമുണ്ടാകണം. അല്ലാഹുവിന്റെ തിരുസന്നിധയിൽ ഹൃദയംഗമമായ ദുആ ഉണ്ടാകണം. ഇക്കാര്യത്തിന്റെ ആഴത്തിന്റേയും യുക്തിജ്ഞാനത്തിന്റേയും അറിവുണ്ടാകുമ്പോഴാണ് ഇതുണ്ടാകുക.

ഇതിനെ കുറിച്ചും ചുരുക്കിപ്പറഞ്ഞുതരാം. ദുആ ഹൃദയവേദനയോടെ ചെയ്യണമെങ്കിൽ ഒരാൾ താൻ എന്തുദുആയാണ് ചെയ്യുന്നതെന്ന് കൃത്യമായി അറിഞ്ഞിരിക്കേണ്ടത് നിർബന്ധമാണ്. അല്ലാതെ വെറും വായ കൊണ്ട് വാക്കുകൾ ഉച്ചരിക്കുന്നതിലൂടെ വാക്കുകളുടെ അർഥവും വ്യാപ്തിയും മനസ്സിലാകുകയോ ഹൃദയത്തിൽ അവ പ്രഭാവം ചെലുത്തുകയോ ഇല്ല. ഹൃദയത്തെ സ്വാധീനിക്കുന്നതിന് എന്തുദുആയാണ് ചെയ്യുന്നതെന്നും എന്തിനുവേണ്ടിയാണ് ചെയ്യുന്നതെന്നും മനുഷ്യൻ അറിഞ്ഞിരിക്കേണ്ടതാണ്. ലക്ഷക്കണക്കിന് കോടിക്കണക്കിനാളുകൾ വായകൊണ്ട് സ്വലാത്തിന്റെ വാക്കുകൾ ഉരുവിടാറുണ്ട്. പക്ഷേ, അതിന്റെ ഉദ്ദേശ്യമെന്താണ്? സ്വലാത്ത് ചൊല്ലുന്നതുകൊണ്ട് നമുക്കുള്ള നേട്ടമെന്താണ്? നബി(സ)തിരുമേനിക്ക് അതുകൊണ്ടുള്ള ഗുണമെന്താണ്? എന്നൊന്നും അവർക്കറിയില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരിക്കൽ വിവരിച്ചിരുന്നു. അതിന്റെ കുറച്ചു ഭാഗം ഞാൻ സമർപിക്കാം.

സ്വലാത്തിൽ **അല്ലാഹുമ്മ സ്വല്ലി** ആദ്യം വെക്കപ്പെട്ടിരിക്കുന്നു; **അല്ലാഹുമ്മ ബാരിക്** പിന്നീടും. അതിന്റെ യുക്തി ഇതാണ്. സ്വലാത്തിന്റെ അർഥം ദുആ എന്നാണ്. അപ്പോൾ **അല്ലാഹുമ്മ സ്വല്ലി** എന്നതിന്റെ അർഥം അല്ലാഹുവേ! നീ റസൂൽകരീം(സ)നുവേണ്ടി ദുആ ചെയ്താലും. ദുആ ചെയ്യുന്നവർ രണ്ടുതരത്തിലുണ്ട്. ഒന്ന് കൈയിലൊന്നുമില്ലാത്തവർ മറ്റുള്ളവരോടു ചോദിക്കുന്നു. രണ്ടാമത്തേത് ആരാണോ ദുആ ചെയ്യുന്നത് അയാൾക്ക് സ്വയം നല്കാൻ അധികാരമുണ്ട്. നമ്മൾ അല്ലാഹുവിനെക്കുറിച്ച് അവൻ ദുആ ചെയ്യുന്നുവെന്ന് പറയുമ്പോൾ അതിന്റെ അർഥം അവൻ തന്റെ സൃഷ്ടികളോടും അവൻ ഉണ്ടാക്കിയിട്ടുള്ള വസ്തുക്കളായ കാറ്റ്, വെള്ളം ഭൂമി, പർവ്വതം തുടങ്ങി എല്ലാ വസ്തുക്കളോടും തന്റെ ദാസരെ സഹായിക്കാൻ പറയുന്നു. അപ്പോൾ **അല്ലാഹുമ്മ സ്വല്ലി** എന്നതിന്റെ അർഥം അല്ലാഹുവേ!എല്ലാ നന്മയും ഉപകാരവും ലോകത്തിലേയും ഭൂമിയിലേയും ആകാശത്തിലേയും എല്ലാ വസ്തുവിന്റേയും ഗുണവും നിന്റെ റസൂലിനുവേണ്ടി ഇച്ഛിക്കുകയും അദ്ദേഹത്തിന് ആദരവും മഹത്ത്വവും പ്രദാനം ചെയ്യുകയും ചെയ്താലും. ആദരവും മഹത്ത്വവും വർധിപ്പിച്ചാലും. എന്നിട്ട് നോക്കുക, അല്ലാഹു ഇച്ഛിച്ചാൽ അതിനെക്കാളുപരി ഒന്നുംതന്നെ ഉണ്ടാകുകയില്ല. അല്ലാഹു എന്താണ് ആഗ്രഹിക്കുന്നതെന്ന കാര്യം നമുക്ക് വലയം ചെയ്യാനെ സാധിക്കുകയില്ല. അതുകൊണ്ട് ഈ ദുആ അല്ലാഹുവിന്റെ സന്നിധിയിൽ അവതരിപ്പിച്ചു. അവനിത് ഇച്ഛിച്ചാൽ അവന്റെ ദൃഷ്ടിയിലുള്ള ഏറ്റവും കൂടുതൽ മഖാം അഥവാ സ്ഥാനം ലഭ്യമാകാം. അല്ലെങ്കിൽ അവനെന്താണോ ഇച്ഛിക്കുന്നത് അത് പ്രദാനം ചെയ്താലും. **അല്ലാഹുമ്മ ബാരിക്** എന്നതിന്റെ അർഥം അല്ലാഹുവേ! നബി(സ)തിരുമേനിയുടെമേൽ നീ ചെയ്തിട്ടുള്ള കാരുണ്യങ്ങളും കൃപകളും പാരിതോഷികങ്ങളും, മുഴുലോകത്തിലേയും റഹ്മത്തുകളും ബർക്കത്തുകളും നബി(സ)തിരുമേനിയുടെമേൽ ഒരുമിച്ചുകൂടുന്നത്ര വർധിപ്പിച്ചാലും. ഒന്നാമത്തേത് അല്ലാഹു എന്തൊന്നാണോ ഇച്ഛിക്കുന്നത് അത് പ്രദാനം ചെയ്യുന്നതായിരിക്കും. എന്താണ് ആഗ്രഹിച്ചത് അതും നമുക്ക് വലയം ചെയ്യാൻ സാധിക്കുകയില്ല. പിന്നീട് അതിൽ എത്രമാത്രം അനുഗ്രഹം നല്കണമെന്നാൽ, അത് വർധിപ്പിച്ചുകൊണ്ടേ പോകണം. അത് തികച്ചും ഞങ്ങളുടെ സങ്കല്പങ്ങൾക്കും അതിർത്തികൾക്കും അപ്പുറമാണ്. അങ്ങനെ മുഴുലോകത്തിലേയും റഹ്മത്തുകളും ബർക്കത്തുകളും നബി(സ) തിരുമേനിയുടെമേൽ ഒരുമിച്ചുകൂടുകയും അത് സ്ഥായിയായി നിലനിൽക്കാൻ നമ്മൾ പ്രാർഥിക്കുകയും ചെയ്യുമ്പോൾ പിന്നീട് നബി(സ)തിരുമേനി തന്റെ ഉമ്മത്തിനുവേണ്ടി ചെയ്ത ദുആകളിൽ നമ്മളും ഭാഗഭാക്കാകുന്നതായിരിക്കും. നമ്മൾ മനസ്സിൽ വേദനവെച്ചുകൊണ്ട് അവിടത്തെ ദീനിന്റെ ഉന്നതിക്കും ലോകം മുഴുവൻ അവിടത്തെ പരമാധികാരം നിലവിൽ വരുന്നതിനുംവേണ്ടി ദുആ ചെയ്യുമ്പോൾ അല്ലാഹു നമ്മളേയും ആ ദുആകളിൽ ഭാഗഭാക്കാക്കി നമുക്കും സ്വലാത്തുകൊണ്ട് സമൃദ്ധി നല്കുന്നതായിരിക്കും. കാരണം ഉമ്മത്തിനുവേണ്ടിയും അതിനോടൊപ്പം ദുആ ഉണ്ട്. നമ്മൾ വിതയ്ക്കുന്ന വിത്തിന്റെ വിളവിൽനിന്ന് നമ്മളും ഫലമെടുക്കുന്നവരാകും. **'സ്വല്ലി'** എന്നത് വിത്തിന്റെ സ്ഥാനത്തും 'ബാരിക്' എന്നത് വിളവിന്റെ സ്ഥാനത്തുമാണുള്ളത്. *(ഖുത്ബാത്തെ മഹ്മൂദ് വാള്യം 7, പേജ് 77-78)*

പക്ഷേ, ഹൃദയശുദ്ധിയോടെ ഇതെല്ലാം ചെയ്യണമെന്ന ഒരു നിബന്ധനയുണ്ട്. നബി(സ)തിരുമേനി കൊണ്ടുവന്നിട്ടുള്ള അധ്യാപനങ്ങളെ നമ്മൾ പാലിക്കണം. അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്ന കാര്യത്തിൽ ശ്രദ്ധിക്കണം. നബി(സ)തിരുമേനിയുടെ യഥാർഥ കുടുംബത്തോടുള്ള കടമകൾ നിറവേറ്റുന്നവരായി നമ്മൾ മാറണം. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ അക്രമം അഴിച്ചുവിടാൻ ഒരു കാരണവശാലും പാടില്ല. അങ്ങനെ ചെയ്ത് അതിനോടൊപ്പം സ്വലാത്തും ചൊല്ലി സ്വലാത്തു ചൊല്ലുന്നവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ നമുക്കുമേൽ വർഷിക്കണമെന്ന് ആഗ്രഹിക്കുന്നവരായി നമ്മൾ മാറരുത്. നിയമം കാറ്റിൽ പറത്തുകയും പ്രയാസങ്ങൾ സൃഷ്ടിക്കുകയും ചെയ്ത്, തങ്ങൾ റസൂലിന്റെ പ്രേമികളാണെന്നും സ്വലാത്ത് ചൊല്ലുന്നവരാണെന്നും വാദിച്ചുകൊണ്ട് തങ്ങളെ ഒന്നും പറയരുതെന്ന് ആവശ്യപ്പെടുന്നസ്ഥിതിവിശേഷം ഉണ്ടാക്കരുത്. റോഡുകൾ ബ്ലോക്കാക്കി രോഗികളെ ആശുപത്രിയിൽ എത്തുവാൻ പോലും സമ്മതിക്കാതിരിക്കുകയും ചെയ്തു കൊണ്ടു ഇതെല്ലാം അല്ലാഹുവിന്റേയും റസൂലിന്റേയും പേരിലാണ് ചെയ്യുന്നതെന്നും അതുകൊണ്ട് തങ്ങൾ ചെയ്യുന്നത് ശരിയാണെന്ന് വാദിക്കാനും പാടില്ല. ഇക്കാര്യങ്ങളെല്ലാം അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളുടെ സ്പഷ്ടമായ ലംഘനമാണ്. തികഞ്ഞ ധിക്കാരമാണ്. ഇക്കാര്യത്തിന് ഒരിക്കലും തന്നെ അല്ലാഹുവോ അവന്റെ പരിശുദ്ധ പ്രവാചകനോ അനുവാദം തന്നിട്ടുമില്ല. ഇക്കാരണത്താൽ ജനങ്ങളുടെ സ്വലാത്ത് പ്രയോജനപ്പെടുകയുമില്ല. ഇത് നബി(സ)തിരുമേനിയുടെ സ്ഥാനമാനങ്ങളെ ഉയർത്തുന്നതിനുപകരം ഇകഴ്ത്താനുള്ള അപലപനീയമായ ശ്രമമാണ്. ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്താനുള്ള ഒരു ശ്രമമാണ്. അല്ലാഹുവിന്റേയും റസൂലിന്റേയും പേരിൽ നടക്കുന്ന അക്രമത്തിന്, പിന്നീട് അല്ലാഹുവിന്റെ പിടിത്തവും കഠിനതരമായിരിക്കും. ഇതും എപ്പോഴും ഓർക്കേണ്ടതാണ്. സ്വലാത്തിന്റെ യഥാർഥ പൊരുൾ ഇന്ന് ലോകത്തിന് പറഞ്ഞു കൊടുക്കേണ്ട ഏക വിഭാഗം അഹ്മദികളായ നമ്മളാണ്. അതുകൊണ്ട് ഈ റമളാൻകാലത്ത് സ്വലാത്തിലേക്ക് പ്രത്യേക ശ്രദ്ധതിരിക്കുന്നതോടൊപ്പം സ്വന്തം ഉള്ളിൽ സൽപരിവർത്തനമുണ്ടാക്കാനും ശ്രമിക്കേണ്ടതാണ്. സ്വലാത്ത് സ്വീകാര്യയോഗ്യമാകാൻ അത് അനിവാര്യമാണ്. അതു സ്വീകരിക്കപ്പെട്ടാൽ മനുഷ്യന് അതുകൊണ്ട് പ്രയോജനമുണ്ട്. അവന്റെ ദുആകൾ സ്വീകരിക്കപ്പെടുന്നതാണ്. ആത്മീയനിലവാരവും മെച്ചപ്പെടുന്നതാണ്. റസൂലിനോടുള്ള അനുരാഗത്തിൽ അഭിവൃദ്ധിപ്പെട്ട് മനുഷ്യൻ അല്ലാഹുവിന്റെ യഥാർഥ സാമീപ്യം കരസ്ഥമാക്കുന്നതാണ്. യഥാർഥ സ്വലാത്ത് നബി(സ) തിരുമേനിവരെ എത്തി പിന്നെ അദ്ദേഹത്തിന്റെ ഉമ്മത്തിന്റെ അഭിവൃദ്ധിക്കുള്ള സാഹചര്യമൊരുക്കുന്നു. സ്വലാത്തിന്റെ പ്രാധാന്യത്തിന്റെ അളവ് ഇക്കാര്യത്തിൽനിന്ന് കൂടുതൽ വ്യക്തമാകുന്നുണ്ട്. അല്ലാഹു വിശുദ്ധഖുർആനിലും മുഅ്മിനീങ്ങളോടു നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലാൻ കല്പിച്ചിരിക്കുന്നു. അവൻ പറയുന്നു: **ഇന്നല്ലാഹ വ മലാഇക്കത്തഹൂ യുസ്വല്ലൂന അലന്നബിയ്യി യാ അയ്യുഹല്ലദീന ആമനൂ സ്വല്ലൂ അലയ്ഹി വസല്ലിമൂ തസ്‌ലീമാ**(33:57). അതുകൊണ്ട് നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നത് എത്രത്തോളം സുപ്രധാനമാണെന്നാൽ അല്ലാഹുവും അവന്റെ മലക്കുകളുംപോലും നബി(സ) തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നു. ഇതിൽനിന്ന് അല്ലാഹുവിന്റെ ദുആ എന്താണെന്ന കാര്യവും ഇവിടെ കൂടുതൽ വ്യക്തമായി. അല്ലാഹു എല്ലാ നിമിഷവും നബി(സ)തിരുമേനിയുടെ ദർജകൾ ഉയർത്തിക്കൊണ്ടിരിക്കുകയാണ്. നബി(സ)തിരുമേനിയുടെ മാഹാത്മ്യവും പ്രതാപവും നിലനിറുത്തുന്നതിന് സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുന്നുമുണ്ട്. ഇക്കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനെ ഭരമേല്പിച്ചിരിക്കുന്നത് അല്ലാഹുവിന്റെ ഈ കല്പനകളെ യഥാർഥ നിലയിൽ പാലിക്കുന്നവരായി മാറിക്കൊണ്ട് നിങ്ങൾ അല്ലാഹുവിന്റെ റസൂലിനുമേൽ സ്വലാത്ത് ചൊല്ലണമെന്നാണ്. അതുമുഖേന നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകുന്നതാണ്. അപ്രകാരംതന്നെ മലക്കുകളുടെ ദുആകളിൽനിന്ന് നമുക്ക് ഗുണം ലഭിക്കുന്നതായിരിക്കും. നബി(സ)തിരുമേനിയുടെമേൽ മലക്കുകൾ സ്വലാത്ത് ചൊല്ലുമ്പോൾ അതിന്റെ ഗുണം അവിടത്തെ ഉമ്മത്തിനും വിശ്വസിക്കുന്നവർക്കും ലഭിക്കുന്നതാണ്. ഈ ഗുണം നമുക്കുണ്ടായാൽപ്പിന്നെ അതിനുള്ള നന്ദിയെന്നോണം പൂർവാധികം ഭംഗിയായി സ്വലാത്ത് ചൊല്ലുന്നവരായി മാറണം. അങ്ങനെ ഈ സ്വലാത്തും കൃതജ്ഞത പ്രകടിപ്പിക്കലും അവസാനിക്കാത്ത എങ്ങനെയുള്ള പരമ്പരയാകുമെന്നാൽ അത് ഒരു യഥാർഥ മുഅ്മിനെ സമൃദ്ധമാക്കിക്കൊണ്ടേപോകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു: ‘നമ്മുടെ സയ്യിദും മൗലായുമായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)ന്റെ സത്യസന്ധതയും കൂറും നോക്കുക. അവിടന്ന് എല്ലാതരത്തിലുള്ള വൃത്തികെട്ട ആഹ്വാനങ്ങളേയും നേരിട്ടു. പല രീതിയിലുള്ള വിപത്തുകളും ബുദ്ധിമുട്ടുകളും വഹിച്ചു. പക്ഷേ, ഒന്നും വകവെച്ചില്ല. ഇതേ സത്യസന്ധതയും കൂറും കാരണത്താൽ തന്നെയായിരുന്നു അല്ലാഹു ഫള്ൽ ചെയ്തത്. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത് **ഇന്നല്ലാഹ വ മലാഇക്കത്തഹൂ യുസ്വല്ലൂന അലന്നബിയ്യി യാ അയ്യുഹല്ലദീന ആമനൂ സ്വല്ലൂ അലയ്ഹി വസല്ലിമൂ തസ്‌ലീമാ**(33:57). അല്ലാഹുവും അവന്റെ മലക്കുകളും റസൂലിന്റേമേൽ പ്രാർഥനാശംസകൾ നേരുന്നു. വിശ്വാസികളേ! നിങ്ങളും ആ നബിയുടെമേൽ സ്വലാത്തും സലാമും ചൊല്ലുക. ഈ ആയത്തിൽനിന്ന് പ്രകടമാകുന്നത് ആദരണീയ റസൂലിന്റെ കർമങ്ങൾ എങ്ങനെയുള്ളതായിരുന്നെന്നാൽ അല്ലാഹുവും അദ്ദേഹത്തെ സ്തുതിക്കാനോ അല്ലെങ്കിൽ സവിശേഷ ഗുണങ്ങളുടെ അതിർത്തി നിശ്ചയിക്കുന്നതിനോ പ്രത്യേകമായ പദമൊന്നും പറഞ്ഞില്ല. പദങ്ങൾ കിട്ടുമായിരുന്നു. പക്ഷേ, സ്വയം അതുപയോഗിച്ചില്ല. അതായത് അവിടത്തെ സൽക്കർമങ്ങളുടെ സ്തുതി അതിർത്തികൾക്കതീതമായിരുന്നു.’ അതിനെ വലയം ചെയ്യുക വളരെ ദുഷ്കരമായിരുന്നു. അതിന്നതീതമായിരുന്നു. “ഇത്തരത്തിലുള്ള ആയത്ത് മറ്റൊരു നബിയ്ക്കുവേണ്ടിയും ഉപയോഗിച്ചില്ല. അദ്ദേഹത്തിന്റെ ആത്മാവിൽ ആ സത്യസന്ധതയും നൈർമല്യവുമുണ്ടായിരുന്നു. അവിടത്തെ കർമങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ എത്രമാത്രം ഇഷ്ടകരമായിരുന്നുവെന്നാൽ, ഭാവിയിൽ ജനങ്ങൾ നന്ദിപ്രകടനമെന്ന നിലയിൽ അദ്ദേഹത്തിനുമേൽ സ്വലാത്ത് ചൊല്ലാൻ അല്ലാഹു എന്നെന്നേക്കുമായി കല്പിച്ചു.”*(മൽഫൂദാത്ത് വാല്യം 1, പേജ് 37-38)*

അതുകൊണ്ട് ഈ നന്ദിപ്രകടനം അവസാനം നമുക്കുതന്നെ ഫലപ്രദമായിരിക്കും. അല്ലാഹു ഈ റമളാനിലും അതിനുശേഷവും നമുക്ക് എപ്പോഴും സ്വലാത്തിന്റെ പ്രാധാന്യം മനസ്സിലാക്കി സ്വലാത്തു ചൊല്ലാൻ തൗഫീഖ് പ്രദാനം ചെയ്തുകൊണ്ടിരിക്കുമാറാകട്ടെ.

**അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻ മ്മജീദ്. അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ ബാറക്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻ മ്മജീദ്.**

നിങ്ങളോടു പ്രത്യേകമായി പറയാൻ ആഗ്രഹിക്കുന്ന രണ്ടാമത്തെ കാര്യം ഇസ്തിഗ്ഫാറാണ്. **അസ്തഗ്ഫിറുല്ലാഹ റബ്ബീ മിൻകുല്ലി ദൻബിൻ വ്വ അതൂബു ഇലയ്ഹി** ഈ ദുആ അതായത് ഞാൻ സകല പാപങ്ങളിൽനിന്ന് അല്ലാഹുവിനോടു പൊറുക്കലിനെ തേടുന്നു, അവൻ എന്റെ റബ്ബാണ്. അവനിലേക്ക് പശ്ചാത്തപിച്ചുകൊണ്ട് കുനിയുന്നു. ഇത് വളരെ പ്രധാനപ്പെട്ട ദുആയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ഇതിനെക്കുറിച്ച് പറയുന്നു:

ഇസ്തിഗ്ഫാറിന്റ വസതുതാപരവും യഥാർഥവുമായ അർഥം മാനുഷികമായ ദൗർബല്യങ്ങൾ പ്രകടമാകാതിരിക്കാൻ അല്ലാഹുവിനോടു അപേക്ഷിക്കുക എന്നാണ്. അല്ലാഹു നമ്മുടെ പ്രകൃതിക്ക് തന്റെ ശക്തികൊണ്ട് പിന്താങ്ങാകുക. അവന്റെ സഹായസഹകരണത്തിന്റെ പരിധിയിലേക്ക് നമ്മളേയും ഉൾപ്പെടുത്തുക. ഈ പദം ‘ഗഫറ’ യിൽനിന്ന് നിഷ്പന്നമാണ്. മൂടിവെക്കുക എന്നാണ് അതിനർഥം. അപ്പോൾ അതിന് ഇപ്രകാരം അർഥവ്യാപ്തി ഉണ്ടാകും. ‘അല്ലാഹുവേ! നീ നിന്റെ ശക്തിപ്രകടനത്താൽ പാപപൊറുതി തേടുന്നവന്റെ പ്രകൃത്യായുള്ള ദൗർബല്യങ്ങളെ മറച്ചുവെക്കേണമേ. എന്നാൽ, പിൽക്കാലലത്ത് ഇതിനു സാധാരണക്കാർക്കുവേണ്ടി അർഥവ്യാപ്തി നല്കപ്പെട്ടു. മറ്റൊരു വിവക്ഷിതമിതാണ്. അല്ലാഹുവേ! സംഭവിച്ചുപോയ പാപങ്ങളെ മൂടി വെക്കേണമേ. എന്നാൽ, യഥാർഥമായ അർഥം ഇതുതന്നെയാണ്. ഇസ്തിഗ്ഫാർ ചെയ്യുന്ന വ്യക്തിയെ പ്രകൃതിസഹജമായ ദൗർബല്യങ്ങളിൽനിന്ന് തന്റെ ദിവ്യശക്തി ഉപയോഗിച്ച് രക്ഷിക്കുകയും തന്റെ കരുത്തിൽനിന്ന് കരുത്ത് പകരുകയും അറിവിൽനിന്ന് അറിവ് പകരുകയും പ്രകാശത്തിൽനിന്ന് പ്രകാശം നല്കുകയും ചെയ്യേണമേ! കാരണം അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചുകൊണ്ട് അവനിൽനിന്ന് അകന്നില്ല. അവൻ മനുഷ്യന്റെ സ്രഷ്ടാവും അവന്റെ ആന്തരികും ബാഹ്യവുമായ ശക്തികളെ സൃഷ്ടിച്ചവനും ആണെന്നപോലെ അവൻ മനുഷ്യന്റെ ഖയ്യൂമുമാണ്; മനുഷ്യനെ നിലനിറുത്തുന്നവനുമാണ്. അതായത് അവൻ സൃഷ്ടികളെ തന്റെ പ്രത്യേക അനുഗ്രഹത്താൽ സംരക്ഷിക്കുന്നവനുമാണ്. പറയുന്നു: അല്ലാഹുവിന്റെ ഒരു നാമമാണ് ഖയ്യൂം. അതായത് തന്റെ സഹായത്തിൽ സൃഷ്ടികളെ നിലനിറുത്തുന്നവൻ. അതുകൊണ്ട് മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിപ്പിനാൽ ഉണ്ടായതുപോലെ തന്റെ സൃഷ്ടിപ്പിന്റെ ചിത്രത്തെ അല്ലാഹുവിന്റെ **ഖയ്യൂമിയ്യത്ത്** മുഖേന അലങ്കോലപ്പെട്ടുപോകുന്നതിൽനിന്ന് രക്ഷിക്കുക എന്നതും അവന് അനിവാര്യമായ കാര്യമാണ്. അതിനാൽ മനുഷ്യന് ഇതൊരു സ്വാഭാവികമായ ആവശ്യമായിരുന്നു. അതിനുവേണ്ടിയാണ് ഇസ്തിഗ്ഫാർ ചെയ്യാൻ നിർദേശിച്ചിട്ടുള്ളത്. അതിലേക്ക് വിശുദ്ധഖുർആനിൽ ഈ സൂചന നല്കപ്പെട്ടിരിക്കുന്നു. **അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽഖയ്യൂമു** (2:256). അതിനാൽ ആ അല്ലാഹു സ്രഷ്ടാവുമാണ്. നിലനിറുത്തുന്നവനുമാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടപ്പോൾ സൃഷ്ടിപ്പിന്റെ ജോലി പൂർണമായി. എന്നാൽ, ഖയ്യൂമിയ്യ ത്തിന്റെ പ്രവൃത്തി എന്നെന്നേക്കുമുള്ളതാണ്. അതുകൊണ്ടാണ് അനശ്വരമായ ഇസ്തിഗ്ഫാർ ആവശ്യമായി വന്നത്.” സ്വന്തം അവസ്ഥകൾ അലങ്കോലപ്പെട്ടുപോകുന്നതിൽനിന്ന് രക്ഷിക്കാൻ അല്ലാഹുവിന്റെ ഖയ്യൂം എന്ന വിശേഷണനാമം ഇവിടെ ഈ രീതിയിൽ പ്രയോജനപ്പെടുന്നു; മനുഷ്യൻ ശാശ്വതമായ നിലയിലുള്ള ഇസ്തിഗ്ഫാർ ചെയ്യുമ്പോൾ. “ചുരുക്കത്തിൽ അല്ലാഹുവിന്റെ എല്ലാ ഓരോ വിശേഷഗുണത്തിനും ഒരു ഉദാരതയുണ്ട്. ഇസ്തിഗ്ഫാർ എന്നത് ഖയ്യൂമിയ്യത്ത് എന്ന സ്വിഫത്തിന്റെ ഉദാരത നേടുന്നതിനുവേണ്ടിയുള്ളതാണ്. ഫാതിഹാ എന്ന അധ്യായത്തിലുള്ള **ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തയീനിൽ** ഇതിലേക്കുലുള്ള സൂചനയുണ്ട്.അതായത് ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു, നിന്നോടുമാത്രം സഹായം തേടുകയും ചെയ്യുന്നു. അതായത് നിന്റെ **ഖയ്യൂമിയ്യത്തും**(നിലനിറുത്തുന്ന അവസ്ഥ) **റുബൂബിയ്യത്തും** (പരിപാലിക്കുന്ന അവസ്ഥ) ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളെ മാർഗഭ്യംശത്തിൽനിന്ന് രക്ഷിക്കേണമേ; ഞങ്ങളുടെ ദൗർബല്യങ്ങൾ വെളിപ്പെട്ടുപോകാതിരിക്കേണമേ. അങ്ങനെ ഞങ്ങൾ ആരാധനകൾ നടത്തുന്നതിൽ അശക്തരാകാതിരിക്കേണമേ. *(ഇസ്വമത്തെ അമ്പിയാ, റൂഹാനീ ഖസാഇൻ വാല്യം 18, പേജ് 671-672)*

അതിനാൽ ആരാധനാകർമങ്ങൾ നിർവഹിക്കാനും സാത്താനിക ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടാനും അല്ലാഹുവിന്റെ കല്പനകൾ പ്രാവർത്തികമാക്കാനും ഇസ്തിഗ്ഫാർ അനുപേക്ഷണീയമായൊരു സംഗതിയാണ്. എന്തെങ്കിലും പാപം ചെയ്തുപോയാൽ മാത്രമെ ഇസ്തിഗ്ഫാർ ചെയ്യാവു എന്നല്ല ഉദ്ദേശിക്കുന്നത്. അപ്പോഴും ഇസ്തിഗ്ഫാറും തൗബയും വളരെ ആവശ്യംതന്നെയാണെന്നതിൽ സംശയമില്ല. മുമ്പേ ചെയ്തുപോയ പാപങ്ങൾ പൊറുക്കപ്പെടാനും വരാനിരിക്കുന്ന പാപങ്ങളിൽനിന്ന് രക്ഷനേടാനും അല്ലാഹുവിന്റെ സഹായം ആവശ്യമുണ്ട്. ഇസ്തിഗ്ഫാർ മുഖേനയാണ് ആ ദൈവസഹായം നമുക്ക് ലഭിക്കുക. പാപം ഉണ്ടായാലും ഇല്ലെങ്കിലും രണ്ടവസ്ഥകളിലും ഇസ്തിഗ്ഫാർ വളരെ പ്രധാനമാണ്. ശയ്ത്വാൻ നമ്മുടെ വഴിയിലുണ്ട്. മനുഷ്യന് തന്റെ പ്രയത്നങ്ങളാൽ ശയ്ത്വാനിൽനിന്ന് രക്ഷപ്പെടാൻ സാധ്യമല്ല. താൻ തന്റെ പരിശ്രമംകൊണ്ട് രക്ഷപ്പെടുമെന്ന് ഒരാൾ പറയുകയാണെങ്കിൽ അത് സാധ്യമല്ല. അതിന് ഒരേയൊരു ഉപാധിയെയുള്ളു, അല്ലാഹുവിൽനിന്ന് സഹായം തേടുക. അല്ലാഹു പറയുന്നു: എന്റെ സഹായം തേടാനും അർഥിക്കാനും നിങ്ങൾ അധികമധികമായി പൊറുക്കലിനെ തേടുക. ഈയൊരു മാർഗം മാത്രമാണ് സാത്താനിക ആക്രമണത്തിൽനിന്ന് സുരക്ഷ നല്കുന്നത്. മുമ്പേ ചെയ്തുപോയ പാപങ്ങൾക്ക് പൊറുക്കലിന് ഹേതുവാകുക. മനുഷ്യൻ ദുർബലനാണ്. അതിനാൽ ഇസ്തിഗ്ഫാർ വളരെ അത്യന്താപേക്ഷിതമാണ്. കാരണം ഇസ്തിഗ്ഫാർ കരുത്തു നില്കുന്നു. മാനുഷികമായ പോരായ്മകളിൽനിന്ന് രക്ഷപ്പെടാനുള്ള കരുത്ത് നല്കുന്നത് ഇസ്തിഗ്ഫാറാണ്. സാത്താന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള ഊർജം അത് പകരുന്നു. നിരന്തരമായു

(ശേഷം പേജ് 12 ൽ)

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**‘ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.’**

***(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)***

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**‘തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.’**

***(ബ്രിട്ടൺ, കനഡ, ജർമനി ജാമിഅകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)***

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

## ഖുത്ബ ജുമുഅ

ഹദ്റത്ത് ഉമർ ഇസ്ലാം സ്വീകരിച്ചപ്പോൾ നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ നെഞ്ചിൽ മൂന്നുതവണ കൈയടിച്ചുകൊണ്ട്, **അല്ലാഹുമ്മ അഖ്രിജ് മാ ഫീ സ്വദ് രിഹീ മിൻ ഗില്ലിൻ വ അബ്ദിൽഹു ഈമാനൻ** അല്ലാഹുവേ!ഇദ്ദേഹത്തിന്റെ നെഞ്ചിൽ എന്തെങ്കിലും വെറുപ്പുണ്ടെങ്കിൽ അത് അകറ്റിയാലും അതിനെ ഈമാൻകൊണ്ട് മാറ്റിയാലും. നബി(സ)തിരുമേനി ഈ ദുആ മൂന്നു പ്രാവശ്യം ചെയ്തു.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)വിവരിക്കുന്നു: ഹദ്റത്ത് ഉമർ വിശ്വസിക്കുന്നതുവരെ ഞങ്ങൾ പരസ്യമായി ആരാധനകർമങ്ങൾ നിർവഹിച്ചിരുന്നില്ല.

ഇന്ന് റമളാനിലെ അവസാനത്തെ ജുമുഅ ആണ്. ഇതിനെ റമളാനിലെ അവസാനത്തെ ജുമുഅ എന്ന നിലയിൽ മാത്രം കാണരുത്. മറിച്ച് ഈ ജുമുഅ നമുക്ക് ഭാവിയിലേക്ക് പുതിയ വഴികൾ കാണിച്ചുതരുന്നതായിരിക്കണം. റമളാനിൽ എന്തെല്ലാം കാര്യങ്ങളിലേക്കാണ് കൂടതൽ ശ്രദ്ധയുണ്ടായത്, എന്തൊക്കെ നന്മകളാണോ ചെയ്യാൻ ഭാഗ്യം ലഭിച്ചത് അവയൊക്കെ റമളാൻ കഴിഞ്ഞാലും തുടർന്നുകൊണ്ടുപോകാൻ നമ്മൾ പരിശ്രമിക്കേണ്ടതാണ്. എന്നല്ല അതിൽ കൂടുതൽ മെച്ചപ്പെടുകയും വേണം. അല്ലെങ്കിൽ റമളാനിലൂടെ കടന്നുപോന്നത് നമ്മൾക്കു ഒരു പ്രയോജനവും ചെയ്യുകയില്ല.

ഇത് നമ്മളിലർപിതമായ ഭാരിച്ച ചുമതലയാണ്. നമ്മളുടെ ഈമാനിനെ സുദൃഢമാക്കിയും നമ്മുടെ കർമങ്ങളെ സശ്രദ്ധം വീക്ഷിച്ചും നമ്മുടെ തലമുറകളെ രക്ഷിക്കുന്നതിന് നമ്മൾ നിമിത്തമാകേണ്ടതുമാണ്. റമളാനിലും തുടർന്നും ദുആ ചെയ്യുകയും അത് തുടർന്നുകൊണ്ടേപോകുകയും ചെയ്യുക എന്നത് നമ്മുടെ ജോലിയാണ്. അല്ലാഹു എല്ലാവർക്കും അതിനു തൗഫീഖ് നല്കുമാറാകട്ടെ.

**റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസ്വുർനീ വർഹംനീ, അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദുബിക്ക മിൻശുറൂരിഹിം എന്ന ദുആകൾ ചെയ്തുകൊണ്ടിരിക്കുക.**

അല്ലാഹുമായി ശക്തമായ ബന്ധം സ്ഥാപിച്ചുകൊണ്ട് ഈമാനിലും യഖീനിലും ഉന്നത നിലവാരം കരസ്ഥമാക്കാനും നമസ്കാരങ്ങളിലും ആരാധനാ കർമങ്ങളിലും നിലവാരമുള്ളവരാക്കാനും പിന്നീട് തങ്ങളുടെ മക്കളേയും അല്ലാഹുവിൽ ദൃഢവിശ്വാസമുള്ളവരാക്കാനും അഹ്മദികളോടു ഉപദേശം

കൊറോണ പകർച്ചവ്യാധിയിൽനിന്ന് രക്ഷപ്പെടുന്നതിനും പാക്കിസ്താനുൾപ്പടെ ഏതേതെല്ലാം രാജ്യങ്ങളിലാണോ അഹ്മദിയ്യാ ജമാഅത്തിന്നെതിർപുള്ളത് അവിടുത്തെ അഹ്മദികൾക്കുവേണ്ടിയും എല്ലാതരത്തിലുള്ള ഫിത്നകളിൽ നിന്ന് രക്ഷപ്പെടുന്നതിനും പൊതുവെ മുസ്ലിം ഉമ്മത്തിനും മൊത്തത്തിൽ മനുഷ്യകുലത്തിനും വേണ്ടി ദുആകൾ ചെയ്യാൻ ആഹ്വാനം.

**പാക്കിസ്താനിലെ അഹ്മദികൾ പ്രത്യേകമായ നിലയിൽ സ്വദഖയും ദാനധർമവും ചെയ്യാനും ദുആയിലേക്ക് ശ്രദ്ധിക്കാനും ഉപദേശം**

**ഖുത്ബ ജുമുഅ 2021 മെയ് 7/1400 ഹിജ്റത്ത് 7,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് ഉമർ(റ)നെ കുറിച്ചായിരുന്നു ഞാൻ വിവരിച്ചുകൊണ്ടിരുന്നത്. അദ്ദേഹത്തിന്റെ ഇസ്ലാം സ്വീകരണത്തെ കുറിച്ച് ഞാൻ പറഞ്ഞിരുന്നു. ഹദ്റത്ത് ഉമർ(റ) ഇസ്ലാം സ്വീകരിച്ച തുമായി ബന്ധപ്പെട്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിക്കുന്നത് ഇങ്ങനെയാണ്. ഹദ്റത്ത് ഉമർ, നബി(സ)തിരുമേനിയെ നിരന്തരം അതിശക്തമായി എതിർത്തിരുന്നു. അതായത് ഇസ്ലാം സ്വീകരിക്കുന്നതുവരെ അദ്ദേഹം ഇസ്ലാമിന്നെതിരെ നിരന്തരം പ്രവർത്തിച്ചിരുന്നു. ഒരു ദിവസം അദ്ദേഹം കരുതി, ഇതിന്റെ സ്ഥാപകനെത്തന്നെ വധിച്ച് പ്രശ്നം പരിഹരിക്കുന്നതാണ് നല്ലതെന്ന്. അങ്ങനെയൊരു ചിന്തവന്നതും നബി(സ)തിരുമേനിയെ വധിക്കാൻ വാളുമെടുത്ത് വീട്ടിൽനിന്ന് പുറപ്പെട്ടു. വഴിമധ്യേ അദ്ദേഹത്തോടു ഉമറേ, എങ്ങോട്ടാണ് പോകുന്നതെന്ന് ഒരാൾ ചോദിച്ചു. മുഹമ്മദിനെ വധിക്കാൻ എന്ന് ഉമർ മറുപടി നല്കി. ആ വ്യക്തി ചിരിച്ചുകൊണ്ടു പറഞ്ഞു: ‘ആദ്യം സ്വന്തം വീട്ടിലെ അവസ്ഥ പോയി അന്വേഷിക്കുക. താങ്കളുടെ സഹോദരിയും ഭർത്താവും അയാളിൽ വിശ്വസിച്ചിരിക്കുന്നു.’ ഉമർ പറഞ്ഞു, ‘അതു സത്യമല്ല.’ അപ്പോൾ ആ വ്യക്തി പറഞ്ഞു: ‘എന്നാൽ, നേരിട്ടു പോയി നോക്കുക.’ ഹദ്റത്ത് ഉമർ അങ്ങനെ സഹോദരിയുടെ വീട്ടിലെത്തി. കതകിൽമുട്ടിവിളിച്ചു. അകത്ത് ഒരു സ്വഹാബി അവരെ ഖുർആൻ പഠിപ്പിക്കുകയായിരുന്നു. പുറത്താരാണെന്ന് അകത്തുനിന്ന് അദ്ദേഹത്തിന്റെ സഹോദരിഭർത്താവ് ചോദിച്ചു. ‘ഇത് ഉമറാണ്.’ അദ്ദേഹം പറഞ്ഞു. ഉമറാണ് വന്നതെന്ന് മസ്സിലായപ്പോൾ അദ്ദേഹം ഇസ്ലാം വിരോധിയാണെന്ന് അറിയാവുന്നതുകൊണ്ട് അളിയൻ, ഖുർആൻ പഠിപ്പിച്ചുകൊണ്ടിരുന്ന ആ സ്വഹാബിയെ വീടിനകത്ത് ഒളിപ്പിച്ചു. അതുപോലെ ഖുർആൻ ഏടുകളും ഒരു മൂലയിൽവെച്ചു. അതിനുശേഷം വാതിൽ തുറന്നു. തന്റെ സഹോദരിയും അളിയനും മുസ്ലിമായെന്ന് കേട്ടിട്ടാണ് ഉമർ അവിടെ വന്നത്. അതുകൊണ്ട് വന്നുടനെ അദ്ദേഹം വാതിൽ തുറക്കാൻ വൈകിയതെന്താണെന്ന് ചോദിച്ചു. വാതിൽ തുറക്കാൻ താമസമുണ്ടാകാമല്ലോ എന്ന മറുപടി ലഭിച്ചു. ഉമർ പറഞ്ഞു: ‘അതൊന്നുമല്ല. വാതിൽ തുറക്കാൻ എന്തോ പ്രത്യേകമായ കാര്യം തടസ്സമായി വന്നിട്ടുണ്ട്. നിങ്ങൾ ആ ‘സ്വാബി’(മതപരിത്യാഗി) യുടെ വാക്കുകൾ കേൾക്കുന്നതിന്റെ ശബ്ദവും ഞാൻ കേട്ടു.’ മക്കയിലെ മുശ്രിക്കീങ്ങൾ നബി(സ)തിരുമേനിയെ ‘സ്വാബി’ എന്നായിരുന്നു വിളിച്ചിരുന്നത്. കാര്യം മറച്ചുവെക്കാൻ അളിയൻ ശ്രമിക്കുന്നതുകണ്ട് ഹദ്റത്ത് ഉമറിന് ദേഷ്യം വന്നു. അദ്ദേഹത്തെ അടിക്കാനായി ഉമർ മുന്നോട്ടാഞ്ഞു. ഭർത്താവിനോടുള്ള സ്നേഹംകൊണ്ട് സഹോദരി ഇടയിൽ കയറി നിന്നു. ഹദ്റത്ത് ഉമർ അപ്പോഴേക്കും കൈയോങ്ങിക്കഴിഞ്ഞിരുന്നു. സഹോദരി പെട്ടെന്ന് ഇടയിൽ കയറിയതും ഉമറിന്റെ കൈ അവരുടെ മൂക്കിൽ

പതിച്ചു. മൂക്കിൽനിന്ന് ചോരയൊഴുകി. ഹദ്റത്ത് ഉമർ ദേഷ്യക്കാരനായിരുന്നു. താൻ ഒരു സ്ത്രീയുടെമേൽ കൈയുയർത്തിയെന്ന് കണ്ട്- അത് അറബികളുടെ രീതിക്കെതിരാണ്. പിന്നെയാണെങ്കിൽ സ്വന്തം സഹോദരിയുടെമേലാണ് കൈവച്ചത്. ഹദ്റത്ത് ഉമർ ശ്രദ്ധമാറ്റാൻവേണ്ടി ചോദിച്ചു: 'നിങ്ങളെന്താണ് വായിച്ചിരുന്നതെന്ന് പറയുക.' ഹദ്റത്ത് ഉമറിന്റെ ദേഷ്യം അല്പം മയപ്പെട്ടെന്ന് കണ്ടപ്പോൾ അദ്ദേഹത്തിന്റെ സഹോദരി പറഞ്ഞു: 'ശുദ്ധിയില്ലാത്ത ഒരാളുടെ കൈയിൽ ആ വിശുദ്ധഏടുകൾ തരാൻ എനിക്കു സാധ്യമല്ല.' താനെന്തു ചെയ്യണമെന്ന് ഹദ്റത്ത് ഉമർ അവരോടു ചോദിച്ചു. സഹോദരി പറഞ്ഞു, 'മുൻവശത്ത് വെള്ളമുണ്ട്, പോയി ശുദ്ധിയായി വരിക. അപ്പോൾ നിന്റെ കൈയിൽ ഞാനതു തരും.' ഹദ്റത്ത് ഉമർ കുളിച്ചു മടങ്ങി വന്നു. സഹോദരി അവർ കേട്ടുകൊണ്ടിരുന്ന ഖുർആനിന്റെ ഏടുകൾ അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു. ഹദ്റത്ത് ഉമറിൽ ഒരുതരം മാറ്റം വന്നു കഴിഞ്ഞിരുന്നതിനാൽ ആ ഏടുകൾ വായിച്ചതും അദ്ദേഹത്തിന്റെ ഉള്ളിൽ കരച്ചിലുണ്ടായി. ആ വചനങ്ങൾ വായിച്ചു കഴിഞ്ഞയുടൻ അദ്ദേഹം അനിയന്ത്രിതമായി പറഞ്ഞുപോയി **അശ്ഹദു അൻല്ലാ ഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ ർറസൂലുല്ലാഹി** ഭയന്ന് ഒളിച്ചിരുന്ന സ്വഹാബിയും ഈ വാക്കുകൾ കേട്ട് പുറത്തുവന്നു. അല്ലാഹുവിന്റെ റസൂൽ ഇപ്പോൾ എവിടെയാണുള്ളതെന്ന് ഹദ്റത്ത് ഉമർ ചോദിച്ചു. നബി(സ)തിരുമേനി എതിർപ്പുകാരണത്താൽ വീടു മാറിക്കൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: 'ഈയിടെയായി അദ്ദേഹം ദാറു അർഖമിലാണുള്ളത്.' ഹദ്റത്ത് ഉമർ(റ)ക്ഷണത്തിൽ അതേ അവസ്ഥയിൽ നഗ്നമായ വാൾ തൂക്കിയിട്ടുകൊണ്ട് ആ വീട്ടിലേക്ക് പുറപ്പെട്ടു. അദ്ദേഹം ദുഷ്ടവിചാരത്തോടെയാണോ പോകുന്നതെന്ന സംശയം സഹോദരിയുടെ മനസ്സിലുണ്ടായി. അവർ മുന്നോട്ടു വന്നു പറഞ്ഞു, 'അല്ലാഹുവാണ! നീ ഒരു ഉപദ്രവവും ചെയ്യുകയില്ലെന്ന് എനിക്ക് സമാധാനം നല്കാത്തിടത്തോളം ഞാൻ നിന്നെ പോകാൻ വിടുകയില്ല.' ഹദ്റത്ത് ഉമർ പറഞ്ഞു: 'ഞാൻ ഒരു വഴക്കുമുണ്ടാക്കുകയില്ലെന്ന് നിനക്കിതാ വാക്കു തരുന്നു.' അങ്ങനെ നബി(സ)തിരുമേനി ഉണ്ടായിരുന്ന സ്ഥലത്ത് ഹദ്റത്ത് ഉമർ(റ)എത്തി. കതകിൽമുട്ടി വിളിച്ചു. നബി(സ)തിരുമേനിയും സ്വഹാബത്തും അവിടെ സഭ കൂടിയിരിക്കുകയായിരുന്നു. ദറസ് നടക്കുകയായിരുന്നു. ആരാണ് വന്നിട്ടുള്ളതെന്ന് ആരോ ചോദിച്ചപ്പോൾ ഞാൻ ഉമറാണെന്ന് അദ്ദേഹം പറഞ്ഞു. സ്വഹാബാക്കാൾ പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ! വാതിൽ തുറക്കരുത്. എന്തെങ്കിലും കലഹത്തിന് അത് വഴിവെക്കും!ഹദ്റത്ത് ഹംസത്ത്(റ)അപ്പോൾ നവമുസ്ലിമായിരുന്നു. അദ്ദേഹം പറഞ്ഞു:'വാതിൽ തുറക്കുക. അവനെന്താണ് ചെയ്യുന്നതെന്ന് എനിക്കൊന്ന് കാണണം.' അങ്ങനെ അവിടയുണ്ടായിരുന്ന ഒരു വ്യക്തി കതകു തുറന്നു. ഹദ്റത്ത് ഉമർ അകത്തുവന്നു. നബി(സ)തിരുമേനി ചോദിച്ചു:'ഉമറേ! താങ്കൾ എത്ര കാലമാണ് എന്നോടുള്ള എതിർപ്പിൽ കഴിയുക?' ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞാനിപ്പോൾ വന്നത് എതിർക്കാനല്ല. അങ്ങയുടെ അടിമയാകാനാണ്!' ഒരു മണിക്കൂർ മുമ്പേവരെ ഇസ്ലാമിന്റെ കഠിനശത്രുവും നബി(സ)തിരുമേനിയെ വധിക്കാൻ പുറപ്പെട്ട ആളുമായിരുന്ന ഉമർ പൊടുന്നനെ ഉന്നതനിലയിലുള്ള വിശ്വാസിയായി മാറി. ഹദ്റത്ത് ഉമർ മക്കയിലെ പ്രമാണിയായിരുന്നില്ല. എന്നാൽ, അദ്ദേഹം ധീരത കാരണം യുവാക്കളിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. അദ്ദേഹം മുസ്ലിമായപ്പോൾ സ്വഹാബത്ത് അത്യാവേശത്തോടെ **'അല്ലാഹു അക്ബർ'** എന്നുള്ള തക്ബീർ മുഴക്കി. നമസ്കാര സമയമായപ്പോൾ നബി(സ)തിരുമേനി നമസ്കരിക്കാൻ ആഗ്രഹിച്ചു. ഏതാനും മണിക്കൂർ മുമ്പേ അല്ലാഹുവിന്റെ റസൂലിനെ വധിക്കാൻ ഇറങ്ങിപ്പുറപ്പെട്ട ഉമർ വീണ്ടും വാൾ ഉറയിൽനിന്നൂരി. എന്നിട്ട് പറഞ്ഞു:'അല്ലാഹുവിന്റെ റസൂലേ!അല്ലാഹുവിന്റെ റസൂലും അനുയായികളും ഒളിഞ്ഞിരുന്ന് നമസ്കരിക്കുകയും മക്കയിലെ മുശ്രിക്കീങ്ങൾ പുറത്ത് ധൈര്യസമേതം കറങ്ങി നടക്കുകയും ചെയ്യുന്നത് എങ്ങനെയാണ് ശരിയാകുക? കഅ്ബാ ദേവാലയത്തിൽ നമസ്കരിക്കുന്നതിൽനിന്ന് നമ്മെ ആരാണ് തടയുന്നതെന്ന് എനിക്കൊന്നു കാണണം.' നബി(സ)തിരുമേനി പറഞ്ഞു:'ഈ ആവേശം വളരെ നല്ലതാണ്. പക്ഷേ, ഇപ്പോൾ നമ്മൾ പുറത്തിറങ്ങുന്നത് ശരിയല്ല.'*(തഫ്സീറെ കബീർ വാള്യം 6, പേജ് 141-142)*

പക്ഷേ, അതിനുശേഷം മുമ്പേ ഞാൻ വിവരിച്ചു കഴിഞ്ഞിട്ടുള്ളതു പോലെ കഅ്ബാദേവാലയത്തിൽ നമസ്കരിക്കുകയും ചെയ്തു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു:'ഇസ്ലാമിന്റെ ആരംഭകാലത്ത് മുസ്ലിമീങ്ങളിൽ രണ്ടുപേരെയാണ് ധീരന്മാരായി മനസ്സിലാക്കിയിരുന്നത്. ഒന്ന് ഹദ്റത്ത് ഉമറും രണ്ട് അമീർ ഹംസത്തും. ഇവർ രണ്ടുപേരും ഇസ്ലാമിൽ ചേർന്നപ്പോൾ അവർ നബി(സ)തിരുമേനിയോടു അപക്ഷിച്ചു, കഅ്ബയിൽ നമുക്കും അവകാശമുണ്ടെന്നിരിക്കെ, വീടുകളിൽ രഹസ്യമായി അല്ലാഹുവിന് ഇബാദത്തു ചെയ്യുന്നത് ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. നമ്മൾ നമ്മുടെ ഈ അവകാശം കരസ്ഥമാക്കാതിരിക്കാനും പരസ്യമായി അല്ലാഹുവിന് ഇബാദത്ത് ചെയ്യാതിരിക്കാനും ഒരു കാരണവുമില്ല. അങ്ങനെ സത്യനിഷേധികളെ ആജ്ഞാലംഘനത്തിന്റെ കുറ്റകൃത്യത്തിൽനിന്ന് രക്ഷിക്കാൻവേണ്ടി വീട്ടിൽ നമസ്കരിച്ചിരുന്ന നബി(സ)തിരുമേനി കഅ്ബാ ദേവാലയത്തിൽ നമസ്കരിക്കുന്നതിനുവേണ്ടിപോയി. ആ നേരത്ത് നബി(സ)തിരുമേനിയുടെ ഒരു ഭാഗത്ത് ഹദ്റത്ത് ഉമർ(റ)വാളും പിടിച്ച് നടക്കുന്നുണ്ടായിരുന്നു; മറുഭാഗത്ത് അമീർഹംസ(റ)യും. ഇപ്രകാരം നബി(സ)തിരുമേനി കഅ്ബാ ദേവാലയത്തിൽ പരസ്യമായി നമസ്കരിച്ചു.'*(ഖുത്ബാത്തെ മഹ്മൂദ് വാള്യം 23, പേജ് 10)*

ഹദ്റത്ത് ഉമർ(റ)മുസ്ലിമായെന്ന വിവരം ഖുറയ്ശികൾക്ക് ലഭിച്ചപ്പോൾ അവർ രോഷാകുലരായി. അക്കാരണത്താൽ അവർ അദ്ദേഹത്തിന്റെ വീട് ഉപരോധിച്ചു. ഹദ്റത്ത് ഉമർ പുറത്തിറങ്ങിയപ്പോൾ വൻജനക്കൂട്ടം അദ്ദേഹത്തെ വളഞ്ഞു. ചിലർ അദ്ദേഹത്തെ ആക്രമിക്കാൻ ഒരുങ്ങി നില്ക്കുകയായിരുന്നു. എന്നാൽ, ഹദ്റത്ത് ഉമർ(റ) ധൈര്യസമേതം അവരുടെ മുമ്പിൽ നിന്നു. അവസാനം മക്കയിലെ ഏറ്റവും വലിയ നേതാവായ ആസിം ബിൻ വാഇൽ അവിടെ വന്നു. ആ വൻജനക്കൂട്ടത്തെ കണ്ട് അയാൾ തന്റെ നേതൃത്വപരമായ ശൈലിയിൽ എന്താണ് പ്രശ്നമെന്ന് ചോദിച്ചു. ഉമർ സ്വാബിയായിരിക്കന്നുവെന്ന് ആളുകൾ പറഞ്ഞു. ആ നേതാവ് സന്ദർഭോചിതം പറഞ്ഞു:'നല്ലത്. എങ്കിലും ഈ കോലാഹലത്തിന് ആവശ്യമില്ല. ഞാൻ ഉമറിന് അഭയം നല്കുന്നു.' ആ ശബ്ദത്തിനുമുമ്പിൽ അറബികളുടെ സമ്പ്രദായമനുസരിച്ച് ജനങ്ങൾക്ക് നിശബ്ദരാകേണ്ടിവന്നു. അവർ പതുക്കെപ്പതുക്കെ പിരിഞ്ഞു പോയി. അതിനുശേഷം ഹദ്റത്ത് ഉമർ(റ)കുറച്ചുദിവസം അദ്ദേഹത്തിന്റെ അഭയത്തിലിരുന്നു. കാരണം ആസിം ബിൻ വായിലിന്റെ അഭയം കാരണത്താൽ ആരും അദ്ദേഹത്തോടു വഴക്കിട്ടിരുന്നില്ല. പക്ഷേ, ആ അവസ്ഥ അങ്ങനെ നീണ്ടുപോകുന്നത് ഹദ്റത്ത് ഉമറിന്റെ ആത്മാഭിമാനം സഹിച്ചില്ല. അദ്ദേഹം അധികം താമസിയാതെ ആസിം ബിൻ വാഇലിന്റെ അടുത്തുപോയി 'ഞാൻ താങ്കളുടെ അഭയത്തിൽനിന്ന് പുറത്തുപോകുകയാണ്'എന്ന് പറഞ്ഞു. ഹദ്റത്ത് ഉമർ(റ)പറയുന്നു: 'അതിനുശേഷം ഞാൻ മക്കയുടെ ഇടവഴികളിൽ അടിവാങ്ങിയും അടികൊടുത്തും കഴിഞ്ഞു. അതായത് കലഹത്തിൽത്തന്നെയായിരുന്നു. എന്നാൽ, ഹദ്റത്ത് ഉമർ ആരുടെ മുമ്പിലും തന്റെ തല കുനിച്ചിരുന്നില്ല.'*(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 159)*

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ഒരിടത്ത് പറയുന്നു: 'നോക്കുക, നബി(സ)തിരുമേനിക്ക് എത്ര ശക്തരായ ശത്രുക്കളാണുണ്ടായിരുന്നത്. എന്നാൽ, പിൽക്കാലത്ത് അവരിൽ എത്രവലിയ മാറ്റമാണ് വന്നത്. അവർ നന്നായെന്നു മാത്രമല്ല ആത്മീയമായി എത്രത്തോളം പുരോഗതി പ്രാപിച്ചുവെന്നാൽ അവരെ പലർക്കും തിരിച്ചറിയാൻ പോലും പ്രയാസമുണ്ടായി. അതായത് അവർ ഒട്ടാകെ മാറി. ഇവർ മുമ്പേയുണ്ടായിരുന്നവർതന്നെയാണോ എന്ന് മനസ്സിലാക്കാൻ പ്രയാസമായിരുന്നു. ഹദ്റത്ത് ഉമർ ഇസ്ലാമിനും മുസ്ലിമീങ്ങൾക്കുംമെതിരിൽ അതിരുകടന്ന വ്യക്തിയായിരുന്നു. എന്നാൽ, മുസ്ലിമായ ശേഷം ദീനിന്റെ മാർഗത്തിൽ തന്റെ ജീവിതംതന്നെ ആപത്തിലിടാൻ തുടങ്ങി. രാപ്പകൽ ഇസ്ലാമിന്റെ സേവനത്തിൽ മുഴുകി.'*(തഫ്സീറെ കബീർ വാള്യം 7, പേജ് 45)*

ഇവിടെ ജീവിതം ആപത്തിലിടുന്നത് ദീനിന്റെ ഗുണത്തിനുവേണ്ടിയായിരിക്കേണ്ടതാണ്.

ഹദറത്ത് ഉമർ ഇസ്ലാം സ്വീകരിച്ചതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറയുന്നു:'നോക്കുക. ഹദ്റത്ത് ഉമറിനെക്കൊണ്ട് ഇസ്ലാമിന് എത്രവലിയ നേട്ടമാണുണ്ടായത്. ഒരു കാലത്ത് ഇദ്ദേഹം മുസ്ലിമായിരുന്നില്ല. നാലു വർഷം താമസിച്ചു. അതിലെന്താണ് രഹസ്യമെന്ന് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നത്. അബൂ ജഹ്ൽ നബി(സ)തിരുമേനിയെ വധിക്കാൻ പ്രാപ്തനായ ഒരാളെ തിരഞ്ഞു നടക്കുകയായിരുന്നു. അപ്പോൾ ഹദ്റത്ത് ഉമർ വളരെ ധൈര്യവാനും ചങ്കൂറ്റമുള്ളവനുമാണെന്ന കാര്യം പ്രസിദ്ധമായിരുന്നു. അദ്ദേഹത്തിന് നല്ല ഗാംഭീര്യമുണ്ടായിരുന്നു. അവരിരുവരും പരസ്പരം ചർച്ച ചെയ്ത് നബി(സ)തിരുമേനിയെ വധിക്കാൻ ചുമതലയേറ്റു. ഹദ്റത്ത് ഉമറും അബൂജഹ്ലും ഒരു ഉടമ്പടിയിൽ ഒപ്പുവച്ചു. ഹദ്റത്ത് ഉമർ ഈ ഹത്യ നടത്തി വന്നാൽ ഇത്ര പണം നല്കാമെന്ന് കരാറായി.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു, 'നോക്കൂ! അല്ലാഹുവിന്റെ ശക്തിപ്രഭാവം! ഒരു കാലത്ത് നബി(സ)തിരുമേനിയെ ശഹീദാക്കാൻ കച്ചകെട്ടി ഇറങ്ങിയ ഹദ്റത്ത് ഉമർ(റ) പിൽക്കാലത്ത് ഇസ്ലാമിൽ വന്ന് സ്വയം ശഹീദാകുന്നു. എന്തൊരു വിചിത്രമായ കാലമായിരുന്നു അത്. ചുരുക്കത്തിൽ ആ നേരത്ത് താൻ മുഹമ്മദിനെ വധിക്കുന്നതാണെന്ന കരാറിൽ ഒപ്പിടുന്നു. ഈ ഉടമ്പടിക്കുശേഷം നബി(സ)തിരുമേനിയെ അന്വേഷിച്ചും ചാരപ്പണിയിലും രാത്രികളിൽ ചുറ്റിക്കറങ്ങി നടന്നിരുന്നു.' അതായത് നബി(സ)യെ അന്വേഷിച്ച് ചാരവേലയിൽ രാത്രികാലങ്ങളിൽ ചുറ്റിക്കറങ്ങിയിരുന്നു.'എവിടെയെങ്കിലും ഒറ്റയ്ക്കുകിട്ടിയാൽ നബി(സ)തിരുമേനിയെ വധിക്കാൻ. അവിടന്ന് ഒറ്റയ്ക്ക് എവിടെയാണുണ്ടാകുക എന്ന് ആളുകളോടു ചോദിച്ചു. അർധരാത്രിക്കുശേഷം കഅ്ബാ ദേവാലയത്തിൽവന്ന് നമസ്കരിക്കാറുണ്ടെന്ന് ജനങ്ങൾ പറഞ്ഞു. ഹദ്റത്ത് ഉമർ അതുകേട്ട് വളരെ സന്തോഷിച്ചു. അങ്ങനെ കഅ്ബാദേവാലയത്തിൽ പോയി ഒളിച്ചിരുന്നു. അല്പം കഴിഞ്ഞപ്പോൾ

വനഭാഗത്തുനിന്ന് **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന ശബ്ദം കേൾക്കാൻ തുടങ്ങി. അത് നബി(സ) തിരുമേനിയുടെ ശബ്ദമായിരുന്നു. ആ ശബ്ദം തിരിച്ചറിഞ്ഞ്, ആ വ്യക്തി തന്റെ ഭാഗത്തേക്കുതന്നെയാണെന്ന് മനസ്സിലാക്കിയ ഉമർ കൂടുതൽ കരുതലോടെ ഒളിച്ചു. നബി(സ)തിരുമേനി സുജൂദിൽ വീഴുമ്പോൾ ആ ശിരസ്സ് ശരീരത്തിൽനിന്ന് വേർപെടുത്താമെന്ന് ഉമർ നിശ്ചയിച്ചു. നബി(സ)തിരുമേനി എത്തിയുടനെതന്നെ നമസ്കരിക്കാൻ തുടങ്ങി.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'തുടർന്നുള്ള സംഭവം ഹദ്റത്ത് ഉമർതന്നെ ഇങ്ങനെ വിവരിക്കുന്നു:'നബി(സ) തിരുമേനി സുജൂദിൽ അങ്ങേയറ്റം വിലപിച്ചുകൊണ്ടു ദുആ ചെയ്തു. അതുകൊണ്ട് എന്റെ ശരീരം വിറയ്ക്കാൻ തുടങ്ങി. അവിടന്ന് ഇപ്രകാരം പറഞ്ഞു: **സജദ ലക്ക റൂഹീ വ ജനാനീ** എന്റെ മൗലാ! എന്റെ ആത്മാവും ഹൃദയവും പോലും നിനക്കായി സാഷ്ടാംഗം ചെയ്യുന്നു.' ഹദ്റത്ത് ഉമർ(റ)പറയുന്നു: 'ഈ പ്രാർഥനകൾ കേട്ട് എന്റെ കരൾ പൊട്ടിപ്പിളരുന്നുണ്ടായിരുന്നു. അവസാനം ദൈവഭയത്താൽ എന്റെ കൈയിൽനിന്ന് വാൾ താഴെ വീണു. നബി(സ)തിരുമേനിയുടെ ഈ അവസ്ഥ കണ്ടപ്പോൾ ഞാൻ മനസ്സിലാക്കി, അവിടന്ന് സത്യവാനാണെന്ന്! എന്തുതന്നെയായാലും അദ്ദേഹം വിജയം വരിക്കുന്നതാണ്. എന്നാൽ, ദോഷപ്രവണമായ ആത്മാവ് അങ്ങേയറ്റം ദുഷിച്ചതാണ്.' കൂടെക്കൂടെ അത് മനസ്സിനെ ദോഷം ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. നബി(സ)തിരുമേനി അവിടെനിന്ന് മടങ്ങുമ്പോൾ ഞാനും പിന്നാലെ പോയി. എന്റെ കാലൊച്ച കേട്ട് ആരാണെന്ന് അവിടന്ന് ചോദിച്ചു. കൂരിരുട്ടായിരുന്നു. ഞാൻ പറഞ്ഞു:ഉമറാണ്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:'ഉമറേ!നീ എന്നെ രാത്രിയിലും വെറുതെ വിടുന്നില്ലല്ലോ?' നബി(സ)തിരുമേനിയുടെ ആത്മാവിൽനിന്ന് എനിക്ക് സുഗന്ധം വന്നു. അവിടന്ന് ശാപ പ്രാർഥനനടത്തുമെന്ന് എന്റെ മനസ്സ് മന്ത്രിച്ചു. ഞാൻ പറഞ്ഞു:'യാ ഹദ്റത്ത്! ശാപ പ്രാർഥന ചെയ്യരുതേ.' ഹദ്റത്ത് ഉമർ പറയുന്നു: ആ നിമിഷം എന്റെ ഇസ് ലാം സ്വീകാര്യതയുടേതായിരുന്നു. അങ്ങനെ അല്ലാഹു സൗഭാഗ്യം നല്കിയതിനാൽ ഞാൻ ഇസ്‌ലാം സ്വീകരിച്ചു. *(മൽഫൂദാത്ത് വാല്യം 2, പേജ് 180-181)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇതൊരു നിവേദനമാണ്. മറ്റൊരു സ്ഥലത്ത് ഇതിനെ വിശദീകരിച്ചുകൊണ്ട് ഒരു ഇടവേളയ്ക്കുശേഷം അവിടന്ന് വിശദീകരിച്ചു. അതും ഇതേ കാര്യതന്നെയാണ്. പക്ഷേ, അതിൽ അവസാനത്തിൽ ഒന്നുരണ്ടു വാക്കുകൾ അല്പം കൂടുതൽ വ്യത്യസ്തമായ ഫലമെടുത്തുകൊണ്ടുള്ളതാണ്. അവിടന്ന് പറയുന്നു: 'ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പേ ഹദ്റത്ത് ഉമർ(റ), അബൂജഹ്‌ലിനെ സന്ദർശിക്കാറുണ്ടിയിരുന്നുവെന്ന് രേഖപ്പെട്ടിട്ടുണ്ട്. അബൂജഹ്ൽ നബി(സ)തിരുമേനിയുടെ ജീവിതത്തിന് അന്ത്യം കുറിക്കണമെന്ന് നിശ്ചയിച്ചുറച്ച് ഒരു പദ്ധതി തയ്യാറാക്കി. അക്കാര്യത്തിന് പാരിതോഷികമെന്ന നിലയിൽ ഒരു തുകയും നിശ്ചയിച്ചു. ഇക്കാര്യത്തിന് ഹദ്റത്ത് ഉമർ തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം തന്റെ വാളിന് മൂർച്ച കൂട്ടി. തക്കം പാർത്തിരുന്നു. അവസാനം നബി(സ)തിരുമേനി അർധ രാത്രിയിൽ കഅ്ബാ ദേവാലയത്തിൽവന്ന് നമസ്കരിക്കാറുണ്ടെന്ന വിവരം ലഭിച്ചു. അങ്ങനെ ഉമർ കഅ്ബയിൽവന്ന് ഒളിച്ചിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ വനത്തിന്റെ ഉള്ളിൽനിന്ന് **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന ശബ്ദം ഉയർന്നു. ആ ശബ്ദം അടുത്തടുത്ത് വന്നു. അങ്ങനെ നബി(സ)തിരുമേനി കഅ്ബയിൽ പ്രവേശിച്ച് നമസ്കരിക്കാൻ തുടങ്ങി. ഹദ്റത്ത് ഉമർ പറയുന്നു: നബി(സ)തിരുമേനി സുജൂദിൽ കിടന്ന് എത്രമാത്രം പ്രാർഥിച്ചുവെന്നാൽ വാൾ ചുഴറ്റാനുള്ള എന്റെ ധൈര്യം ചോർന്നുപോയി. നബി(സ)തിരുമേനി മടങ്ങി. ഞാനും പിന്നാലെ പോയി. അവിടന്ന് എന്റെ കാൽപെരുമാറ്റം കേട്ടു. ആരാണതെന്ന് അവിടന്ന് ചോദിച്ചു. ഉമറാണെന്ന് ഞാൻ പറഞ്ഞു. അപ്പോൾ അവിടന്ന് പറഞ്ഞു:'ഉമറേ! രാത്രിയും പകലുമൊന്നും ഒഴിവാക്കുന്നില്ലല്ലോ?' ഹദ്റത്ത് ഉമർ പറയുന്നു:അപ്പോൾ അവിടന്ന് എനിക്കെതിരെ ശാപപ്രാർഥന നടത്തുമെന്ന് എനിക്കു തോന്നി. ഞാൻ പറഞ്ഞു: യാ ഹള്റത്ത്. ഇനി ഒരിക്കലും ഞാനങ്ങനെ ചെയ്യുകയില്ല. അറബികൾ തങ്ങളുടെ വാക്കു പാലിക്കുന്നതിൽ ഒരിക്കലും വീഴ്ച വരുത്തുമായിരുന്നില്ല. അതുകൊണ്ട് നബി(സ)തിരുമേനി അദ്ദേഹം പറഞ്ഞത് വിശ്വസിച്ചു. സത്യത്തിൽ ഹദ്റത്ത് ഉമറിന് അനുയോജ്യമായ നേരം വന്നെത്തിയിരുന്നു.' ഇക്കാര്യങ്ങൾ മുമ്പേ പറഞ്ഞ നിവേദനത്തിൽനിന്ന് അല്പം വ്യത്യസ്തമാണ്. 'അദ്ദേഹത്തെ അല്ലാഹു പാഴാക്കുകയില്ലെന്ന് നബി(സ)തിരുമേനിയുടെ മനസ്സിൽതോന്നി. അങ്ങനെ അവസാനം ഹദ്റത്ത് ഉമർ മുസൽമാനായി. പിന്നീട് അബൂജഹ്‌ലിനോടും മറ്റു എതിരാളികളോടുമുണ്ടായിരുന്ന സുഹൃത്ത് ബന്ധങ്ങൾ ഒറ്റ നിമിഷംകൊണ്ട് തകർന്നു. അവരുടെ സ്ഥാനത്ത് പുതിയൊരു സാഹോദര്യം സ്ഥാപിതമായി. ഹദ്റത്ത് അബൂബക്റിനേയും(റ) മറ്റുസ്വഹാബത്തിനേയും ലഭിച്ചു. പിന്നീട് ആ പഴയബന്ധങ്ങളെ പറ്റി ഓർമപോലും ഉണ്ടായിട്ടില്ല.'*(മൽഫൂദാത്ത് വാല്യം 3, പേജ് 340)*

മറ്റൊരിടത്ത് ഹദ്റത്ത് ഉമർ ഇസ്‌ലാം സ്വീകരിച്ച സംഭവം അതേ ശൈലിയിൽ അവതരിപ്പിച്ചുകൊണ്ട് ചിലവാക്കുകളിലുള്ള മാറ്റത്തോടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഹദ്റത്ത് ഉമർ(റ), നബി(സ)തിരുമേനിയെ വധിക്കാൻ പോയത് നിങ്ങൾ കേട്ടിരിക്കും. അബൂ ജഹ്ൽ പൊതുജനങ്ങളിൽ ഒരു വിളംബരം ചെയ്തിരുന്നു. ആരാണോ പ്രവാചകശ്രേഷ്ഠനെ വധിക്കുന്നത് അയാൾ ഒരുപാട് പാരിതോഷികങ്ങൾക്കും അന്തസ്സിനും അർഹനാകുന്നതാണ്. ഹദ്റത്ത് ഉമർ ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പേ അബൂജഹ്‌ലുമായി ഉടമ്പടി ഉണ്ടാക്കിയിരുന്നു. അദ്ദേഹം നബിയെ വധിക്കാൻ സന്നദ്ധനുമായിരുന്നു. പറ്റിയ സന്ദർഭം കാത്തിരിക്കുകയുമായിരുന്നു. അന്വേഷിച്ചപ്പോൾ അർധരാത്രി നബി(സ)തിരുമേനി കഅ്ബാ ദേവാലയത്തിൽവന്ന് നമസ്കരിക്കാറുണ്ടെന്ന് അറിയാൻ കഴിഞ്ഞു. ഇതുതന്നെ തക്കം എന്നു കരുതി സൂര്യാസ്തമയത്തിനുശേഷം ഉമർ കഅ്ബാദേവാലയത്തിലേക്ക് പോയി. അർധരാത്രി നേരത്ത് കാടിന്റെ ഇടയിൽനിന്ന് **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന ശബ്ദം കേട്ടുതുടങ്ങി. അവിടന്ന് സുജൂദിൽപോകുന്ന നേരത്ത് വധിച്ചുകളയാമെന്ന് ഉമർ തീരുമാനിച്ചു. നബി(സ)തിരുമേനി അങ്ങേയറ്റം വിലപിച്ച് പ്രാർഥിക്കാൻ തുടങ്ങി. സുജൂദിൽകിടന്നുള്ള നബി(സ)തിരുമേനിയുടെ രോദനം കേട്ട ഉമറിന്റെ ഹൃദയം വരിഞ്ഞു മുറുകി. അദ്ദേഹത്തിന്റെ ധൈര്യമെല്ലാം ചോർന്നുപോയി. വധിക്കാൻ ഉയർന്ന കൈകൾക്ക് ബലമില്ലാതായി. ഹദ്റത്ത് ഉമറിന്റെ ഹൃദയമലിഞ്ഞത് ഇപ്രകാരമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചത്. നമസ്കാരം പൂർത്തിയാക്കി നബി(സ)തിരുമേനി വീട്ടിലേക്ക് മടങ്ങുമ്പോൾ ഉമറും പിന്നാലെ പോയി. കാൽപെരുമാറ്റം കേട്ടപ്പോൾ നബി(സ)തിരുമേനി അതാരാണെന്ന് ചോദിച്ചു. ആളെ മനസ്സിലായപ്പോൾ 'ഉമറേ! എന്നെ വിടാൻ നിനക്കു ഉദ്ദേശ്യമില്ലേ എന്നു ചോദിച്ചു.' ഹദ്റത്ത് ഉമർ ശാപപ്രാർഥന ഭയന്ന് ഉടനെ പറഞ്ഞു: 'യാ ഹദ്റത്ത്! ഞാൻ വധശ്രമം ഉപേക്ഷിച്ചിരിക്കുന്നു. എനിക്കെതിരെ അങ്ങ് ശാപപ്രാർഥന ചെയ്യരുതേ!' ഹദ്റത്ത് ഉമർ ഇപ്രകാരം പറയാറുണ്ടായിരുന്നു: 'എനിക്ക് ഇസ്‌ലാമിനോടുള്ള സ്നേഹമുണ്ടായ ആദ്യ രാത്രിയായിരുന്നു അത്.'*(മൽഫൂദാത്ത് വാല്യം 7, പേജ് 61)*

ഇതു പറയുന്നതിനുവേണ്ടി ഇപ്പോൾ ഞാൻ മൂന്നു ഉദ്ധരണികൾ വായിച്ചു. ഒന്ന് 1901 ജനുവരിയിലേതാണ്. ഒന്ന് 1901 ആഗസ്റ്റിലേതാണ്. ഒന്ന് 1904 ജൂണിലേതാണ്. ചുരുക്കത്തിൽ മൂന്നിലും ഹദ്റത്ത് ഉമർ(റ) രാത്രിയിൽ നബി(സ)തിരുമേനിയെ വധിക്കാൻ കഅ്ബയിൽ പോയതായി പറയുന്നുണ്ട്. അതുകഴിഞ്ഞ് ചിലപ്പോൾ ദേഹേച്ഛകൾക്കടിപ്പെട്ടുകൊണ്ട് പകൽനേരത്തും ആക്രമണബുദ്ധ്യാ ഇറങ്ങിയിട്ടുണ്ടാകും. അളിയന്റേയും സഹോദരിയുടേയും സംഭവം സാധാരണ പറയപ്പെടുന്നതാണ്. പക്ഷേ, എന്തായാലും അവിടന്ന് മൂന്നുപ്രാവശ്യവും ഇതാണ് പറഞ്ഞത്; ഇതുണ്ടായെന്ന്. കാരണം നഫ്സ് അമ്മാറ അഥവാ ദോഷപ്രവണമായ ആത്മാവിനെക്കുറിച്ചും അവിടന്ന് പറഞ്ഞു. പിന്നീട് ഒരു ആവേശമുണ്ടായപ്പോൾ ഇറങ്ങി പുറപ്പെട്ടതാകാനും ഇടയുണ്ട്. എന്തായാലും സഹോദരിയുടേയും അളിയന്റേയും സംഭവമായാലും രാത്രിയിൽ വധിക്കാൻ പോയ സംഭവമായാലും രണ്ടു സംഭവങ്ങളിലും അബൂജഹ്ൽ പ്രകോപിപ്പിച്ചതുകൊണ്ടും സമ്മാനം നിശ്ചയിച്ചതുകൊണ്ടുമാണ് ഹദ്റത്ത് ഉമർ(റ)അത് തീരുമാനിച്ചത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'അബൂജഹ്ൽ ഫിർഔൻ എന്ന് പറയപ്പെട്ടിരിക്കുന്നു. എന്നാൽ, എന്റെ നോട്ടത്തിൽ അബൂജഹ്ൽ, ഫിർഔനെക്കാൾ വമ്പനാണ്. ഫിർഔൻ അവസാനം എന്തായാലും പറഞ്ഞു: **ആമൻതു അന്നഹൂ ലാ ഇലാഹ ഇല്ലല്ലദീ ആമനത്ത് ബിഹീ ബനൂഇസ് റാഈല**(10:91). പക്ഷേ, ഇയാൾ അവസാനംവരെ വിശ്വസിച്ചില്ല. മക്കയിലെ എല്ലാ കുഴപ്പവും ഇയാളുടേതായിരുന്നു. വലിയ അഹങ്കാരിയും അഹംഭാവിയും, മാഹാത്മ്യവും മാന്യതയും ആഗ്രഹിച്ചിരുന്ന ആളുമായിരുന്നു. അയാളുടെ ശരിയായ പേര് അംറ് എന്നായിരുന്നു. ഈ രണ്ടുപേരും അതായത് ഉമറും അംറും മക്കയിൽത്തന്നെയായിരുന്നു. ദൈവയുക്തി ഒരു ഉമറിനെ തന്നിലേക്ക് വലിച്ചടുപ്പിച്ചു. മറ്റെ അംറ് ദൗർഭാഗ്യനുമായി. അയാളുടെ ആത്മാവ് നരകത്തിൽ കത്തിജ്വലിച്ചു. ഹദ്റത്ത് ഉമർ ശാഠ്യം ഉപേക്ഷിച്ചുകൊണ്ട് രാജാവായി. ഹദ്റത്ത് ഇബ്നു ഉമർ(റ)വിവരിക്കുന്നു: 'ഹദ്റത്ത് ഉമർ ഇസ്‌ലാം സ്വീകരിച്ചപ്പോൾ നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ നെഞ്ചിൽ മൂന്നുതവണ കൈയടിച്ചുകൊണ്ട്, **അല്ലാഹുമ്മ അഖ്രിജ് മാ ഫീ സ്വദ്രിഹീ മിൻ ഗില്ലിൻ വ അബ്ദിൽഹു ഈമാനൻ** 'അല്ലാഹുവേ! ഇദ്ദേഹത്തിന്റെ നെഞ്ചിൽ എന്തെങ്കിലും വെറുപ്പുണ്ടെങ്കിൽ അത് അകറ്റിയാലും. അതിനെ ഈമാൻകൊണ്ട് മാറ്റിയാലും.' നബി(സ)തിരുമേനി ഈ ദുആ മൂന്നു പ്രാവശ്യം ചെയ്തു.*(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, ഭാഗം 3, പേജ് 237, ബാബ് ഉമറുബ്നുൽഖത്ത്വാബ്(റ) ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2002)*

*ഹദ്റത്ത് ഉമറി*ന്റെ ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പേയുള്ള ജീവിതം നമ്മൾ കണ്ടു. ഇസ്‌ലാമിൽ ചേരുന്നതിനുമുമ്പേ അദ്ദേഹം മുസ്‌ലിമീങ്ങളെ ശക്തമായി എതിർത്തിരുന്നു. എന്നാൽ, അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ അത് മുസ്‌ലിമീങ്ങൾക്ക് വിജയത്തിനും ദുരിതങ്ങളിൽനിന്നുള്ള മോചനത്തിനും കാരണമായി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)വിവരിക്കുന്നു: 'ഹദ്റത്ത് ഉമർ വിശ്വസിക്കുന്നതുവരെ ഞങ്ങൾ പരസ്യമായി അല്ലാഹുവിന് ആരാധ

ന നടത്തിയിരുന്നില്ല.' *(അൽഇസ്വബ ഫീ തമീ സിസ്സഹാബ, ഭാഗം 4, പേജ് 484, ദിക്റു ഉമറു ബ്നുൽഖത്താബ്(റ), ദാറുൽകുതുബുൽ ഇൽ മിയ്യ ബെയ്റത്ത് 2005)*

അബ്ദുർറഹ്മാൻ ബിൻ ഹാരിഥ് വിവരിക്കുന്നു. ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'മക്കക്കാരിൽ നബി (സ)തിരുമേനിയെ ഏറ്റവുമധികം എതിർക്കുന്ന ശത്രുവിന്റെ അടുത്തുപോകണമെന്നും ഞാൻ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നുവെന്ന് അയാളോടു പറയണമെന്നും ഇസ്‌ലാം സ്വീകരിച്ച രാത്രി ഞാൻ വിചാരിച്ചു. ഹദ്റത്ത് ഉമർ(റ) കരുതി അത് അബൂജഹ്ൽ തന്നെയാണെന്ന്. ഹദ്റത്ത് ഉമർ(റ)പറയുന്നു: രാവിലെതന്നെ ഞാൻ അയാളുടെ അടുത്തുപോയി. അയാളുടെ വീടിന്റെ കതകിൽമുട്ടി. അദ്ദേഹം പറയുന്നു: അബൂജഹ്ൽ എന്റേയടുത്ത് വന്നിട്ട് പറഞ്ഞു:'എന്റെ സഹോദര പുത്രാ സ്വാഗതം!' ഹദ്റത്ത് ഉമറിനോടാണ് പറയുന്നത്. എന്റെ സഹോദരപുത്രാ നിനക്കു സ്വാഗതം. എന്തിനാണ് നീ വന്നിരിക്കുന്നത്. ഹദ്റത്ത് ഉമർ പറയുന്നു: ഞാൻ പറഞ്ഞു, അല്ലാഹുവിലും അവന്റെ റസൂലിലും ഈമാൻകൊണ്ടിരിക്കുന്നുവെന്ന് താങ്കളോടു പറയാനാണ് ഞാൻ വന്നിരിക്കുന്നത്. അതുപോലെ അദ്ദേഹം കൊണ്ടുവന്ന ഖുർആനിനെ ഞാൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് ഉമർ പറയുന്നു:അയാൾ എന്നിൽ വാതിൽകൊട്ടിയടച്ചു. എന്നിട്ട് പറഞ്ഞു:അല്ലാഹു നിന്നേയും നീ കൊണ്ടുവന്ന കാര്യത്തേയും നശിപ്പിക്കട്ടെ. ഇത് അബൂജഹ്‌ലിന്റെ വാക്കുകളാണ്. *(സീറത്ത് ഇബ്നുഹിശാം, പേജ് 162, ദിക്റു ഇസ്‌ലാം ഉമറുബ്നു ഖത്ത്വാബ്(റ), ദാറു ഇബ്നു ഹസം ബെയ്റുത്ത് 2009)*

ഹദ്റത്ത് ഇബ്നു ഉമർ വിവരിക്കുന്നു: എന്റെ പിതാവ് ഇസ്‌ലാം സ്വീകരിച്ചപ്പോൾ ജനങ്ങളോടു ചോദിച്ചു, ഖുറയ്ശികളിൽ ഏറ്റവുമധികം വാർത്തകൾ പ്രചരിപ്പിക്കുന്ന ശീലം ആർക്കാണുള്ളത്? അവർ ജമീൽ ബിൻ മഅ്മറിന്റെ പേര് പറഞ്ഞുകൊടുത്തു. ഹദ്റത്ത് ഇബ്നു ഉമർ പറയുന്നു: അതിരാവിലെതന്നെ അദ്ദേഹം അയാളുടെ അടുത്തുപോയി. ഞാനും അദ്ദേഹത്തിന്റെ പിന്നാലെ പോയി. എന്താണ് അദ്ദേഹം ചെയ്യുന്നതെന്ന് ഞാൻ നോക്കുകയായിരുന്നു. ഞാൻ ചെറുപ്പമായിരുന്നു. പക്ഷേ, കാണുന്നത് മനസ്സിലാക്കിയിരുന്നു. ഇത് ഇബ്നു ഉമർ പറയുകയാണ്. അങ്ങനെ അദ്ദേഹം അയാളുടെ അടുത്തെത്തി അയാളോടു പറഞ്ഞു:ജമീലേ!ഞാൻ ഇസ്‌ലാം സ്വീകരിച്ചതും മുഹമ്മദ് (സ)ന്റെ മതത്തിൽ പ്രവേശിച്ചുകഴിഞ്ഞതും താങ്കൾക്കറിയുമോ? ഹദ്റത്ത് ഇബ്നു ഉമർ പറയുന്നു:'അല്ലാഹുവാണ! അദ്ദേഹം ഇക്കാര്യം ആവർത്തിച്ച് പറഞ്ഞിരുന്നില്ല. അതായത് വീണ്ടും പറയേണ്ട ആവശ്യം വന്നില്ല. അയാൾ തന്റെ പുതപ്പ് വലിച്ചിഴച്ചുകൊണ്ട് ഇറങ്ങിപുറപ്പെട്ടു. ഹദ്റത്ത് ഉമറും അയാളുടെ പിന്നാലെ നടന്നു. ഹദ്റത്ത് ഇബ്നു ഉമർ പറയുന്നു: ഞാനും എന്റെ പിതാവിന്റെ പിന്നാലെ നടന്നു. അങ്ങനെ ജമീൽ കഅ്ബാ ദേവാലയത്തിന്റെ വാതിൽക്കൽ എഴുന്നേറ്റുനിന്നു. പിന്നീട് ഉച്ചത്തിൽ ഗർജിച്ചു. അയാൾ കഅ്ബാദേവാലയത്തിന്റെ വാതിൽക്കൽനിന്ന് ഇങ്ങനെ വിളംബരം ചെയ്തു: കഅ്ബയുടെ ചുറ്റുവട്ടത്തും സഭ കൂടിയിരുന്ന ആളുകൾ അയാളുടെ നേരെ ശ്രദ്ധ തിരിച്ചു. അയാൾ പറഞ്ഞു: 'ഖുറയ്ശീ സംഘമേ! കേട്ടുകൊള്ളുക. ഉമർ ബിൻ ഖത്ത്വാബ് സ്വാബിയായിരിക്കുന്നു.' നിവേദകൻ പറയുന്നു:'അയാൾ കളവാണ് പറയുന്നതെന്നും, താൻ സ്വാബിയായിട്ടില്ലെന്നും, താൻ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നുവെന്നും അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് (സ)അവന്റെ റസൂലാണെന്ന് സാക്ഷ്യം വഹിച്ചിരിക്കുന്നുവെന്നും ഹദ്റത്ത് ഉമർ(റ) പിന്നിൽനിന്ന് പറയുന്നുണ്ടായിരുന്നു. പിന്നീട് ഖുറയ്ശികൾ അദ്ദേഹത്തിനുമേൽ ചാടിവീണു. അവിടന്ന് അവരോടും അവർ അദ്ദേഹത്തോടും അടിച്ചുകൊണ്ടിരുന്നു. അതായത് പിന്നീട് തമ്മിൽത്തല്ല് നടന്നുകൊണ്ടിരുന്നു. അങ്ങനെ സൂര്യൻ അവരുടെ തലയ്ക്കുമീതെ വന്നു. നിവേദകൻ പറഞ്ഞു:അവിടന്ന് ക്ഷീണിതനായി. അതായത് ഹദ്റത്ത് ഉമർ ക്ഷീണിച്ചപ്പോൾ ഇരുന്നു. ആളുകൾ അദ്ദേഹത്തിന്റെ തലയുടെ ഭാഗത്ത് നിന്നു. അവിടന്ന് പറയുന്നുണ്ടായിരുന്നു, നിങ്ങൾക്കു വേണ്ടതു ചെയ്യാം, ഞാൻ അല്ലാഹുവിനെ സത്യം ചെയ്തു പറയുന്നു, ഞങ്ങൾ 300 പുരുഷന്മാരായാൽ ഞങ്ങൾ ഇതിനെ അതായത് മക്കയെ നിങ്ങൾക്കുവേണ്ടി ഉപേക്ഷിക്കുന്നതായിരിക്കും. അല്ലെങ്കിൽ നിങ്ങൾ ഇതിനെ ഞങ്ങൾക്കായി ഉപേക്ഷിക്കും. അതായത് ഞങ്ങൾ സ്വതന്ത്രമായി എല്ലാ കാര്യങ്ങളും ചെയ്യും. നിവേദകൻ പറഞ്ഞു:ആ ആളുകൾ ഈ അവസ്ഥയിലായിരുന്നപ്പോൾ ഖുറയ്ശികളിൽനിന്നുള്ള ഒരു വൃദ്ധൻ വന്നു. അയാൾ യമനീ തുണികൊണ്ടുള്ള പുതിയപട്ടുവസ്ത്രവും ചിത്രപ്പണി ചെയ്തിട്ടുള്ള കുപ്പായവും അണിഞ്ഞിരുന്നു. അയാൾ അവരുടെ അടുക്കൽ വന്നുനിന്നു. എന്നിട്ടു നിങ്ങളുടെ പ്രശ്നമെന്താണെന്ന് ചോദിച്ചു. ഉമർ സ്വാബിയായിരിക്കുന്നുവെന്ന് അവർ പറഞ്ഞു. അതുകൊണ്ടെന്താണ് അയാൾ ചോദിച്ചു. ഒരാൾ തനിക്കുവേണ്ടി ഒരു കാര്യം സ്വീകരിച്ചു. പിന്നീട് നിങ്ങളെന്താണ് ആഗ്രഹിക്കുന്നത്? ബനൂ അദിയ്യ് ബിൻ കഅ്ബ് തന്റെ ആളെ ഇങ്ങനെ നിങ്ങൾക്ക് ഏല്പിച്ചു തരുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അയാളെ വിട്ടയക്കുക. നിവേദകൻ പറയുന്നു:അല്ലാഹുവാണ!പിന്നീട് അവർ ക്ഷണത്തിൽ പിരിഞ്ഞുപോയി. ഹദ്റത്ത് ഉമറിന്റെ മകൻ ഇബ്നു ഉമർ പറയുന്നു:ഞാൻ എന്റെ പിതാവിനോടു അതായത് അദ്ദേഹത്തിന്റെ പിതാവിനോടു ചോദിച്ചു, എന്റെ പിതാവേ!മക്കയിൽ അങ്ങ് ഇസ്‌ലാം സ്വീകരിച്ച ദിവസം, താങ്കളുമായി വഴക്കിട്ടവരെ പെട്ടെന്ന് താങ്കളിൽനിന്ന് അകറ്റിയ ആ വ്യക്തിയാരാണ്? അദ്ദേഹം പറഞ്ഞു: എന്റെ പ്രിയ മകനേ!അത് ആസ് ബിൻ വാഇൽ സുഹ്മിയായിരുന്നു.'*(സീറത്ത് ഇബ്നു ഹിശാം, പേജ് 161-162,ദിക്റു ഇസ്‌ലാം ഉമറുബ്നു ഖത്ത്വാബ്(റ), ദാറു ഇബ്നു ഹസം ബെയ്റുത്ത് 2009)*

ബുഖാരിയിലും ഇങ്ങനെയൊരു നിവേദനമുണ്ട്. ഹദ്റത്ത് ഇബ്നു ഉമർ(റ)വിവരിക്കുന്നു: ഒരിക്കൽ ഉമർ സ്വന്തം വീട്ടിൽ ഭയന്നിരിക്കുകയായിരുന്നു. ആ സമയം അബൂ അംറ് ആസ് ബിൻ വാഇൽ സുഹ്മി അവിടെ വന്നു. അദ്ദേഹം യമനിൽ നിർമിച്ച ഒരു പട്ടു വസ്ത്രമാണ് ധരിച്ചിരുന്നത്. അദ്ദേഹം സുഹ്മീ ഗോത്രക്കാരനായിരുന്നു. ജാഹ്‌ലിയ്യ കാലഘട്ടത്തിൽ ഞങ്ങളുടെ സഖ്യഗോത്രമായിരുന്നു അത്. ആസ്, ഹദ്റത്ത് ഉമറിനോടു താങ്കളുടെ വിശേഷമെന്താണെന്ന് ചോദിച്ചു. ഹദ്റത്ത് ഉമർ പറഞ്ഞു, താങ്കളുടെ ജനത വിചാരിക്കുന്നത് ഞാൻ മുസ്‌ലിമായതുകൊണ്ട് എന്നെ കൊന്നിടണമെന്നാണ്. അദ്ദേഹം പറഞ്ഞു, താങ്കളുടെ അടുത്ത് ആരും എത്തുകയില്ല. ആസ് ഇതു പറഞ്ഞപ്പോൾ എനിക്കു സമാധാനമായി. ആസ് പോയി. ആളുകളെ കണ്ടു. മക്ക താഴ്‌വര അവരെക്കൊണ്ട് നിറഞ്ഞിരുന്ന അവസ്ഥയായിരുന്നു. ആസ് ചോദിച്ചു എവിടേക്കാണ് പോകുന്നത്? ഖത്വാബിന്റെ മകൻ മതമില്ലാത്തവനായിരിക്കുന്നു, ഞങ്ങൾ അവന്റെ അടുത്തു പോകുകയാണ്. അദ്ദേഹം പറഞ്ഞു, അവന്റെ അടുത്ത് പോകണ്ട. ഇതുകേട്ട് അവർ മടങ്ങിപ്പോയി. *(സ്വഹീഹുൽബുഖാരി, കിതാബു മനാഖിബുൽ അൻസ്വാർ, ബാബു ഇസ്‌ലാം ഉമറുബ്നുൽഖത്താബ്(റ),ഹദീഥ് നമ്പർ 3864)*

ഹദ്റത്ത് ഉമർ(റ) ഭയന്നിരുന്നു എന്ന റിപ്പോർട്ട് ശരിയാണെന്ന് തോന്നുന്നില്ല. അത് ഉമറിന്റെ പ്രകൃതത്തിന് വിരുദ്ധമാണ്. ചിലപ്പോൾ വ്യാകുലതകളുടെ ലക്ഷണംകണ്ട് നിവേദകൻ ഭയന്നുവെന്ന് മനസ്സിലാക്കിയതാകാം. കുറച്ചു കാലത്തിനുശേഷം ഹദ്റത്ത് ഉമർ ഈ അഭയം തിരികെ നല്കുകയും ചെയ്തുവെന്ന് മുമ്പേയും ഒരു നിവേദനത്തിൽ വന്നു കഴിഞ്ഞിട്ടുള്ളതാണ്. ഇതിന്റെ വർണന ഇനിയും ലഭിക്കുന്നതാണ്. ഹദ്റത്ത് ഉമറിന്റെ ഇസ്‌ലാം സ്വീകരണത്തിന്റെ വിവരണത്തിൽ ആസ് ബിൻ വാഇൽ സുഹ്മിയെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് എഴുതുന്നു: ഹദ്റത്ത് ഉമർ ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പേ കുറച്ചുപേർ വിശ്വസിച്ചിരുന്നു. അവരുടെമേൽ അക്രമങ്ങൾ ചെയ്തിരുന്നു. ആസ് ബിൻ വാഇൽ സുഹ്മി അദ്ദേഹത്തിന് അഭയം നല്കുന്നുവെന്ന് വിളംബരം ചെയ്തിരുന്നില്ലെങ്കിൽ അദ്ദേഹവും മുസ്‌ലിമായതുകൊണ്ട് കടുത്ത ഉപദ്രവങ്ങൾക്ക് പാത്രമാകുമായിരുന്നുവെന്നും പറയപ്പെട്ടിരിക്കുന്നു. ആസ് ബിൻ വാഇൽ ഖുറയ്ശികളിലെ ആദരണീയരായ വ്യക്തികളിൽപ്പെട്ടയാളായിരുന്നു. സുഹ്മ് ഗോത്രത്തിൽനിന്നുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ വംശാവലി ഇങ്ങനെയാണ്. ആസ് ബിൻ വാഇൽ ബിൻ ഹാശിം ബിൻ സയീദ് ബിൻ സുഹ്മ്. ഹിജ്റത്തിനു മുമ്പേ കുഫ്റിന്റെ അവസ്ഥയിൽത്തന്നെ മരിച്ചു. ഹദ്റത്ത് ഉമർ ബനൂ അദിയ്യ് കുടുംബത്തിൽ നിന്നുള്ളയാളായിരുന്നു. ബനൂ അദിയ്യിന്റേയും ബനൂ സുഹ്മിന്റേയും കുടുംബം പരസ്പരം സഖ്യകക്ഷിയായിരുന്നു. ഈ ഉടമ്പടിയുടേയും സുഹൃത്ബന്ധത്തിന്റേയും സഹായത്തിന്റേയും കാരണത്താലാണ് ആസ് ബിൻ വാഇൽ, ഉമറിനെ സഹായിക്കേണ്ടത് തന്റെ ധാർമികപരമായ കടമയാണെന്ന് മനസ്സിലാക്കിയത്.*(സ്വഹീഹുൽബുഖാരി(മുത്തർജിം), കിതാബു മനാഖിബുൽഅൻസ്വാർ, ബാബു ഇസ്‌ലാം ഉമറുബ്നുൽ ഖത്ത്വാബ്(റ), വാള്യം 7, പേജ് 346-347)*

ഞാൻ മുമ്പേ പറഞ്ഞതുപോലെ ഉമർ, ആസ് ബിൻ വാഇലിന്റെ അഭയം മടക്കിയിരുന്നു. ഇതുസംബന്ധമായി ഹദ്റത്ത് ഉമർ(റ) തന്നെ പറയുന്നു: ഏതെങ്കിലും മുസ്‌ലിം മർദിക്കപ്പെടുന്നതു കാണുകയും എനിക്ക് മർദനം ഏൽക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നത് ഞാനൊരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹം പറയുന്നു; മറ്റു മുസ്‌ലിമീങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ എനിക്കും ലഭിക്കുന്നതിൽ ഒരു പ്രശ്നവുമില്ലെന്ന് ഞാൻ കരുതി. അക്കൂട്ടർ കഅ്ബയിൽ ഒരുമിച്ചു കൂടുന്നതുവരെ ഞാൻ കാത്തിരുന്നു. ഞാനെന്റെ അമ്മാവനായ ആസ് ബിൻ വാഇലിന്റെ അടുത്തുചെന്നു പറഞ്ഞു: ഞാനൊരു കാര്യം പറയട്ടെ. എന്താണതെന്ന് അദ്ദേഹം ചോദിച്ചു. പറയാൻ പറഞ്ഞു: ഹ്ദറത്ത് ഉമർ പറഞ്ഞു:താങ്കൾ എനിക്കു നല്കിയ അഭയം താങ്കൾക്ക് തിരി കെ നല്കുന്നു. അദ്ദേഹം പറഞ്ഞു: എന്റെ മകനേ അങ്ങനെ ചെയ്യരുത്. ഹദ്റത്ത് ഉമർ പറഞ്ഞു: അല്ല അത് അങ്ങനെതന്നെയാണ് വേണ്ടത്. അപ്പോൾ അദ്ദേഹം പറഞ്ഞു, നീ ആഗ്രഹിക്കുന്നതുപോലെ നടക്കട്ടെ. ഹദ്റത്ത് ഉമർ പറയുന്നു: ഞാൻ അഭയം മടക്കിയതിനുശേഷം ഇ സ്‌ലാമിന് അല്ലാഹു അന്തസ് നല്കുന്നതുവരെ അടികൊള്ളുകയും കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. *(ഉസുദുൽഗാബ വാള്യം 4, പേജ് 141, ഉമറുബ്നുൽ ഖത്ത്വാബ്(റ), ദാറുൽ കുതുബുൽഇൽമിയ്യ 2003)*

ഹദ്റത്ത് മുഹമ്മദ് ബിൻ ഉബയ്ദ് വിവരിക്കുന്നു: ‘എനിക്കോർമയുണ്ട്. ഹദ്റത്ത് ഉമർ(റ) ഇസ്ലാം സ്വീകരിക്കുന്നതുവരെ ബയ്ത്തുല്ലായിൽ ഞങ്ങൾക്ക് നമസ്കരിക്കാൻ സാധിച്ചിട്ടില്ല. ഹദ്റത്ത് ഉമർ ഇസ്ലാം സ്വീകരിച്ചപ്പോൾ അവിടന്ന് അവിശ്വാസികളുമായി പോരാടി. അങ്ങനെ അവർ ഞങ്ങളെ വിട്ടുപോകുകയും ഞങ്ങൾ നമസ്കരിക്കാൻ തുടങ്ങുകയും ചെയ്തു.’*(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 143, ഇസ്ലാം ഉമർ(റ), പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബെയ്റൂത്ത് 1996)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറയുന്നു: ഹദ്റത്ത് ഉമർ(റ)ഇസ്ലാം സ്വീകരിച്ചതു മുതൽ ഞങ്ങൾ അന്തസോടെ ജീവിച്ചു. *(സ്വഹീഹുൽബുഖാരി, കിതാബുൽഫളാഇൽ അസ്ഹാബുന്നബി, ബാബു ഹദ്റത്ത് ഉമർ(റ), ഹദീഥ് നമ്പർ 3684)*

പിന്നീടുണ്ടായിരുന്ന അതിക്രമങ്ങൾ തുടർന്നുകൊണ്ടിരുന്നു. പക്ഷേ, ആദ്യമുണ്ടായിരുന്ന അതിക്രമങ്ങളെ അപേക്ഷിച്ച് ഇവർ ഈ അതിക്രമങ്ങളെ അതിക്രമങ്ങളായി കരുതിയിരുന്നില്ല. വാസ്തവത്തിൽ ചരിത്രം പറയുന്നത് ഹദ്റത്ത് ഉമറിനുതന്നെയും അതിക്രമങ്ങൾ സഹക്കേണ്ടി വന്നിട്ടുണ്ടെന്നാണ്.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹിശാം വിവരിക്കുന്നു: ഞങ്ങൾ നബി(സ)തിരുമേനിയോടൊപ്പമായിരുന്നു. അവിടന്ന് ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിന്റെ കൈ താങ്ങിയിരുന്നു. ഹദ്റത്ത് ഉമർ നബി(സ)തിരുമേനിയോടു പറഞ്ഞു: ‘യാ റസൂലല്ലാഹ്! അങ്ങ് എനിക്ക് എല്ലാ വസ്തുക്കളെക്കാളും പ്രിയങ്കരനാണ്; എന്റെ നഫ്സൊഴികെ.’ നബി(സ)തിരുമേനി ഉമറിനോടു പറഞ്ഞു: ‘അങ്ങനെയല്ല. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! താങ്കളുടെ നഫ്സിനെക്കാളേറെ താങ്കൾ എനിക്ക് പ്രിയപ്പെട്ടവനാകാത്തിടത്തോളം താങ്കളുടെ ഈമാൻ സമ്പൂർണമാകുകയില്ല. ഇതു വളരെ അത്യാവശ്യകാര്യമാണ്.’ ഹദ്റത്ത് ഉമർ(റ), നബി(സ)തിരുമേനിയോടു പറഞ്ഞു:‘അല്ലാഹുവാണ!ഇപ്പോൾ അങ്ങ് എനിക്ക് എന്റെ നഫ്സിനെക്കാൾ പ്രിയപ്പെട്ടവനായിരിക്കുന്നു.’ നബി(സ)തിരുമേനി പറഞ്ഞു:‘അതേ! ഇപ്പോഴാണ് ഉമർ ഉമറായത്. ഇപ്പോഴാണ് ഉമർ ഉമറായത്.’*(സ്വഹീഹുൽബുഖാരി, കിതാബുൽഈമാൻ വന്നുദൂർ, ബാബു കയ്ഫ കാനത്ത് യമീനുന്നബിയ്യി(സ) ഹദീഥ് നമ്പർ 6632)*

അതായത് ഇപ്പോൾ ശരിയായി. ഇതാണ് ഈമാനിന്റെ അവസ്ഥ

ഹദ്റത്ത് ഉമർ(റ)മദീനയിലേക്ക് ഹിജ്റ പോയതിനെ പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ)പറയുന്നു: എന്നോട് ഹദ്റത്ത് അലിയ്യ് ബിൻ അബൂത്വാലിബ് പറഞ്ഞു: ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് അല്ലാതെ ഒരു മുഹാജിറും പരസ്യമായി ഹിജ്റ പോയതായി എനിക്ക് അറിയില്ല. അദ്ദേഹം ഹിജ്റത്ത് ചെയ്യാൻ തീരുമാനിച്ചപ്പോൾ തന്റെ വാൾ തൂക്കിയിട്ടു. ചുമലിൽ തന്റെ വില്ല്വെച്ചു. അമ്പ് കൈയിലെടുത്തു. കുന്തം പിടിച്ചുകൊണ്ട് കഅ്ബയുടെ ഭാഗത്തേക്ക് പോയി. ഖുറയ്ശിലെ നേതാക്കന്മാർ അതിന്റെ മുറ്റത്തുണ്ടായിരുന്നു. അവിടന്ന് സംയമനത്തോടുകൂടി കഅ്ബയെ ഏഴു വട്ടം പ്രദിക്ഷണം ചെയ്തു. പിന്നീട് അവിടന്ന് മഖാമെ ഇബ്റാഹീമിൽ വന്നു. സമാധാനത്തോടെ നമസ്കരിച്ചു. എന്നിട്ട് എല്ലാ സംഘത്തിന്റേയും അടുത്ത് വെവ്വേറെ പോയി നിന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു: എന്നെ ഈ താഴ്വരയ്ക്കപ്പുറം(മദീനയിൽവച്ച് യുദ്ധത്തിനായി) കാണണമെന്ന് ആഗ്രഹിക്കുന്നവരുടെ മുഖം വികൃതമാകട്ടെ. അല്ലാഹു അവരെ നിന്ദിതരാക്കുമാറാകട്ടെ. തങ്ങളുടെ മാതാക്കൾ തങ്ങൾക്ക് നഷ്ടപ്പെടണമെന്നും തങ്ങളുടെ ഭാര്യമാർ വിധവകളാകണമെന്നും തങ്ങളുടെ മക്കൾ അനാഥരാകണമെന്നുമാഗ്രഹിക്കുന്നവർ ഈ താഴ്വരയുടെ മറുകരയിൽ എന്നെ കാണുക. ഹദ്റത്ത് അലി(റ)പറയുന്നു:ദുർബലരായ കുറച്ചു മുസ്ലിമീങ്ങളല്ലാതെ മറ്റാരും ഹദ്റത്ത് ഉമറിനെ പിന്തുടർന്നില്ല. അദ്ദേഹം അവർക്ക് വിവരങ്ങൾ ലഭ്യമാക്കി. അവർക്ക് മാർഗദർശനം നല്കുകയും ചെയ്തു. പിന്നീട് തന്റെ വഴിയിലൂടെ നീങ്ങി. *(ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ, വാള്യം 3, പേജ് 648-649, ഉമറുബ്നുൽ ഖത്ത്വാബ്(റ), പ്രസാധകർ ദാറുൽഫിക്ർ ബെയ്റൂത്ത് 2003)*

ഹദ്റത്ത് ഉമർ(റ) ഇപ്രകാരം തുറന്ന നിലയിൽ ഹിജ്റത്ത് ചെയ്തതിനെക്കുറിച്ച് ഹദ്റത്ത് അലിയുടെ ഒരു നിവേദനം മാത്രമാണുള്ളത്. എന്നാൽ, ചരിത്രരചയിതാക്കളിൽ മിക്കവരും ഇതിൽ ഭിന്നാഭിപ്രായക്കാരാണ്. മുഹമ്മദ് ഹുസയ്ൻ ഹയ്ക്കൾ ഹദ്റത്ത് ഉമറിന്റെ ജീവിതചരിത്രസംബന്ധമായി ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിൽ അദ്ദേഹം ഇതേ കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. നബി(സ)തിരുമേനി ഹിജ്റത്തിനുള്ള കല്പന പുറപ്പെടുവിച്ചപ്പോൾ ആരോടും പറയാതേയും ആരും അറിയാതേയും രഹസ്യസ്വഭാവത്തോടെ പുറപ്പെട്ടുവരണമെന്നായിരുന്നു. ശത്രുക്കൾക്ക് വിവരം ലഭിക്കരുതെന്ന ഉദ്ദേശ്യത്തോടെയായിരുന്നു അത്. അറിഞ്ഞാൽ അവർ തടസ്സങ്ങൾ സൃഷ്ടിക്കുകയും കൂടുതൽ ബുദ്ധിമുട്ടിക്കുകയും ചെയ്യുമായിരുന്നു. ഇത്രയും വ്യക്തമായ കല്പന നിലവിലിരിക്കെ ഹദ്റത്ത് ഉമറിന് എങ്ങനെ അത് ധിക്കരിച്ച് പുറപ്പെടാനാകും? ത്വബഖാത്ത് ഇബ്നു സഅ്ദിലും ഇബ്നു ഹിശാമിലും വിശദമായും എഴുതിയിരിക്കുന്നു, ഹദ്റത്ത് ഉമറും മറ്റു മുസ്ലിമീങ്ങളെപ്പോലെ രഹസ്യമായാണ് ഹിജ്റത്ത് ചെയ്തതെന്ന്. എന്തായാലും ഹദ്റത്ത് അലിയുടെ നിവേദനത്തെ എങ്ങനെയെങ്കിലും ശരിയാണെന്ന് തോന്നുന്നുവെങ്കിൽ, ഹിജ്റത്ത് ചെയ്യാത്ത ഏതെങ്കിലും നേരത്ത് അങ്ങനെ നിന്ന് വിളംബരം ചെയ്തിട്ടുണ്ടാകും എന്ന് വേണമെങ്കിൽ പറയാം. കഅ്ബയിൽനിന്നുകൊണ്ട് നേതാക്കന്മാരുടെ മുമ്പിൽ താൻ പോകുന്നു തന്നെ തടഞ്ഞുകൊള്ളുക എന്ന് വിളംബരം ചെയ്തത് ആകാം. പക്ഷേ, ആയിടയ്ക്ക് ഹിജ്റത്ത് ചെയ്തിട്ടുണ്ടാവില്ല. ഹിജ്റത്തിന്റെ പരിപാടി തയ്യാറായപ്പോൾ ആരുമറിയാതെ ഹിജ്റത്ത് ചെയ്തു. എന്തായാലും ഹയ്ക്കൾ പറഞ്ഞ ഇക്കാര്യം ഘനം ഉൾക്കൊള്ളുന്നതാണ്. ഞാൻ പറഞ്ഞതുപോലെ ത്വബഖാത്ത് ഇബ്നു സഅ്ദിലും ഇബ്നുഹിശാമിലും ഇങ്ങനെത്തന്നെയാണ് എഴുതിയിട്ടുള്ളത്. തോന്നന്നത് ഹദ്റത്ത് ഉമറും മറ്റു മുസ്ലിമീങ്ങളെപ്പോലെ നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് രഹസ്യമായി ഹിജ്റത്ത് ചെയ്തിട്ടുണ്ടാകും. കാരണം മക്കയിലെ അവസ്ഥ നോക്കുമ്പോൾ പരസ്യമായുള്ള ഹിജ്റത്ത് അസംഭാവ്യമായിരുന്നു. എന്നല്ല നമ്മൾ കാണുന്നത് മക്ക ഫത്ഹ് വരെ ആരൊക്കെ ഹിജ്റത്ത് ചെയ്തിട്ടുണ്ടോ അവരെല്ലാം രഹസ്യമായി ഹിജ്റത്തു ചെയ്യുന്നതാണ് സൗഖ്യമായി കരുതിയിരുന്നത്. ഇനി ഹദ്റത്ത് അലിയുടെ ഈ നിവേദനം ശരിയാണെന്ന് കരുതിയാൽത്തന്നെയും അത് വ്യക്തിപരമായ പ്രവൃത്തിയായിരിക്കാം. പക്ഷേ, ബാഹ്യമായിട്ടുള്ള സാക്ഷ്യങ്ങളിൽനിന്ന് അലിയുടെ നിവേദനം ശരിയല്ലെന്നാണ് തോന്നുന്നത്. *(അൽഫാറൂഖ് ഉമർ, മുഹമ്മദു ഹസയ്ൻ ഹയ്ക്കൽ ഭാഗം 1, പേജ് 53-54, ബാബു ഫീ സുഹ്ബത്തിന്നബിയ്യി(സ),പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ 2007)*

ഹദ്റത്ത് ബറാഅ് ബിൻ ആസിബ്(റ) വിവരിക്കുന്നു: നമ്മുടെ അടുത്ത് ഏറ്റവുമാദ്യം വന്ന മുഹാജിർ ബനൂ അബ്ദുദ്ദാറിൽനിന്നുള്ള മുസ്അബ് ബിൻ ഉമയ്റായിരുന്നു. പിന്നീട് ഹദ്റത്ത് ഇബ്നു ഉമ്മി മക്തൂം വന്നു. അദ്ദേഹം അന്ധനായിരുന്നു. ബനൂ ഫഹ്റിൽനിന്നുള്ള ആളായിരുന്നു. പിന്നീട് ഹ്ദറത്ത് ഉമർ ബിൻ ഖത്ത്വാബ് 20 ആളുകളോടൊപ്പം വന്നു. ഞങ്ങൾ നബി(സ)തിരുമേനിയെപറ്റി ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു: അവിടന്ന് എന്റെ പിന്നാലെതന്നെയുണ്ട്. അതായത് കുറച്ചു കാലം കഴിഞ്ഞാൽ വരുന്നതായിരിക്കും. പിന്നീട് കുറച്ചുകാലം കഴിഞ്ഞ് നബി(സ)തിരുമേനിയും ആ മഹാത്മാവിന്റെ കൂടെ ഹദ്റത്ത് അബൂബക്ർ (റ)ഉം വന്നു. *(ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ, വാള്യം 4, പേജ് 145, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ 2003)*

ഈ നിവേദനം ശരിയാണെങ്കിൽ കൂടുതൽ ശക്തമായ സാധ്യത ഹദ്റത്ത് ഉമർ(റ)ഏതെങ്കിലും നേരത്ത് മജ്ലിസിൽ ഹിജ്റത്തിനെ പറ്റി പറഞ്ഞിട്ടുണ്ടാകുമെന്നാണ്. എന്നെ തടഞ്ഞുകാണിക്കുക എന്ന് ആവേശംകൊണ്ടു പറഞ്ഞതാകാം. പക്ഷേ, ഹിജ്റത്ത് ചെയ്തത് രഹസ്യമായിട്ടുതന്നെയാണ്. കാരണം 20 പേർ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു എന്ന നിവേദനവും വരുന്നുണ്ട്. വല്ലാഹു അഅ്ലം. ഹദ്റത്ത് ഉമർ മദീനയിലെത്തി ഖുബായിൽ രിഫാഅ ബിൻ അബ്ദുൽ മുൻദിറിന്റെ അതിഥിയായി താമസിച്ചു. *(സയ്റുസ്സ്വഹാബ വാള്യം 1, പേജ് 93, പ്രസാധകർ ദാറുൽഇശാഅത്ത് ഉർദു ബാസാർ കറാച്ചി 2004)*

ഖുബാ നമുക്കറിയുന്നതുപോലെ മദീനയിൽ നിന്ന് മൂന്നു കിലോമീറ്റർ ദൂരത്ത് അതിന്റെ മേലെയുള്ള ജനവാസസ്ഥലമാണ്. ഇവിടെ അൻസ്വാറിലെ കുറച്ചു കുടുംബങ്ങൾ താമസിച്ചിരുന്നു. അവരിൽ ഏറ്റവും സവിശേഷതയുള്ള കുടുംബം അംറ് ബിൻ ഔഫിന്റേതായിരുന്നു. ആ കുടുംബത്തിന്റെ നേതാവായിരുന്നു കുൽഥൂം ബിൻ ഹദം. ഖുബായിലെത്തി നബി(സ) തിരുമേനി അദ്ദേഹത്തിന്റെ വീട്ടിലാണ് താമസിച്ചത്.*(ഫർഹങ്കെ സീറത്ത് പേജ് 230)*

ഹദ്റത്ത് ഉമറിന്റെ സാഹോദര്യബന്ധത്തെ സംബന്ധിച്ച് വിവിധ നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. ഒരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി ഹദ്റത്ത് ഉമറിന്റേയും ഹദ്റത്ത് അബൂബക്റിന്റേയുമിടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചിരുന്നു. ഈ സാഹോദര്യവും രണ്ടു അവസരങ്ങളിലാണുണ്ടായത്. ഒരിക്കൽ മക്കയിലും. ഒരിക്കൽ ഹിജ്റത്തിനുശേഷം മദീനയിലും. മക്കയിൽ സാഹോദര്യബന്ധം സ്ഥാപിച്ചപ്പോൾ ആ നേരത്ത് നബി(സ)തിരുമേനി തന്റെ കൂടെ ഹദ്റത്ത് അലിയെ വെച്ചിരുന്നു. ഹദ്റത്ത് അബൂബക്റിന്റെ കൂടെ ഹദ്റത്ത് ഉമറിന്റെ സാഹോദര്യം സ്ഥാപിച്ചിരുന്നു. എന്തായാലും സാഹോദര്യമുണ്ടായതിന്റെ വെവ്വേറെ സംഭവമാണിത്. മദീനയിൽ മുഹാജിറുകളുടേയും അൻസ്വാറുകളുടേയും ഇടയിൽ സാഹോദര്യം സ്ഥാപിച്ചിരുന്നു. മറ്റൊരു നിവേദനത്തിലുണ്ട് നബി(സ) തിരുമേനി ഹിജ്റത്തിനുശേഷം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിനേയും ഹദ്റത്ത് ഉവയിം ബിൻ സായിദയേയും സഹോദരന്മാരാക്കി. മറ്റൊരു നിവേദമനുസരിച്ച് നബി(സ)തിരുമേനി ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിനേയും ഹദ്റത്ത് മുആദ് ബിൻ അഫ്റയേയും സഹോദരന്മാരാക്കിയിരുന്നു. *(സുബുലുൽഹുദാ വർറശാദ് ഫീ സീറത്തു ഖയ്റുൽഇബാദ്, വാള്യം 3, പേജ് 363, മവാഖാത്ത്(സ)ബയ്ന അസ്ഹാബ(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)(അത്ത്വബ*

*ഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, വാല്യം 3, പേജ് 206, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇങ്ങനെ എഴുതിയിരിക്കുന്നു: ഹദ്റത്ത് ഉമറിന്റെ സാഹോദര്യം ഹദ്റത്ത് യിത്ബാൻ ബിൻ മാലിക്കുമായിട്ടായിരുന്നു.*(സീറത്തു ഖാത്തമുന്ന ബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 277)*

ബാങ്കുവിളിയുടെ ആരംഭത്തെ കുറിച്ച് ഇപ്രകാരം ഒരു നിവേദനം ലഭിക്കുന്നുണ്ട്. മുഹമ്മദ് ബിൻ അബ്ദുല്ലാഹ് ബിൻ സയ്ദ് തന്റെ പിതാവിൽനിന്ന് നിവേദനം. ഞങ്ങൾ അതിരാവിലെ നബി(സ) തിരുമേനിയുടെ അടുത്തു പോയി. ഞാൻ നബി(സ)തിരുമേനിയെ എന്റെ സ്വപ്നം കേൾപ്പിച്ചു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദിന്റെ നിവേദനത്തിൽ ഞാനിക്കാര്യം വിവരിച്ചിട്ടുള്ളതാണ്. ഇവിടെ ഹദ്റത്ത് ഉമറിന്റെ വിവരണമായതുകൊണ്ട് അതിലെ അല്പ ഭാഗം വിവരിക്കാം. മറ്റു നിവേദനങ്ങൾ കണ്ടാണ് ഇത് വിവരിക്കുന്നത്. നബി(സ)തിരുമേനി പറഞ്ഞു: തീർച്ചയായും ഈ വിവരിക്കപ്പെട്ട സ്വപ്നം സത്യമാണ്. താങ്കൾ ബിലാലിനോടൊപ്പം പോകുക. കാരണം അദ്ദേഹം താങ്കളെ അപേക്ഷിച്ച് നല്ല ശബ്ദമുള്ളയാളും വിളിച്ചു പറയുന്നയാളുമാണ്. താങ്കളോടു പറയപ്പെട്ടത് അദ്ദേഹത്തോ ടു പറഞ്ഞുകൊണ്ടുപോകുക. അദ്ദേഹം അത് വിളിച്ചു പറയട്ടെ. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ് പറയുന്നു:ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് നമസ്കാരത്തിനുവേണ്ടി ബിലാലിന്റെ ശബ്ദം കേട്ടപ്പോൾ അദ്ദേഹം തന്റെ ചാദുർ വലിച്ചിഴച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ അടുക്കലെത്തി. അദ്ദേഹം ഇതു പറയുകയായിരുന്നു, 'യാ റസൂലല്ലാഹ്! താങ്കളെ സത്യവുമായ അയച്ചവനെക്കൊണ്ട് സത്യം. തീർച്ചയായും അദ്ദേഹം വിളിച്ചു പറഞ്ഞത് ഞാനും സ്വപ്നം കണ്ടിരിക്കുന്നു.' നിവേദകൻ പറയുന്നു:നബി(സ) തിരുമേനി പറഞ്ഞു. 'സർവസ്തുതിയും അല്ലാഹുവിനുള്ളതാണ്. ഇക്കാര്യം കൂടുതൽ ഉറച്ചതാണ്.' *(സുനനുത്തിർമുദി, കിതാബുസ്സലാത്ത്, ഹദീഥ് നമ്പർ 189)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അത് വിവരിച്ചുകൊണ്ടു പറയുന്നു: നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ് എന്നൊരു സ്വഹാബിയുണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തിന് സ്വപ്നത്തിലൂടെ 'ബാങ്കുവിളി' പഠിപ്പിച്ചു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ സ്വപ്നത്തെ സ്വീകരിച്ചുകൊണ്ട് മുസ്‌ലിമീങ്ങളിൽ ബാങ്കുവിളിയുടെ സമ്പ്രദായം നിലവിൽ വരുത്തി. പിന്നീട് ഖുർആനിക വഹ്‌യും അതിനെ സാക്ഷ്യപ്പെടുത്തി. ഹദ്റത്ത് ഉമർ (റ) പറയുന്നു:'എന്നേയും അല്ലാഹു അതേ ബാങ്കുവിളി പഠിപ്പിച്ചിരുന്നു. എന്നാൽ, വേറൊരു വ്യക്തി നബി(സ)തിരുമേനിയോടു ഇക്കാര്യം വിവരിച്ചു കഴിഞ്ഞിരുന്നു എന്ന ചിന്തയോടെ 20 ദിവസംവരെ മൗനം പാലിച്ചു.' കാരണം ഇത് ആദ്യമെ വിവരിച്ചു കഴിഞ്ഞിരുന്നതുകൊണ്ട്, വിവരിക്കേണ്ട ആവശ്യമില്ലെന്നു കരുതി ഞാൻ നിശബ്ദത പാലിച്ചു. 'അതിലേക്ക് നബി(സ) തിരുമേനിയുടെ ഈ ഹദീഥും സൂചനനല്കുന്നു. **അൽമുഅ്മിനു യറാ ഔ യുറാ ലഹൂ** അതായത് മുഅ്മിന് ചിലപ്പോൾ നേരിട്ടും വിവരം നല്പ്പെടുന്നു. ചിലപ്പോൾ മറ്റുള്ളവർ മുഖേന അയാൾക്ക് വിവരം എത്തിക്കുന്നു.' *(തഫ്സീറെ കബീർ വാല്യം 7, പേജ് 624-625)*

ബാക്കി ഇൻശാ അല്ലാഹ് വരുന്ന ആഴ്ചകളിൽ വിവരിക്കുന്നതാണ്.

ഈ നേരത്ത് മറ്റൊരു കാര്യവും നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് റമളാനിലെ അവസാനത്തെ ജുമുഅ ആണ്. ഇതിനെ റമളാനിലെ അവസാനത്തെ ജുമുഅ എന്ന നിലയിൽ മാത്രം കാണരുത്. മറിച്ച് ഈ ജുമുഅ നമുക്ക് ഭാവിയിലേക്ക് പുതിയ വഴികൾ കാണിച്ചുതരുന്നതായിരിക്കണം. റമളാനിൽ എന്തെല്ലാം കാര്യങ്ങളിലേക്കാണ് കൂടതൽ ശ്രദ്ധയുണ്ടായത്, എന്തൊക്കെ നന്മകളാണോ ചെയ്യാൻ ഭാഗ്യം ലഭിച്ചത് അവയൊക്കെ റമളാൻ കഴിഞ്ഞാലും തുടർന്നുകൊണ്ടുപോകാൻ നമ്മൾ പരിശ്രമിക്കേണ്ടതാണ്. എന്നല്ല അതിൽ കൂടുതൽ മെച്ചപ്പെടുകയും വേണം. അല്ലെങ്കിൽ റമളാനിലൂടെ കടന്നുപോന്നത് നമ്മൾക്കു ഒരു പ്രയോജനവും ചെയ്യുകയില്ല. നമ്മൾ ഈ നന്മകളേയും സൽകർമങ്ങളേയും നിലനിറുത്തുന്നില്ലെങ്കിൽ അതുപോലെതന്നെ അവയിൽ പുരോഗതി കൈവരിക്കുന്നില്ലെങ്കിൽ ഒരു ഗുണവുമുണ്ടാകുകയില്ല. കഴിഞ്ഞ ജുമുഅയിൽ ഞാൻ സ്വലാത്തിനെക്കുറിച്ചും ഇസ്തിഗ്ഫാറിനെക്കുറിച്ചും പറഞ്ഞിരുന്നു. അവ റമളാനിൽമാത്രമായി പരിമിത പെടുത്തരുത്. റമളാൻ കഴിഞ്ഞും ദുആകളും ഇസ്തിഗ്ഫാറും പാടെ വിസ്മരിക്കുംവിധം ലൗകികതയിൽ മുഴുകിപ്പോകരുത്. അതുകൊണ്ടാണ് അതെപ്പോഴും തുടർന്നു കൊണ്ടുപോകേണ്ടതാണെന്ന് പ്രത്യേകം പറഞ്ഞത്. ഇക്കാലഘട്ടത്തിൽ ദജ്ജാലിന്റെ നവംനവങ്ങളായി ഗൂഢപദ്ധതികളും അജൻഡകളും ആവിഷ്കരിക്കപ്പെടുന്നു. ലോകത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകൾ അധികപേരേയും വേട്ടയാടിയിരിക്കുകയാണ്. നമ്മുടെ യുവാക്കളും കുട്ടികൾപോലും ചില നേരത്ത് അതിനാൽ സ്വാധീനിക്കപ്പെടുന്നു. അത്തരമൊരു സ്ഥിതിവിശേഷത്തിൽ നമ്മൾ നമുക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അല്ലാഹു നമ്മെ ശയ്ത്വാന്റേയും ദജ്ജാലിന്റേയും ആക്രമണങ്ങളിൽനിന്ന് സുരക്ഷിതമായി വെക്കുമാറാകട്ടെ. നമ്മൾ നമ്മുടെ മക്കളെ നമ്മളോടു ചേർത്തു നിറുത്തിയും കൂട്ടുപിടിച്ചും അവരുമായി ഒരു പ്രത്യേകബന്ധമുണ്ടാക്കിയും അവർക്ക് അല്ലാഹുവിന്റെ അസ്തിത്വത്തേയും ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനങ്ങളേയും കുറിച്ച് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും വേണം. മക്കളുടെ മനസ്സുകളിൽ ഈമാൻ സമ്പൂർണമായ നിലയിൽ വളർത്തിയെടുത്തുകൊണ്ട് അവരുടെ ഒരു കർമവും ഒരു കാര്യവും ഒരു പ്രവൃത്തിയും ഒരു ചിന്തയും അല്ലാഹുവിന്റെ പ്രീതിക്ക് വിരുദ്ധമാകാത്തവിധം അവരെ അല്ലാഹുവുമായി ബന്ധിപ്പിക്കേണ്ടതാണ്. അവന്റെ അധ്യാപനത്തിന്നെതിരെ അവർ പണിയെടുക്കാൻ പാടില്ല. എല്ലാ ഭൗതികമായ ചോദ്യങ്ങൾക്കും ഫിത്നകൾക്കും അവരുടെ പക്കൽ മറുപടിയും പരിഹാരവും ഉണ്ടാകേണ്ടതാണ്. ചില കാര്യങ്ങൾക്ക് മറുപടി നല്കാനാകാതെ മറ്റുള്ളവരുടെ അടുത്ത് മോശമാകുന്ന അവസ്ഥ ഉണ്ടാകരുത്. ആ മറുപടികൾകൊണ്ട് അവർ എല്ലാത്തരം കുഴപ്പങ്ങളിൽനിന്നു സ്വയം രക്ഷ നേടുന്നവരായി മാറേണ്ടതാണ്. ഇതു തന്നെയാണ് നമ്മുടെ തലമുറയുടെ ജീവിതത്തെ സുഭദ്രമാക്കുന്നതിനും അവരുടെ നിലനില്പിനും ജാമ്യം നല്കുന്ന കാര്യം. ഇതുതന്നെയാണ് നമ്മുടെ സന്താനപരമ്പരയെ എല്ലാതരം ഫിത്നകളിൽനിന്ന് രക്ഷപ്പെടുത്താനുള്ള ശരിയായ മാർഗവും. എന്നാൽ, നമ്മൾ സ്വയം ഈമാനിലും യഖീനിലും ഉന്നതനില കരസ്ഥമാക്കാത്തിടത്തോളം ഇതു സാധ്യമമാകുന്നതല്ല. അതിനു ഒരു വിശ്വാസിയുടെ സവിശേഷതയിലെത്തേണ്ട ആവശ്യമുണ്ട്. അല്ലാഹുമായി സുദൃഢബന്ധം ഉണ്ടാകുമ്പോഴെ അത് സാധ്യമാകുകയുള്ളു. അതിനു നമ്മുടെ നമസ്കാരങ്ങളും ആരാധനാകർമങ്ങളും ഉന്നത നിലവാരമുള്ളതായിരിക്കേണ്ടതാണ്. നമ്മളെന്തിനാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തതെന്ന് മനസ്സിലാക്കുന്നവരാകേണ്ടതാണ്. ഇത് നമ്മളിലർപിതമായ ഭാരിച്ച ചുമതലയാണ്. നമ്മളുടെ ഈമാനിനെ സുദൃഢമാക്കിയും നമ്മുടെ കർമങ്ങളെ സശ്രദ്ധം വീക്ഷിച്ചും ന മ്മുടെ തലമുറകളെ രക്ഷിക്കുന്നതിന് നമ്മൾ നിമിത്തമാകേണ്ടതുമാണ്. ലജ്ജയില്ലായ്മയുടേയും വ്യർഥമായ കാര്യങ്ങളുടേയും ഇന്നുള്ള പരമമായ അവസ്ഥ ഇതിനുമുമ്പേ ഒരിക്കലും ഉണ്ടായിട്ടില്ല. എല്ലാവരുടേയും വീട്ടിൽ ടെലിവിഷനും ഇന്റർനെറ്റും മുഖേന ഇതു കടന്നു കൂടിയിരിക്കുന്നു. മുമ്പേ കുട്ടികൾ പുറത്തുപോകുമ്പോഴായിരുന്നു അപകടം. ഇപ്പോൾ വീട്ടിന്നകത്തും അപകടം പതുങ്ങിയിരിക്കുന്നു. കുട്ടികൾ തനിച്ചിരുന്ന് പലതും കണ്ടുകൊണ്ടിരിക്കുകയാണ്. എന്തൊക്കെയാണ് അവർ കണ്ടുകൊണ്ടിരിക്കുന്നതെന്ന് ഒരു പിടിയുമില്ല. അതുകൊണ്ട് ഒരു പാട് സൂക്ഷിക്കേണ്ടതുണ്ട്. മഹാന്മാരുടേയും ആദ്യകാല അഹ്മദികളുടേയും ജമാഅത്തിൽ സ്വയം ബയ്അത്തു ചെയ്തുവരികയും കാലത്തിന്റെ ഇമാമിനെ അനുസരിക്കുകയും ചെയ്ത അഹ്മദികളുടേയും മക്കളാണ്. തങ്ങളുടെ ഈമാനിനെ കാത്തുസൂക്ഷിക്കുന്നതിന് സകല ത്യാഗങ്ങൾക്കും തയ്യാറാകുകയും ത്യാഗങ്ങൾ കാഴ്ചവെക്കുകയും ചെയ്തവരയിരുന്നു അവർ. അവരുടെ മക്കളും ഇക്കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. നമ്മളും ദീനിന് ദുൻയാവിനെക്കാൾ മുന്തിച്ച് ആത്മപരിശോധന നടത്തുമ്പോൾ മാത്രമാണ് സ്വയം രക്ഷപ്പെടുകയും നമ്മുടെ മക്കളെ രക്ഷിക്കുന്നവരാകുകയും ചെയ്യുക. ആരുടെയെങ്കിലും കുടുംബമഹിമയോ മഹത്തായ പാരമ്പര്യമോ കാരണം അവർക്കെന്തായാലും ദൈവാനുഗ്രഹങ്ങളുണ്ടാകുമെന്ന് ഉറപ്പിക്കാനാവില്ല. അല്ലെങ്കിൽ അവരിൽ അല്ലാഹു തൃപ്തരാകുന്നതിന് അക്കാര്യം മതിയാകുകയില്ല. എല്ലാവരുടേയും കർമങ്ങളെന്തായാലും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ അനിവാര്യമാണ്. കർമങ്ങൾ മാത്രമെ ന

(ശേഷം പേജ് 13 ൽ)

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

***(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)***

ത്വാലിബെ ദുആ:
K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

## കലാമുൽ ഇമാം

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

***(മൽഫൂദാത്ത് വാല്യം 3, പേജ് 38)***

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

(പേജ് 5 ൽ നിന്ന്)

ഉള്ള ഇസ്തിഗ്ഫാർ അല്ലാഹുവിന്റെ ഖയ്യൂമിയ്യത്ത് എന്ന വിശേഷഗുണത്തെ ചലനാത്മകമാക്കുന്നതാണ്. ഇസ്തിഗ്ഫാർ ചെയ്യുന്ന വ്യക്തി തിന്മകളിൽനിന്നെല്ലാം രക്ഷപ്പെടുന്നതാണ്. അല്ലാഹു തന്നിലേക്ക് വന്നണയുന്നവനെ ചേർത്തു പിടിക്കുന്നവനാണ്. പാപം സംഭവിച്ചശേഷം പശ്ചാത്തപിച്ചുകൊണ്ട് അവിനേല്ക്ക് മടങ്ങുന്നവന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതാണ്. പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനായും സാത്താനിക ആക്രമണങ്ങളിൽനിന്നുള്ള പരിരക്ഷയ്ക്കും അവനിലേക്ക് ഓടിയടുക്കുന്നവന്റെ ഇസ്തിഗ്ഫാറും അല്ലാഹു സ്വീകരിക്കുന്നു. അവനെ ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷിക്കുന്നതാണ്. ദൈവകാരുണ്യവും പൊറുക്കലും എത്ര അധികമാണെന്ന് അല്ലാഹു സ്വയം പറഞ്ഞിരിക്കുന്നത് അത് എല്ലാത്തിനുമേൽ ആധിപത്യം നേടിയിരിക്കുന്നുവെന്നാണ്. ഇതു സംബന്ധമായി നബി(സ)തിരുമേനി ഒരിടത്ത് വിവരിച്ചിട്ടുണ്ട്. അവിടന്ന് ഒരു വ്യക്തിയുടെ സംഭവം കേൾപിക്കുകയുണ്ടായി. നിങ്ങൾക്കു മുമ്പേ 99 പേരെ കൊന്ന ഒരാളുണ്ടായിരുന്നു. (ചെയ്തുപോയ തെറ്റിൽ ഖേദം തോന്നിയപ്പോൾ തന്നെ സത്യപഥത്തിലേക്ക് നയിക്കാൻ പ്രാപ്തനായ) ഭൂലോകത്തെ ഏറ്റവും വലിയ പണ്ഡിതനെക്കുറിച്ച് അന്വേഷിച്ചിറങ്ങി. അങ്ങനെ ഒരു പുരോഹിതനെക്കുറിച്ച് അയാൾക്ക് വിവരം കിട്ടി. അദ്ദേഹത്തെ അയാൾ സമീപിച്ച് താൻ 99 മനുഷ്യരെ വധിച്ചെന്നും തനിക്ക് ഇനി പാപമോചനത്തിന് വഴിയുണ്ടോ എന്നും അയാൾ അന്വേഷിച്ചു. ഇല്ലെന്ന് പുരോഹിതൻ മറുപടി പറഞ്ഞു. (ക്ഷുഭിതനായ)അയാൾ ആ പുരോഹിതനേയും വധിച്ചു കളഞ്ഞു. അങ്ങനെ അയാൾ നൂറ് തികച്ചു. പിന്നീട് അയാൾ (പശ്ചാത്താപ ബോധത്തോടെ)ഭൂലോകത്തെ ഏറ്റവും വലിയ പണ്ഡിതനെ തേടി നടന്നു. ഒരു പണ്ഡിതനെക്കുറിച്ച് അയാൾക്ക് വിവരം കിട്ടി. അദ്ദേഹം താൻ 100 പേരെ കൊന്നവനാണെന്നും തനിക്ക് ഇനി പാപമോചനത്തിന് വഴിയുണ്ടോ എന്നും ചോദിച്ചു. പണ്ഡിതൻ പറഞ്ഞു: അതേ പാപമോചനത്തിനും തനിക്കുമിടയിൽ ആർക്കാണ് തടസം നിൽക്കാൻ കഴിയുക? താങ്കൾ ഇന്നപ്രദേശത്തേക്ക് യാത്ര തിരിച്ചുകൊള്ളുക. അവിടെ അല്ലാഹുവിനെ ആരാധിക്കുന്ന ആളുകളുണ്ട്. അവരോടൊപ്പം താങ്കളും അല്ലാഹുവിന് ഇബാദത്തു ചെയ്യുക. താങ്കൾ താങ്കളുടെ നാട്ടിലേക്ക് മടങ്ങിപ്പോകരുത്. വളരെ മ്ലേച്ഛമായൊരു നാടാണത്.

അങ്ങനെ അയാൾ ആ പണ്ഡിതൻ നിർദേശിച്ച സ്ഥലത്തേക്ക് തിരിച്ചു. യാത്ര പകുതിയായതെയുള്ളു, അദ്ദേഹത്തിന്റെ ജീവിതാന്ത്യം വന്നെത്തി. (ആരാണിയാളുടെ ആത്മാവ് ഏറ്റെടുക്കേണ്ടത് എന്ന കാര്യത്തിൽ) കാരുണ്യത്തിന്റേയും ശിക്ഷയുടേയും മലക്കുകൾ തമ്മിൽ തർക്കമായി. തന്റെ ചെയ്തികളിൽ ഖേദിച്ച് പശ്ചാത്തപിച്ച ഹൃദയം അല്ലാഹുവിൽ അർപിച്ചുകൊണ്ടാണ് അദ്ദേഹം സഞ്ചരിച്ചത്'-കാരുണ്യത്തിന്റെ മലക്കുകൾ വാദിച്ചു. 'ജീവിതത്തിൽ അല്പംപോലും നന്മ ചെയ്തിട്ടില്ലാത്ത പാപിയാണ് ഇയാൾ-' ശിക്ഷയുടെ മലക്കുകൾ അങ്ങനേയും വാദിച്ചു. തർക്കം മൂത്തപ്പോൾ മനുഷ്യരൂപത്തിൽ മറ്റൊരു മലക്ക് അവിടെ ആഗതനായി. അദ്ദേഹത്തെ അവർ മധ്യസ്ഥനാക്കി. അദ്ദേഹം പറഞ്ഞു:'ഇയാൾ സഞ്ചരിച്ച വഴിയുടേയും സഞ്ചരിക്കാൻ ബാക്കിയുള്ള വഴിയുടേയും ദൂരം നിങ്ങൾ അളന്നു തിട്ടപ്പെടുത്തുക. ഏതു നാടിനോടാണോ അയാൾ ഏറ്റവും അടുത്തത്, അയാൾ അതിന്റെ മലക്കിന് അർഹതപ്പെട്ടവനാണ്. അവർ വഴി അളന്നു നോക്കിയപ്പോൾ അയാൾ പോകാനുദ്ദേശിച്ച രാജ്യത്തോടു അടുത്തതായി കണ്ടെത്തി. അതോടെ കാരുണ്യത്തിന്റെ മലക്കുകൾ അദ്ദേഹത്തിന്റെ ആത്മാവിനെ സ്വീകരിച്ചു സ്വർഗത്തിലേക്ക് കൊണ്ടുപോയി. *(സ്വഹീഹ് മുസ്‌ലിം, കിതാബുത്തൗബ, ഹദീഥ് 7008)*

അപ്പോൾ അങ്ങനെയാണ് അല്ലാഹു പാപപൊറുതിക്കുള്ള സംവിധാനമൊരുക്കുന്നത്. വളരെ വലിയ അപരാധിയും കൊലപാതകിയുമായ ഒരാൾക്കുപോലും അയാൾ ആരോഗ്യാവസ്ഥയിൽ മാനസാന്തരപ്പെട്ടതിന്റെ പേരിൽ അല്ലാഹു പൊറുത്തുകൊടുത്തു. അല്ലാഹു ഏതുപരിധിവരെയാണ് പൊറുത്തുതരികയെന്ന് ഇക്കാലത്ത് കുട്ടികളും യുവാക്കളും ചോദിക്കാറുണ്ട്. ഈ ഹദീഥിൽനിന്ന് ഇക്കാര്യം വ്യക്തമാകുന്നുണ്ട്. താൻ തൗബ സ്വീകരിക്കുന്നുവെന്നും തന്റെ കാരുണ്യം പ്രവിശാലമാണെന്നും അതിന് പരിധിയൊന്നുമില്ലെന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. എന്നാൽ, യഥാർഥമായ തൗബയായിരിക്കണം നിങ്ങൾ ചെയ്യേണ്ടതെന്ന ഒരു നിബന്ധനയുണ്ട്. ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു, നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹുവാണ! (യാത്രാമധ്യേ) മരുഭൂമിയിൽവച്ച് നഷ്ടപ്പെട്ടുപോയ ഒട്ടകത്തെ (പലസ്ഥലങ്ങളിലും തിരഞ്ഞുനടന്ന് കണ്ടെത്താതെ നിരാശനായിരിക്കുമ്പോൾ) തിരിച്ചു കിട്ടിയവനുള്ള സന്തോഷത്തെക്കാൾ കൂടുതൽ തന്റെ ദാസന്റെ പശ്ചാത്താപത്തിൽ അല്ലാഹു സന്തോഷിക്കുന്നു. *(സ്വഹീഹുൽബുഖാരി, കിതാബുദ്ദഅ്‌വാത്ത്, ബാബു അത്തൗബ, ഹദീഥ് നമ്പർ 6309)*

അല്ലാഹുവിലേക്ക് മുന്നിടുന്നവരുടെ അടുത്തേക്ക് അല്ലാഹുവും മുന്നിടുന്നു. നബി(സ) തിരുമേനി പറഞ്ഞു: (അല്ലാഹു പറയുന്നു:) ആരെങ്കിലും എന്നിലേക്ക് ഒരു ചാൺ അടുത്താൽ ഒരു മുഴം ഞനങ്ങോട്ടടുക്കും. ഒരു മുഴം അവൻ എന്നിലേക്കടുത്താൽ ഒരു കൈ ഞാനങ്ങോട്ടടുക്കും. അവൻ എന്റെയടുക്കലേക്ക് നടന്നുവന്നാൽ ഞാൻ അവന്റെ അടുക്കലേക്ക് ഓടിച്ചെല്ലും *(സ്വഹീഹുൽബുഖാരി, കിതാബുത്തൗഹീദ്, ഹദീഥ് നമ്പർ 7405)*

അതുകൊണ്ട് നമ്മുടെ ജോലി നമ്മൾ സ്വയം പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും നമ്മുടെ പാപങ്ങൾ പൊറുപ്പിക്കുന്നതിനും അല്ലാഹുവിലേക്ക് നീങ്ങുക എന്നതാണ്. നരകത്തിൽനിന്ന് രക്ഷപ്പെടുക. ഈ മാസം അല്ലാഹു ഈ ജോലിക്കുവേണ്ടി പ്രത്യേകിച്ച് നല്കിയിരിക്കുകയാണ്. ഇതിനെ പ്രയോജനപ്പെടുത്തുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തൗബയും മഗ്ഫിറത്തും വിവരിച്ചുകൊണ്ട് ഒരു സ്ഥലത്ത് പറയുന്നു:'ഓർമിക്കുക. തൗബയേയും മഗ്ഫിറത്തിനേയും നിഷേധിക്കൽ യഥാർഥത്തിൽ മാനുഷികമായ പുരോഗതികളുടെ കവാടത്തെ കൊട്ടിയടക്കലാണ്. കാരണം മനുഷ്യൻ സമ്പൂർണനല്ലെന്നകാര്യം എല്ലാ ഓരോരുത്തർക്കും വ്യക്തമായി അറിയുന്നതാണ്.' അവൻ തന്റെ സത്തയിൽ പരിപൂർണനല്ല.'പ്രത്യുത പരിപൂർത്തീകരണത്തിന് ആശ്രയിക്കുന്നവനാണ്, അവൻ തന്റെ ബാഹ്യമായ അവസ്ഥയിൽ ജനിച്ച് മെല്ലമെല്ലെ തന്റെ അറിവുകൾ വിശാലമാക്കുന്നു. ആദ്യമെതന്നെ ആലിം ഫാളിലായി(മതപണ്ഡിതൻ) ജനിക്കുന്നില്ല. ഇങ്ങനെ അവൻ ജനിച്ച് ബോധം വെക്കുമ്പോൾ അവന്റെ ധാർമികാവസ്ഥ അങ്ങേയറ്റം ദുർബലമായിരിക്കും. യുവത്വപ്രായമുള്ള കുട്ടികളുടെ അവസ്ഥകളിൽ ചിന്തിക്കുമ്പോൾ ഭൂരിഭാഗം കുട്ടികളും ചെറിയ ചെറിയ വഴക്കുകളുടെ നേരത്ത് മറ്റു കുട്ടികളെ അടിക്കുന്നതായി വ്യക്തമായ നിലയിൽ മനസ്സിലാകുന്നതായിരിക്കും. അവരിൽ ഭൂരിഭാഗവും ഓരോ കാര്യത്തിലും കളവു പറയുന്നവരായിരിക്കും. മറ്റു കുട്ടികളെ ചീത്തവിളിക്കുന്നതായിരിക്കും. ചിലർ മോഷണത്തിന്റേയും ഏഷണിപറയലിന്റേയും അസൂയയുടേയും പിശുക്കിന്റേയും ശീലക്കാരായിരിക്കും. പിന്നെ യുവത്വത്തിന്റെ മത്ത് ആവേശംകൊള്ളുമ്പോൾ ദോഷപ്രവണമായ ആത്മാവ് അവരിൽ സഞ്ചരിക്കുന്നു. മിക്കപ്പോഴും അവരിൽനിന്ന് കൊള്ളരുതാത്തതും വൃത്തികെട്ടതുമായ പ്രവൃത്തി പ്രകടമാകുന്നു. അത് സ്പഷ്ടമായ ദുഷ്കർമങ്ങളിലും ദുർനടപടികളിലും പെട്ടതാണ്. പറഞ്ഞതിന്റെ ചുരുക്കം ഭൂരിഭാഗം മനുഷ്യരുടേയും ആദ്യത്തെ ജീവിതഘട്ടം ദുഷിച്ച ജീവിതത്തിന്റേതാണ്. പിന്നീട് ഭാഗ്യവാനായ മനുഷ്യൻ ആദ്യകാലപ്രായത്തിന്റെ ഭീഷണമായ വെള്ളപ്പൊക്കത്തിൽനിന്ന് വെളിയിൽ വരുമ്പോഴാണ് അവൻ തന്റെ ദൈവത്തിലേക്ക് ശ്രദ്ധിക്കുന്നത്. സത്യമായി മാനസാന്തരപ്പെട്ട് ചെയ്യാൻപാടില്ലാത്ത കാര്യങ്ങളിൽനിന്ന് പിന്മാറുന്നു. തന്റെ പ്രകൃതിയുടെ വസ്ത്രത്തെ പരിശുദ്ധമാക്കാനുള്ള ചിന്തയിൽ മുഴുകുന്നു. ഇത് പൊതുവായ നിലയിലുള്ള മാനുഷികജീവിതത്തിന്റെ ചരിത്രമാണ്. അത് മനുഷ്യകുലത്തിന് താണ്ടേണ്ടി വരുന്നു. ഇതിൽനിന്ന് പ്രകടമാകുന്നത് തൗബ സ്വീകരിക്കപ്പെടുന്നില്ലെന്ന കാര്യം സത്യമാണെങ്കിൽ അല്ലാഹുവിന് ആർക്കും മോക്ഷം നല്കാൻ ഉദ്ദേശ്യമില്ലെന്ന് സ്ഥാപിതമാകുന്നതാണ്.' *(ചശ്മയെ മഅ്‌രിഫ, റൂഹാനീ ഖസാഇൻ വാള്യം 23, പേജ് 192-193)*

അല്ലാഹുവിന് ഉദ്ദേശ്യമില്ലെന്നത് സംഭാവ്യമല്ല. കാരണം താൻ മോക്ഷം നല്കാൻ ആഗ്രഹിക്കുന്നുവെന്നാണ് അല്ലാഹു പറയുന്നത്.

തുടർന്ന് അവിടന്ന് പറയുന്നു:തൗബ എന്നത് അറബിഭാഷയിൽ റുജൂഅ്-മടക്കം-നാണ് പറയുന്നത്. അതുകൊണ്ടാണ് വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ പേര് **തവ്വാബ്** എന്നു വന്നിരിക്കുന്നത്. അതായത് വളരെയധികം കാരുണ്യത്തോടെ തിരിയുന്നവനാണ് അല്ലാഹു. അതിന്റെ അർഥം ഇപ്രകാരമാണ്. മനുഷ്യൻ പാപകർമങ്ങളിൽനിന്ന് വിട്ടകന്ന് ആത്മാർഥമായി അല്ലാഹുവിലേക്ക് തിരിയുമ്പോൾ അല്ലാഹു അതിലും അധികമായി അവനിലേക്ക് തിരിയുന്നതാണ്. ഈ സംഗതി ശരിക്കും പ്രകൃതി നിയമത്തിന് അനുഗുണമാണ്. അല്ലാഹു മനുഷ്യന്റെ പ്രകൃതിയിൽവച്ച ഒരു കാര്യം ഒരാൾ മറ്റൊരാളിലേക്ക് മനസ്സാ തിരിയുമ്പോൾ അയാളുടെ മനസ്സും ആവ്യക്തിക്കുവേണ്ടി മയപ്പെടുന്നു. പിന്നെന്തുകൊണ്ട് ബുദ്ധിഇക്കാര്യം അംഗീകരിക്കാൻ കൂട്ടാക്കുന്നില്ല. അതായത് ദാസൻ അല്ലാഹുവിലേക്ക് സത്യഹൃദയത്തോടെ ശ്രദ്ധ തിരിച്ചിട്ടുകൂടി ദൈവം അവനിലേക്ക് ശ്രദ്ധ തിരിക്കുന്നില്ല. രണ്ടു വ്യക്തികൾ ഇപ്രകാരം ചെയ്യുമെന്ന് സമ്മതിക്കുന്നു. മനുഷ്യൻ അനുഭാവപൂർവം തിരിയുമെങ്കിലും അല്ലാഹു അപ്രകാരം ചെയ്യില്ലെന്ന് പറയുന്നത് ശരിയല്ല. അവിടന്ന് പറയുന്നു: അല്ലാഹുവിന്റെ അസ്തിത്വം അത്യധികം കരുണാമയവും ഔദാര്യം നിറഞ്ഞതുമാണ്. അവൻ മനുഷ്യരിലേക്ക് വളരെയധികം തിരിയുന്നവനാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ നാമം തവ്വാബ് അഥവാ വളരെയധികം അനുഭാവപൂർവം തിരിയുന്നവൻ എ ന്ന് വന്നിട്ടുള്ളത്. മനുഷ്യൻ ദൈവത്തിലേക്ക് തിരിയുന്നത് ലജ്ജയോടും നാണത്തോടും ഭവ്യതയോടും വിനയത്തോടുംകൂടിയാണെങ്കിൽ ദൈവം ദാസരിലേക്ക് തിരിയുന്നത് കാരുണ്യത്തോടും പൊറുമയോടും കൂടിയാണ്. അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളിൽ കാരുണ്യം ഇല്ലായിരു

ന്നെങ്കിൽ ആരുംതന്നെ രക്ഷപ്പെടുമായിരുന്നില്ല. വ്യസനകരമെന്നു പറയട്ടെ, ഇക്കൂട്ടർ അല്ലാഹുവിന്റെ സിഫത്തുകളെ കുറിച്ച് ചിന്തിക്കുന്നില്ല. അവർ തങ്ങളുടെ എല്ലാ കാര്യങ്ങളും സ്വന്തം പ്രവൃത്തികളിലും കർമങ്ങളിലുമാക്കിയിരിക്കുകയാണ്. എന്നാൽ, അല്ലാഹു ആരുടേയും ഒരു കർമവുംകൂടാതെ ഭൂമിയിൽ ആയിരക്കണക്കിന്ന് അനുഗ്രഹങ്ങൾ നിക്ഷേപിച്ചവനാണ്. ഒരു ദുർബലപ്രകൃതനായ മനുഷ്യൻ തന്റെ അനാസ്ഥയും അലംഭാവവും വെടിഞ്ഞ് ദൈവത്തിലേ ക്ക്തിരിയുമ്പോൾ, മരണസമാനമായ ഒരു അവസ്ഥ വരിക്കുമ്പോൾ തന്റെ അശുദ്ധമായ വസ്ത്രം ശരീരത്തിൽ നിന്നൂരിക്കളയുമ്പോൾ, ദൈവത്തോടുള്ള അനുരാഗജ്വാലയിൽ കത്തിയമരുമ്പോൾ ഇങ്ങനെയൊക്കെയായിട്ടും ദൈവം അവനിലേക്ക് കാരുണ്യത്തോടെ ശ്രദ്ധതിരിക്കുകയില്ലെന്നോ? അതിന്റെ പേരാണോ ദൈവത്തിന്റെ പ്രകൃതിനിയമം? *(ചശ്മയെ മഅ്രിഫ, റൂഹാനീ ഖസാഇൻ വാള്യം 23, പേജ് 133-134)*

പിന്നീട് അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ ഫള്ലിന്റേയും കരുണയുടേയും കവാടം ഒരിക്കലും അടയുകയില്ല. മനുഷ്യൻ സത്യഹൃദയത്തോടെ ആത്മാർഥതയുമായി മടങ്ങുകയാണെങ്കിൽ അവൻ ഗഫൂറാണ്, റഹീമാണ്. തൗബ സ്വീകരിക്കുന്നവനുമാണ്. ഏതൊക്കെ പാപികൾക്കായിരിക്കും പൊറുത്തുകൊടുക്കുക എന്ന് ചിന്തിക്കുന്നത് അല്ലാഹുവിന്റെ സന്നിധിയിൽ കടുത്ത ധൃഷ്ടതയും അപമര്യാദയുമാണ്. അവന്റെ കാരുണ്യത്തിന്റെ ഖജനാവുകൾ വിശാലവും അതിരറ്റതുമാണ്. അവന്റെ സന്നിധിയിൽ ഒന്നിന്റേയും കുറവില്ല. അവന്റെ കവാടം ആരിലും അടയ്ക്കപ്പെടുകയില്ല. ഇത്രമാത്രം അഭ്യസ്തവിദ്യർക്ക് എവിടെന്ന് തൊഴിൽ കിട്ടാനാണെന്ന് ചിന്തിക്കുന്ന ഇംഗ്ലീഷുകാരുടെ ജോലികൾ പോലെ അല്ല അത്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ എത്തുന്നവരെല്ലാവരും ഉന്നതമായ ദർജകൾ പ്രാപിക്കുന്നതായിരിക്കും. ഇത് ദൃഢഗാഢപരമായ വാഗ്ദാനമാണ്. അല്ലഹുവിനെ സംബന്ധിച്ച് നിരാശനായ മനുഷ്യൻ അങ്ങേയറ്റം ദൗർഭാഗ്യനും ദുഷ്ടനുമാണ്. അവന്റെ മരണവായുവിന്റെ സമയം അശ്രദ്ധയുടെ അവസ്ഥയിൽ വരുന്നതാണ്;നിസംശയം ആ നേരത്ത് കവാടം അടഞ്ഞുപോകുന്നതാണ്. *(മൽഫൂദാത്ത് വാള്യം 3, പേജ് 296-297)*

അല്ലാഹുവിന്റെ പൊറുക്കലിന്റെ കവാടം തുറന്നിരിക്കുകയാണ്. അതേ! മനുഷ്യൻ ആരോഗ്യമുള്ള അവസ്ഥയിൽ തൗബ ചെയ്യണം; അവസാന ശ്വാസം എടുത്തുകൊണ്ടാവരുത്. ഇന്നാളുകളിൽ നമ്മൾ ഒരുപാട് തൗബയും ഇസ്തിഗ്ഫാറും ചെയ്യേണ്ടതാണ്. ഈ റമളാൻ മാസം ദുആയുടെ മാസമാണ്. ഇതിലെ അവസാനത്തെ പത്ത് നരകത്തിൽനിന്ന് രക്ഷപ്പെടുത്തുന്നതുമാണ്. പാപങ്ങളിൽനിന്നുള്ള മോചനവും നന്മകൾ ചെയ്യാനുള്ള തൗഫീഖും അല്ലാഹുവിൽനിന്ന് തന്നെയാണ് കിട്ടുന്നത്. അല്ലാഹുവുമായി നമ്മൾ ചേർന്നിരുന്നാൽ നമ്മുടെ ദീനും പരലോകവും നന്നായിത്തീരുന്നതായിരിക്കും. ഞാൻ പറഞ്ഞിരുന്നതുപോലെ അഹ്മദികളായ നമുക്ക് ഭൂമികൾ ചിലസ്ഥലത്ത് അങ്ങേയറ്റം ഇടുങ്ങിയതാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പ്രയാസങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് ഒരേയൊരു പരിഹമേയുള്ളു, നമ്മൾ നമ്മുടെ ബന്ധം അല്ലാഹുവുമായി ചേർക്കുക. അല്ലാഹുമായി നമ്മുടെ ബന്ധം ചേരുകയും നമ്മുടെ സ്വലാത്തും നമ്മുടെ ഇസ്തിഗ്ഫാറും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതാകുകയും ചെയ്താൽ, ശത്രുക്കൾ ആയിരംവട്ടം ശ്രമിച്ചാലും നമുക്കൊരു നഷ്ടവും വരുത്താൻ അവർക്ക് സാധിക്കുകയില്ല. എന്നാൽ, അല്ലാഹു നമ്മളിൽ തൃപ്തനല്ലെങ്കിൽ ദുൻയാവിലെ ഒരു തന്ത്രവും നമുക്കു ഫലം ചെയ്യുകയുമില്ല. അവരുടെ ഒരു ശ്രമവും നമുക്ക് ഫലമുണ്ടാക്കുകയുമില്ല. അതുകൊണ്ട് അല്ലാഹുവുമായുള്ള നമ്മുടെ ബന്ധം ശക്തിപ്പെടുത്തേണ്ടതാണ്.

റമളാനിലെ ദുആകളിൽ ശത്രുക്കളുടെ ഉപദ്രവങ്ങളിൽനിന്ന് രക്ഷപ്പെടാനും ഒടുപാട് ദുആകൾ ഉൾപ്പെടുത്തേണ്ടതുണ്ട്. ഞാൻ പറഞ്ഞതുപോലെ ചിലസ്ഥലങ്ങളിൽ അഹ്മദികൾക്ക് വളരെയധികം ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. പ്രയാസങ്ങളുണ്ടാകുന്നുണ്ട്. അഹ്മദികൾ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അല്ലാഹു അവർക്ക് എളുപ്പമുണ്ടാക്കിക്കൊടുക്കുമാറാകട്ടെ. എതിരാളികളിൽനിന്ന് കാത്തുരക്ഷിക്കുമാറാകട്ടെ. പാക്കിസ്താനിലെ അഹ്മദികൾ സ്വയംതന്നെയും തങ്ങൾക്കുവേണ്ടിയും ജമാഅത്തിനുവേണ്ടിയും ഇന്നാളുകളിൽ ഒരുപാട് ദുആ ചെയ്യുക. കൊറോണ പടർന്നുപിടിച്ചിരിക്കുകയാണ്. അതിന്റെ വ്യാപനം തടയുന്നതിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു ഈ പകർച്ചവ്യാധിയിൽനിന്ന് രക്ഷിക്കുമാറാകട്ടെ. അല്ലാഹു നമ്മെ ശരിയായ നിലയിൽ സ്വലാത്തും ഇസ്തിഗ്ഫാറും ചെയ്യുന്നവരാക്കുമാറാകട്ടെ.

◆◆◆◆◆

(പേജ് 11 ൽ നിന്ന്)

മ്മെ രക്ഷിക്കുകയുള്ളു. ആരുടെയെങ്കിലും ബന്ധുത്വമോ കുടുംബ നിലയോ ആരേയും രക്ഷിക്കുകയില്ല. അതുകൊണ്ട് അക്കാര്യത്തിലേക്ക് നമ്മൾ നല്ലവണ്ണം ശ്രദ്ധിക്കേണ്ടതാണ്. അവരവരുടെ മതപരമായ ബലഹീനതകളേയും നോക്കേണ്ടതുണ്ട്. അവരവരുടെ മക്കൾക്കും വംശപരമ്പരയ്ക്കുംവേണ്ടി ഭൗതികതയെക്കാൾ അധികം ആത്മീയതയിൽ അഭിവൃദ്ധിപ്പെടാൻ ദുആ ചെയ്യേണ്ടതാണ്. ഭൗതിക പുരോഗതിക്കായി നമ്മൾ ഒരുപാട് ദുആ ചെയ്യാറുണ്ട്. ദീ നിന്റെ പുരോഗതിക്ക് അതിനെക്കാളുപരി ദുആ ചെയ്യേണ്ടതാണ്. അതുപോലെ ബയ്അത്തു ചെയ്തു വരുന്നവരും തങ്ങളുടെ ചിന്തകളേയും കർമങ്ങളേയും ഈ രീതിയിൽ മാറ്റേണ്ടതാണ്. അപ്പോൾ മാത്രമെ നമുക്കും നമ്മുടെ മക്കൾക്കും നിലനിൽപുണ്ടാകുകയുള്ളു. റമളാനിന്റെ ഈ അവശേഷിക്കുന്ന നാളുകളിൽ ഇക്കാര്യത്തിനുവേണ്ടിയും ഒരുപാട് ദുആ ചെയ്യുക. അല്ലാഹു നമ്മുടേയും നമ്മുടെ സന്താനപരമ്പരകളുടേയും ദീനിനെ സുരക്ഷിതമാക്കുമാറാകട്ടെ. നമുക്ക് ആത്മീയമായ അഭിവൃദ്ധിലഭിക്കുമാറാകട്ടെ. റമളാനുശേഷവും നമ്മുടെ ആരാധനകളുടെ നിലവാരം പൂർവോപരി ഉയർന്നുകൊണ്ടിരിക്കുമാറാകട്ടെ. അല്ലാഹുമായി നമ്മുടെ ബന്ധം ദൃഢഗാഢമാകട്ടെ. ദജ്ജാലിന്റെ വലയിൽ വീഴുന്നതിൽനിന്ന് നമ്മൾ രക്ഷപ്പെടുമാറാകട്ടെ. നമ്മുടെ ലക്ഷ്യം ഭൗതികസുഖലോലുപത മാത്രമായിരിക്കരുത്. അല്ലാഹു നമുക്ക് ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾ നല്കുകയും അതു മുഖേന നമ്മൾ എപ്പോഴും നന്ദി പ്രകടിപ്പിച്ചുകൊണ്ട് എപ്പോഴും അവനു വണങ്ങുന്നവരായി മാറുകയും ചെയ്യുന്നവരാകട്ടെ. എപ്പോഴും അവന്റെ സമ്പൂർണ ആരാധകരാക്കുമാറാകട്ടെ. അതുപോലെ മറ്റൊരു കാര്യത്തിലേക്കും ശ്രദ്ധ ക്ഷണിക്കുകയാണ്. ഇന്ന് കൊറോണ എന്ന പകർച്ചവ്യാധി പടർന്നു പിടിക്കുകയും ലോകത്തെ അതു കീഴടക്കുകയും ചെയ്തിരിക്കുന്നു. അതിൽനിന്ന് രക്ഷപ്പെടുന്നതിനായും അല്ലാഹുവിന്റെ കാരുണ്യം നേടുന്നതിനുവേണ്ടി പ്രത്യേകമായ നിലയിൽ ഒരുപാടു ദുആ ചെയ്യേണ്ടതാണ്. അതുപോലെ അഹ്മദിയ്യത്തിന് ശക്തമായ എതിർപ്പുള്ള രാജ്യങ്ങളിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അവിടങ്ങളിൽ അവരുടെ ജീവിതം ദുസ്സഹമാക്കിക്കൊണ്ടിരിക്കുകയാണ്. അല്ലാഹു അവരുടെ എല്ലാകാര്യങ്ങളും സുഗമമാക്കുമാറാകട്ടെ. പാക്കിസ്താനിലെ അഹ്മദികൾ ഇന്നാളുകളിലും തുടർന്നും സ്വദഖയും ദാനധർമങ്ങളും ദുആകളും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. *ഇൻശാഅല്ലാഹ്* ഈ ദുആകളും അല്ലാഹുവിന്റെ പ്രീതികരസ്ഥമാക്കാനുള്ള ശ്രമങ്ങളും ശത്രുക്കളുടെ എല്ലാ പദ്ധതികളേയും ആക്രമണോപാധികളേയും വിഫലവും വ്യർഥവുമാക്കുന്നതായിരിക്കും.

**റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസ്വുർനീ വർഹംനീ അതുപോലെ അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദുബിക്ക മിൻശുറൂരിഹിം** എന്ന ദുആകളും ധാരാളമായി ചെയ്യുക. പക്ഷേ, ഇതുംകൂടി ഓർമവെക്കുക, വെറും ദുആ ചെയ്യുന്നതുകൊണ്ടു ഗുണമുണ്ടാകില്ല. എന്തു ദുആയാണ് ചെയ്യേണ്ടതെന്ന് ആളുകൾ ചോദിക്കാറുണ്ട്. നമ്മൾ നമ്മുടെ നമസ്കാരങ്ങൾ ഭംഗിയോടെ നിർവഹിക്കുകയും അവയുടെ കടമകൾ നിറവേറ്റുകയും ചെയ്യുന്നതുവരെ വെറും വായകൊണ്ട് ദുആ ചെയ്യുന്നതിൽ ഒരു കാര്യവുമില്ല. നമസ്കാരം റമളാനിൽ എന്ന പോലെ തുർന്നും കൃത്യമായി അനുഷ്ഠിക്കേണ്ടതാണ്. അപ്പോൾ മാത്രമെ അല്ലാഹുവിന്റെ കാരുണ്യത്തേയും സഹായത്തേയും യഥാവിധി സ്വാംശീകരിക്കുന്നവരായി നമ്മൾ മാറുകയുള്ളു. അതുപോലെ എല്ലാത്തരം ഫിത്നകളിൽനിന്നും രക്ഷപ്പെടാൻ വേണ്ടിയും ധാരാളം ദുആ ചെയ്യുക. അല്ലാഹു നമുക്ക് ഈ റമളാനിലെ അവശേഷിക്കുന്ന നാലഞ്ചു നാളുകൾകൂടി വിജയപ്രദമായി കഴിച്ചുകൂട്ടാൻ തൗഫീഖ് നല്കുമാറാകട്ടെ. അതുപോലെ ഇതിൽ ചെയ്ത നന്മകളെല്ലാം റമളാനുശേഷവും തുടർന്നു പോകുന്നവരാകാട്ടെ. നമ്മുടെ ദുആയുടെ വൃത്തം എത്രമാത്രം വിഫുലമാകുന്നുവോ അത്രമാത്രം അല്ലാഹുവിന്റെ കാരുണ്യവും നമുക്കുലഭിക്കുമെന്ന കാര്യവും ഓർക്കുക. അതിനാൽ പ്രത്യേകമായ നിലയിൽ എല്ലാ അഹ്മദികളുടേയും എല്ലാതരത്തിലുള്ള പ്രയാസങ്ങളും അകലാൻ വേണ്ടിയും ദുആ ചെയ്യുക. അതുമുഖേന പരസ്പര സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ബന്ധത്തിന്റേയും അന്തരീക്ഷം സ്വാഭാവികമായ നിലയിൽ ഉടലെടുക്കുന്നതാണ്. നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുന്നതോടൊപ്പം പരസ്പര സ്നേഹത്തോടുകൂടിയ ഊഷ്മള ബന്ധവും സൃഷ്ടിക്കപ്പെടുന്നതാണ്. പൊതുവായ നിലയിൽ മുസ്‌ലിം സമുദായത്തിനുവേണ്ടിയും ദുആ ചെയ്യുക. ഇവർ പിന്തുടരുന്ന മാർഗത്തിൽ നിന്ന്, കാലത്തിന്റെ ഇമാമിനെ നിഷേധിച്ചുകൊണ്ട് ഇഹപരലോകങ്ങൾ നഷ്ടത്തിലാക്കുന്ന കാര്യത്തിൽനിന്ന് അല്ലാഹു അവരെ സംരക്ഷിക്കുമാറാകട്ടെ. മനുഷ്യകുലത്തിനുവേണ്ടിയും സാർവത്രികമായ നിലയിൽ ദുആ ചെയ്യുക. അല്ലാഹു അവരേയും നേർമാർഗത്തിലാക്കുമാറാകട്ടെ. അല്ലാഹുവിന്റെ വെറുപ്പിൽനിന്ന് അവർ രക്ഷപ്പെടുമാറാകട്ടെ. എന്തായാലും റമളാനിലും തുടർന്നും ദുആ ചെയ്യുകയും അത് തുടർന്നുകൊണ്ടേപോകുകയും ചെയ്യുക എന്നത് നമ്മുടെ ജോലിയാണ്. അല്ലാഹു എല്ലാവർക്കും അതിനു തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

The Weekly BADR Qadian (Malayalam)
ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

**വിവർത്തനം: അമീൻ മുഹമ്മദ് മാത്ര**

## ഇസ്‌ലാമാബാദ് ടിൽഫോർഡിൽ നിന്ന് നിർഗമനവും നൺസ്പീറ്റ് (ഹോളണ്ട്) മസ്ജിദ് നൂറിൽ ആഗമനവും. (തുടർച്ച)

**തഅ്ലീമി അവാർഡ് ദാന പരിപാടിക്കുശേഷം 12.50– ന് ഹുദൂർ സദസ്സിനെ അഭിമുഖീകരിച്ച് പ്രഭാഷണം നടത്തി:**

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ ഓതിയതിന്നു ശേഷം ഹുദൂർ പറഞ്ഞു: അല്ലാഹു പുതിയ കണ്ടുപിടിത്തങ്ങൾ നടത്താൻ ഇക്കാലഘട്ടത്തിൽ മനുഷ്യകുലത്തിന് അവസരം നല്കി. ടീ.വി.യിലൂടെ വലിയ സ്ക്രീനിൽ ആവശ്യാനുസരണം പുരുഷന്മാരുടെ ഹാളിൽ നടക്കുന്ന വിവിധ പ്രഭാഷണങ്ങളും പരിപാടികളും സ്ത്രീകളുടെ ഹാളിലും കാണാൻ കഴിയുന്നു എന്നതും വളരെ നല്ലൊരു കണ്ടുപിടിത്തത്തിന്റെ ഫലമാണ്. പുരുഷന്മാരുടെ ഭാഗത്ത് കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണം നടക്കുമ്പോൾ സ്ത്രീകൾക്കും അത് കേൾക്കാനും കാണാനും സാധിക്കുന്നു. ഇക്കാര്യം സ്ത്രീകൾക്ക് മതിയാകേണ്ടതുമാണ്. എന്നാലും സ്ത്രീകൾക്കു വേണ്ടി പ്രത്യേകം പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണങ്ങൾ സ്ത്രീകൾക്കു വേണ്ടിയും വെക്കപ്പെടുന്നു. കാരണം, കാലത്തിന്റെ ഖലീഫ സ്ത്രീകളുടെ ജൽസാ ഗാഹിലും നേരിട്ട് വന്ന് പ്രഭാഷണം നടത്തണമെന്നുള്ള അപേക്ഷയും അവരുടെ ഭാഗത്തുനിന്നു വരാറുണ്ട്. ലജ്നകളുടെ ഈ ആവശ്യം പൂർത്തീകരിക്കാൻവേണ്ടി പൊതുവെ ചെറിയ ജമാഅത്തുകളുടെ ജൽസയിലും നേരിട്ട് സ്ത്രീകളെ ഞാൻ സംബോധന ചെയ്ത് സംസാരിക്കാറുണ്ട്. ഇന്നും നിങ്ങളെ നേരിട്ട് അഭിമുഖീകരിക്കാനാണ് ഞാൻ വന്നത്. പൊതുവെ പുരുഷന്മാരോട് എന്തെല്ലാം കാര്യങ്ങളാണോ വിശുദ്ധ ഖുർആൻ പറയുന്നത് അതെല്ലാം സ്ത്രീകളോടും കൂടിയാണ്. അതുകൊണ്ട് അടിസ്ഥാനപരമായ കാര്യങ്ങളിൽ പുരുഷന്മാരുടെ ഭാഗത്ത് നല്കപ്പെടുന്ന കാര്യങ്ങൾ സ്ത്രീകൾക്കും മതിയാകേണ്ടതാണ്. ഈ ഉപദേശങ്ങളിലേക്കും ഇക്കാര്യങ്ങളിലേക്കും ഇതനുസരിച്ച് പ്രവർത്തിക്കുന്നതിലേക്കുമാണ് യഥാർഥത്തിൽ ശ്രദ്ധിക്കേണ്ടത്. എന്നാൽ, അല്ലാഹു വിശ്വാസികളായ പുരുഷന്മാരോടും സ്ത്രീകളോടും വെവ്വേറെയും ചില കാര്യങ്ങൾ പറയുന്നുണ്ട്.പക്ഷേ, കാര്യം ഒന്നു തന്നെയാണ്. വിശുദ്ധ ഖുർആനിൽ ചില മാർഗദർശനങ്ങൾ സ്ത്രീകൾക്ക് മാത്രമായി നില്കിയിട്ടുണ്ട്. അതുകൊണ്ട് അടിസ്ഥാന വിഷയങ്ങളിൽ ശ്രദ്ധിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്യുക. പുരുഷന്മാരേയും സ്ത്രീകളേയും സംബന്ധിച്ചുള്ള വെവ്വേറെ കല്പനകളുണ്ട്. അതിന്റെ വകഭേദങ്ങളുണ്ട്. അതിന്റെ വിശദീകരണങ്ങളുണ്ട്. അഥവാ, ചില കല്പനകൾ പുരുഷന്മാരോടാണ്. ചിലത് സ്ത്രീകളോടാണ്. പൊതുവെ ശക്തമായ അടിത്തറയുള്ളതിനാൽ കർമം ചെയ്യാനുള്ള ഉദ്ദേശ്യമുണ്ടെങ്കിൽ അത് അടിത്തറയായിത്തീരുന്നു. ഈ അടിത്തറ കാരണത്താൽ പുരുഷന്മാരോടു പറയുന്നകാര്യങ്ങൾ സ്വയമേവ സ്ത്രീകളും അതനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകുന്നു.

ഖുത്ബകളിൽ വിവരിക്കപ്പെടുന്ന അടിസ്ഥാനപരമായ കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കാതിരുന്നാൽ, പുരുഷന്മാരുടെ വേദിയിൽ വിവരിക്കപ്പെടുന്ന പൊതുവായ കാര്യങ്ങളും ലജ്നകൾക്കായി വെവ്വേറെ നല്കപ്പെടുന്ന കാര്യങ്ങളും ഒരു ഫലവും ഉണ്ടാക്കില്ല. എന്നാൽ നേരിട്ട് അഭിമുഖീകരിച്ചു സംസാരിക്കുമ്പോൾ അതിൽ കൂടുതൽ സ്വാധീനം ഉണ്ടാകുന്നു എന്നത് ശരിയാണ്. ഇതേ കാരണം കൊണ്ടാണ് കാലത്തിന്റെ ഖലീഫമാർ ഈ രീതി അവലംബിച്ചിട്ടുള്ളതും.

സ്ത്രീകളോടുള്ള പ്രഭാഷണങ്ങളിൽ ചിലപ്പോൾ എന്നല്ല, അധികസമയത്തും ഇരു വിഭാഗക്കാർക്കും ഒരുപോലെ ആവശ്യമായ കാര്യങ്ങൾ പുരുഷന്മാർക്കു വേണ്ടിയും വിവരിക്കാറുണ്ട്. നേരിട്ടുള്ള പ്രസംഗങ്ങളിൽ സ്ത്രീകൾക്ക് പ്രയോജനമുണ്ടെന്ന് ഞാൻ പറഞ്ഞതുപോലെ പുരുഷന്മാരെകുറിച്ച് ഇവിടെ പറയുമ്പോൾ അവരിൽ വലിയ സ്വാധീനം ഉളവാകില്ലെങ്കിലും ഏറ്റവും ചുരുങ്ങിയത് സ്ത്രീകൾ ഇതേ കുറിച്ച് ബോധവാന്മാരാകും. വീട്ടിലുള്ള ആരെങ്കിലും ഇതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കും. സ്ത്രീകളിൽ അധിക സ്ഥലത്തും ഫലം ഉണ്ടാകാറുണ്ട് എന്നാണ് കണ്ടു വരുന്നത്. അതുകൊണ്ട് സ്ത്രീകളോടുള്ള പ്രഭാഷണം സമയം നഷ്ടപ്പെടുത്തലാണെന്നും നിഷ്ഫലമാണെന്നും നാമൊരിക്കലും പറയില്ല. കേവലം ഫലമുണ്ടാകുക മാത്രമല്ല, ഗുണപ്രദമായ അസാധാരണ മാറ്റം ഉണ്ടാകുമെന്നുമാണ് ഇത്തരം നേരിട്ടുള്ള പ്രഭാഷണങ്ങളിലൂടെ അധികവും കണ്ടുവരുന്നത്. സ്ത്രീകളുടെ മടിത്തട്ടിൽ പുതു തലമുറകൾ വളർന്നു വരുന്നു എന്നതും അവരുടെ നല്ല ശിക്ഷണത്തിന് മാതാക്കൾക്ക് വലിയ പങ്കുണ്ടെന്നതും നേരിട്ടുള്ള ഈ പ്രഭാഷണം കൊണ്ടുള്ള പ്രയോജനമാണ്. ഇതു കാരണത്താൽ മുമ്പത്തേക്കാൾ കൂടുതൽ അവർക്ക് സ്വന്തം ഉത്തരവാദിത്വങ്ങളെ കുറിച്ച് ബോധ്യം വരും. ചില അശ്രദ്ധരായ മാതാക്കളും സ്ത്രീകളും ഉണ്ട്. അവർ ഇവിടെ പറയുന്ന കാര്യങ്ങൾ ഗൗനിക്കുന്നതിനു പകരം പഴയ കാര്യങ്ങൾതന്നെ ആവർത്തിച്ചു കൊണ്ടിരിക്കുന്നു. ഈ ആമുഖം ഞാൻ വിവരിക്കുന്നതിന്റെ കാരണം, ഞാനിവിടെ സംക്ഷിപ്തമായി ഇനി പറയാൻ പോകുന്ന കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കാൻ വേണ്ടിയാണ്. തദനുസരണം പ്രവർത്തിക്കാനുള്ള ശ്രമം നടത്താനുമാണ്. ഞാനിവിടെ വന്നു, നിങ്ങളെ അഭിമുഖീകരിച്ചു, നിങ്ങളത് ശ്രവിച്ചു, വീട്ടിലേക്ക് പോയി. തുടർന്ന് അതേ പ്രഭാതം, അതേ പ്രദോഷം. ദീനു മില്ല, ദീനിനോട് താല്പര്യവുമില്ല. പഴയ കാര്യങ്ങൾ തന്നെ ആവർത്തിക്കുന്നു എന്ന് പറയുന്നവർ എന്നും ഓർക്കേണ്ടത് വിശുദ്ധ ഖുർആനും തിരുസുന്നത്തും ഹദീഥുകളും ഹദ്റത്ത് വാഗ്ദത്ത മസീഹും നല്കിയ കല്പനകളും ഉപദേശങ്ങളും നിർദ്ദേശങ്ങളും ഒരിക്കലും പഴഞ്ചനാകുകയില്ല. മറിച്ച് ഓരോ നിമിഷവും ഓരോ തിരിവിലും അവ ദീനിന്റെ ജ്ഞാനം നല്കുന്നതും ഉന്നതനായ അല്ലാഹുവിന്റെ സാമീപ്യം നല്കുന്നതുമാണ്.

ഈ ദോഷം അഥവാ ദൗർബല്യം കേവലം സ്ത്രീകളിൽ മാത്രമാണെന്നും അതു കൊണ്ടാണ് സ്ത്രീകളെ ഞാൻ അഭിമുഖീകരിക്കുന്നതെന്നും ധരിക്കരുതെന്ന കാര്യവും ഞാനിവിടെ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. പുരുഷന്മാരിൽ ഈ ന്യൂനത ഒരുപക്ഷേ സ്ത്രീകളേക്കാൾ അധികമാണ്. അധികസ്ഥലങ്ങളിലും ഈ തിന്മയും ന്യൂനതയും അവരിൽ കാണപ്പെടുന്നു. അതുകൊണ്ട് പുരുഷന്മാരും ഇക്കാര്യങ്ങൾ കേട്ട് വിലയിരുത്തൽ നടത്തേണ്ടതുണ്ട്. വീട്ടിൽപോയി കേവലം സ്ത്രീകളോട് ഈ ന്യൂനതയെ കുറിച്ച് പറയുകയും അവരോടാണ് ഇത് പറയപ്പെട്ടതെന്ന് പറയുകയും ചെയ്യുന്നതിനു പകരം സ്വന്തമായും തന്നെ വിലയിരുത്തലിന് വിധേയമാക്കുക. നിങ്ങളിരു വിഭാഗത്തേയും അഭിമുഖീകരിക്കാൻ എനിക്ക് അവസരം ലഭിച്ചതു കൊണ്ടാണ് ഞാനിവിടെ വിവരിക്കുന്നത്. അതുകൊണ്ട് പുരുഷന്മാരും സ്വയം വിലയിരുത്തേണ്ടതാണ്. പൊതുവെ ഞാൻ പുരുഷന്മാരോട് പറയുന്ന കാര്യങ്ങൾ അവരിൽ അധിക പേരും അതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കില്‍ സ്ത്രീകൾ അവരുടെ മാതൃകകൾ കണ്ടുകൊണ്ട് സ്വയം തങ്ങളിൽ പരിഷ്കരണം ഉണ്ടാക്കുന്നതായിരിക്കും. അവരിൽ മാറ്റം ഉണ്ടായി വരുന്നതാണ്.

ഇവിടെ ഇപ്പോൾ താമസിച്ചുവരുന്ന അധികംപേരും പാക്കിസ്താനിലെ മതപരമായ സാഹചര്യങ്ങളാൽ പലായനം ചെയ്തു വന്നവരാണ്. ജീവിത സാഹചര്യങ്ങൾ കാരണത്താൽ ആരെങ്കിലും പലായനം ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ ഏതാനും ചില പഠിതാക്കൾ മാത്രമാണ്. പാക്കിസ്താനിൽ അഹ്മദികൾക്കു മതപരമായ സ്വാതന്ത്ര്യമില്ലെന്നാണ് അധികപേരും പലായനത്തിന്റെ കാരണമായി ഇവിടുത്തെ ഭരണകൂടത്തോട് പറഞ്ഞിട്ടുള്ളത്. ഇവിടുത്തെ ഇസ്‌ലാം വിരുദ്ധ ശക്തികളുടെ ഒച്ചപ്പാടിനിടയിലും നിങ്ങൾക്ക് സർക്കാർ അഭയം നല്കിയിരിക്കുകയാണ്. സ്വാതന്ത്ര്യത്തോടെ സ്വന്തം മതവിശ്വാസത്തെ പ്രകടിപ്പിക്കാനുള്ള അവസരം നിങ്ങൾക്ക് നല്കി. ഇതു വിഷയകമായി രണ്ടു കാര്യങ്ങൾ നാം എന്നും ഓർക്കേണ്ടതുണ്ട്. ഒന്നാമതായി മതപരമായ അവകാശങ്ങൾ നിലനിറുത്തി മതപരമായ സ്വാതന്ത്ര്യം തന്ന ഈ ഭരണകൂടങ്ങളോട് നന്ദിയുള്ളവരായി മാറുക. ഇവിടെ നമുക്ക് സ്വാതന്ത്ര്യത്തോടെ നമസ്കരിക്കാനും മതപ്രബോധനം നടത്താനും സാധിക്കുന്നു. അതുകൊണ്ട് ഈ ഭരണകൂടത്തിന്റെ ഉന്നമനത്തിനു വേണ്ടി എല്ലാവിധ ശ്രമവും നടത്തി നമ്മുടെ നന്ദി നാം പ്രകടിപ്പിക്കേണ്ടതാണ്. ഇവർക്ക് നമുക്കെത്തിച്ചു കൊടുക്കാൻ കഴിയുന്ന ഏറ്റവും പ്രയോജനകരമായ കാര്യം ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനം ഇവരെ ബോധ്യപ്പെടുത്തുക എന്നതാണ്. സന്ദേശം എത്തിച്ചു കൊടുക്കുക. സ്ത്രീകൾക്ക് സന്ദേശം എത്തിക്കാനുള്ള അവസരം ലഭിക്കുന്നില്ലെന്ന കാര്യം തെറ്റായ വിചാരമാണ്. ലഭിക്കുന്നുണ്ട്, വളരെയധികം ലഭിക്കുന്നുണ്ട്. അതിനു വേണ്ടി പ്രോഗ്രാം തയ്യാറാക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം അവർക്കെത്തിക്കുക എന്നതാണ് നന്ദി പ്രകാശനത്തിന്റെ ഒരു രീതി. മുസ്‌ലിമീങ്ങളുടെ തെറ്റായ നടപടികൾ കാരണത്താൽ മുഹമ്മദ് നബി(സ)യുടെ നാമത്തെ ആക്ഷേപത്തിന് കുറിമാനക്കപ്പെടുന്നതിനെ നാം ദൂരീകരിക്കേണ്ടതുണ്ട്.

മതപരമായ കാരണങ്ങളാലാണ് നമുക്ക് ഇവിടെ താമസിക്കുന്നതിന് അനുമതി ലഭിച്ചത്. അതുകൊണ്ട് സ്വന്തം ദീനീപരവും സ്വഭാവപരവും ആത്മീയവുമായ അവസ്ഥയെ ഇസ്‌ലാമികാധ്യാപനമനുസരിച്ച് മാറ്റാനുള്ള ശ്രമം നടത്തുക എന്നതാണ് രണ്ടാമത്തെ കാര്യം. ഹദ്റത്ത് മസീഹ് മൗഊദ്(അ)എന്തെല്ലാം പ്രതീക്ഷകളാണോ നമ്മിൽ വെച്ചിട്ടുള്ളത് അതിൽ പൂർണമായും നിലനിൽക്കുവാൻ ശ്രമിക്കുക. ആ മഹാത്മാവ് നമ്മിൽനിന്ന് എന്താണോ ആഗ്രഹിക്കുന്നത് അത് ഓരോ സ്ത്രീയും പുരുഷനും തന്റെ മുന്നിൽ വെക്കേണ്ടതാണ്.

നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ, മസീഹെന്നും മഹ്ദിയെന്നും അംഗീകരിച്ചവരാണെന്ന് എപ്പോഴും

ഓർത്തിരിക്കുക. കാരണം ഇതു സംബന്ധമായി അല്ലാഹു നമ്മോട് കല്പിച്ചിരിക്കുന്നു. നബി(സ) തിരുമേനി ഇതു സംബന്ധമായി ദീർഘദർശനം ചെയ്തു കൊണ്ട് ആ മഹാത്മാവ് തന്റെ വാദം പുറപ്പെടുവിക്കുമ്പോൾ അംഗീകരിക്കണമെന്നും സ്വീകരിക്കണമെന്നും അദ്ദേഹത്തിന്റെ ജമാഅത്തിൽ ചേരണമെന്നും നിർദേശിച്ചു. തന്റെ സലാം എത്തിക്കണമെന്നുപോലും അറിയിച്ചു. കാരണം വരാനിരിക്കുന്ന മഹ്ദീ മസീഹ് ഇസ്‌ലാമിന്റെ അധ്യാപനങ്ങളേയും നബി(സ)തിരുമേനി കൊണ്ടുവന്ന ദീനിനേയും പുനരുജ്ജീവിപ്പിക്കാനാണ് വരിക. അതിനെ പുതുരൂപത്തിൽ ലോകത്തിന് കാണിക്കാനാണ് വരിക. സ്വാർഥന്മാരായ പണ്ഡിതന്മാർ വികൃതമാക്കിയ ഇസ്‌ലാമിന്റെ സൗന്ദര്യം സുന്ദരമാക്കി കാണിക്കാനാണ് അദ്ദേഹം വരിക. അതുകൊണ്ട് ഇസ്‌ലാമിന്റെ ശരിയായ അധ്യാപനം മനസ്സിലാക്കാൻ അദ്ദേഹത്തെ അംഗീകരിക്കുക. വാഗ്ദത്ത മസീഹിന്റെ വരവോടെ ഇസ്‌ലാമിന്റെ പുനരുജ്ജീവനം ഉണ്ടാകുകയും ഒരു പുതിയ കാലഘട്ടത്തിന് തുടക്കമിടുകയും ചെയ്യും. പീറുമാരും ഫക്കീർമാരും നാമധാരികളായ പണ്ഡിതന്മാരും വികൃതമാക്കി സ്വന്തം താൽപര്യമനുസരിച്ച് മാറ്റിയ ഇസ്‌ലാമിന്റെ സുന്ദരവും പരിശുദ്ധവുമായ അധ്യാപനം അതിന്റെ യഥാർഥചിത്രം അല്ലാഹുവിന്റെ സവിശേഷ മാർഗദർശനത്തിലൂടെ ലോകത്തിന്റെ മുന്നിൽ വാഗ്ദത്ത മസീഹ് സമർപ്പിക്കും. അതുകൊണ്ട് വാഗ്ദത്ത മസീഹിനെ സ്വീകരിക്കലും അദ്ദേഹത്തിന്റെ ഉപദേശങ്ങളും നിർദേശങ്ങളുമനുസരിച്ച് പ്രവർത്തിക്കലും നിസ്സാര കാര്യമല്ല. എന്നു മാത്രമല്ല, ഇതുതന്നെയാണ് യഥാർഥ ഇസ്‌ലാം. ഇക്കാരണത്താൽ നമ്മളിൽനിന്നുള്ള ഓരോരുത്തരും ഇക്കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കേണ്ടതാണ്.അല്ലെങ്കിൽ അദ്ദേഹത്തിൽ ബയ്അത്ത് ചെയ്തിരിക്കുന്നുവെന്ന വാദം വെറും പൊള്ളയാണ്. താൻ നീതിമാനായ വിധികർത്താവാണെന്ന് ആ മഹാത്മാവ് വ്യക്തമാക്കുകയുണ്ടായി. എന്റെ കൈയിൽ ബയ്അത്ത് ചെയ്യുകയും എന്നെ അല്ലാഹുവിൽനിന്ന് വന്ന വ്യക്തിയാണെന്ന് മനസ്സിലാക്കുകയും ചെയ്തിട്ട് ഞാൻ പറഞ്ഞതനുസരിച്ച് പ്രവർത്തിക്കാതിരുന്നാൽ, ഞാൻ നല്കുന്ന തീരുമാനങ്ങളും ഉപദേശങ്ങളും അനുസരിച്ച് പ്രവർത്തിക്കാതിരുന്നാൽ സ്വന്തം വിശ്വാസത്തെ കുറിച്ച് വേവലാതിപ്പെടേണ്ടതാണ്.

സ്വന്തം വിശ്വാസമനുസരിച്ച് പ്രവർത്തിക്കാൻ അനുവദിക്കാത്ത നാടുവിട്ട് ഇവിടെ വന്ന നമ്മൾ ഒരു വശത്ത് നമ്മെ കുറിച്ച് ചിന്തിക്കേണ്ടതാണ്. മറുവശത്ത്, ഏതൊരു വ്യക്തിയിൽ വിശ്വസിച്ച കാരണത്താലാണോ നമുക്ക് പലായനം ചെയ്യേണ്ടിവന്നത് അദ്ദേഹത്തിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നത് മറന്നാൽ, നമ്മുടെ വിശ്വാസം നമ്മോട് ആവശ്യപ്പെടുന്ന ഉത്തരവാദിത്വങ്ങൾ ഭൗതിക ലോകത്തിന്റെ നിറങ്ങളിൽ മയങ്ങി നാം മറന്നു വിട്ടാൽ അതേ കുറിച്ചും നാം വേവലാതിപ്പെടേണ്ടതാണ്. നബി (സ) തിരുമേനിയുടെ ഏതൊരു സത്യവാനായ പ്രേമിയെയാണോ നാം അംഗീകരിച്ചത്, വരാനിരിക്കുന്ന മഹ്ദീ മസീഹിന്റെ കൈയിൽ അനുസരണ പ്രതിജ്ഞ ചെയ്തുകൊണ്ട് ദീനിന്റെ പുനരുജ്ജീവനം സാധ്യമാക്കുമെന്നും അതിനുവേണ്ടി പൂർണ്ണ ശ്രമം നടത്തുമെന്നും സ്വയം പരിശുദ്ധമായ മാറ്റം വരുത്തുമെന്നും അല്ലാഹുവിന്റെ സാമീപ്യം കൈവരിക്കുമെന്നും ഏതൊരു മഹാത്മാവിനോടാണോ നമ്മൾ കരാർ ചെയ്തത് ഇവിടെവന്ന് ഭൗതിക ലോകത്തെ കണ്ടുകൊണ്ട് കൂടുതൽ പണം സമ്പാദിക്കുന്നതിൽ മാത്രം ശ്രദ്ധയൂന്നിയാൽ നമ്മൾ ആത്മപരിശോധനനടത്തേണ്ടതാണ്.

ബയ്അത്ത് ചെയ്തതിനുശേഷം അല്ലാഹുവിലേക്ക് ശ്രദ്ധിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് ആവർത്തിച്ച് നിർദേശം നല്കിയിരിക്കുന്നു. കേവലം പ്രദർശനപരമായ ശ്രദ്ധയല്ല, മറിച്ച്, യഥാർഥമായ ശ്രദ്ധ. എങ്ങനെ ശ്രദ്ധയുണ്ടാകണമെന്നും അല്ലാഹുവിനോടുള്ള സ്നേഹം സ്ഥാപിക്കണമെന്നും സ്വയം നമസ്കാരങ്ങൾ നല്ല രൂപത്തിൽ നിർവഹിക്കണമെന്നും ഇന്നലത്തെ ഖുത്ബയിലും ഞാൻ പറഞ്ഞിരുന്നു.

സ്വന്തം നമസ്കാരങ്ങൾ നന്നാക്കുന്നതിനെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദും(അ) ഉന്നിപ്പറഞ്ഞിരിക്കുന്നു. പാപമോചനത്തിന് അർഥിക്കുന്നതിൽ ശ്രദ്ധിക്കുക. ഇസ്തിഗ്ഫാറിലൂടെ ഒരു വ്യക്തി വളരെയധികം തെറ്റായ ദേഹേച്ഛകളിൽനിന്ന് മോചിതനാകുന്നതാണ്. ഇസ്തിഗ്ഫാറിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യകതയുണ്ട്. പാപമോചനത്തിന് നിരന്തരം അർഥിക്കാനും മരണത്തെ കുറിച്ച് ഓർക്കാനും ആ മഹാത്മാവ് പറഞ്ഞിരിക്കുന്നു. എന്നും അല്ലാഹുവിനോട് പശ്ചാത്താപം തേടുക. മരണം സുനിശ്ചിതമാണെന്ന കാര്യം ഓർത്തു വെക്കുക; ഒരു ദിവസം അത് വരികതന്നെ ചെയ്യും. മനുഷ്യൻ മരണം ഓർത്തിരുന്നാൽ അല്ലാഹുവിലേക്ക് ശ്രദ്ധയുണ്ടാകുന്നു. ഈ ലോകം ഏതാനും നാളേക്കുള്ളതുമാത്രമാണെന്ന തോന്നലുണ്ടാകുന്നു. ഇതു തന്റെ ജീവിതത്തിന്റെ ലക്ഷ്യമല്ലെന്നും മരിച്ചതിനു ശേഷമുള്ള ജീവിതം തന്നെയാണ് യഥാർഥ ജീവിതമെന്നും തിരിച്ചറിയുന്നു. ഇതിന്റെ യാഥാർഥ്യം അറിയുകയും അതിനെപ്പറ്റിയുള്ള തോന്നൽ നമ്മുടെ ഹൃദയത്തിലുണ്ടാകുകയും ചെയ്യുമ്പോൾ ഭൗതിക വസ്തുക്കൾ കരസ്ഥമാക്കാനുള്ള നിരന്തര ശ്രമങ്ങൾ നമ്മളിൽ ഇല്ലാതാകും. ഇന്ന സ്ത്രീയുടെ ആഭരണം വളരെ നല്ലതാണെന്നും തനിക്കും അങ്ങനെ ഉണ്ടാക്കണമെന്നുള്ള വിചാരത്തിൽ മാത്രം നിലയുറപ്പിക്കില്ല. ഇന്ന സ്ത്രീയുടെ വീട് വളരെ വലുതാണെന്നും തനിക്കും അങ്ങെനെയൊന്ന് വാങ്ങണമെന്നും പറഞ്ഞ് അതിനു വേണ്ടി നിരന്തരം ഭർത്താവിന്റെ മൽ സമ്മർദം ചെലുത്തുകയില്ല. അല്ലെങ്കിൽ പുരുഷന്മാരും ഇതേ അതിമോഹത്തിന്റെ പിന്നാലെ പോവുകയില്ല. സ്ത്രീകളിൽ സവിശേഷമായ നിലയിൽ ഫാഷനെ കുറിച്ചുള്ള വർത്തമാനം നടക്കാറുണ്ട്. ഇന്ന സ്ത്രീ നല്ല ഫാഷനുള്ള വസ്ത്രമാണ് ധരിച്ചിരിക്കുന്നത്, തനിക്കും അങ്ങനെയൊന്ന് വാങ്ങണം. ഇവിടെ വന്ന് പണം കിട്ടി കഴിയുമ്പോൾ പാകിസ്താനിലെ ഡിസൈനുള്ള വസ്ത്രങ്ങൾ ഉണ്ടാക്കണമെന്നുള്ള വലിയ മോഹം ജനിക്കുന്നു. എന്നാൽ അതേ വസ്ത്രം തന്നെ കുറഞ്ഞ വിലയിൽ ഇവിടെ കിട്ടും. കഴിവുണ്ടോ ഇല്ലേ എന്ന് നോക്കാതെതന്നെ പുതിയ ഫാഷൻ വസ്ത്രം ധരിക്കുന്നതിൽ ശക്തി ചെലുത്തുന്നു. തീർച്ചയായും ധരിച്ചുകൊള്ളുക. എന്നാൽ, സ്വന്തം കഴിവിനുള്ളിൽനിന്നു കൊണ്ട് മാത്രം ചെയ്യുക. ഭൗതിക വസ്തുക്കളിൽ ദൃഷ്ടിപതിപ്പിക്കുക എന്നത് ഒരു വിശ്വാസിയുടെ പണിയല്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണെന്നതു ശരിതന്നെയാണ്. അതിൽനിന്ന് തീർച്ചയായും ഫലമെടുക്കുക. എന്നാൽ ഇവ നേടിയെടുക്കാൻ വീടുകളിൽ കുഴപ്പം സൃഷ്ടിക്കാതിരിക്കുക. മത്സരിക്കാനാണെങ്കിൽ മത്സരം നല്ലതു തന്നെയാണ്. മത്സരിച്ചുകൊള്ളുക. എന്നാൽ, മത്സരിക്കുന്നത് ദുആ ചെയ്തുകൊണ്ട് ആവേണ്ടതാണ്. ഇന്ന സ്ത്രീ ദീനിനുവേണ്ടി വലിയ ത്യാഗം ചെയ്തിരിക്കുന്നു. അതിനേക്കാൾ കൂടുതൽ ത്യാഗം ചെയ്യാൻ അല്ലാഹുവേ നീ എനിക്ക് അവസരം തരേണമേ എന്ന് ദുആ ചെയ്യുക. ഇന്ന വ്യക്തിയുടെ മക്കൾ വളരെ നല്ലവരാണ്. അവർ നമസ്കാരത്തിൽ നല്ല ശ്രദ്ധ നല്കുന്നവരാണ്, ദീനീപരമായ പ്രവർത്തികളിലേക്കും ശ്രദ്ധ നല്കുന്നവരാണ്. തനിക്കും നമസ്കാരങ്ങളോടുളള കടമകൾ പൂർത്തിയാക്കാൻ അല്ലാഹുവേ തുണക്കേണമേ എന്ന് പ്രാർഥിക്കുക. അതിനു വേണ്ടി പരിശ്രമിക്കുക. അല്ലാഹു തന്റെ മക്കളേയും ദീനിന്റെ സേവനത്തിൽ മുൻപന്തിയിൽ നിറുത്തേണമേ എന്നും ഇബാദത്ത് ചെയ്യുന്നവരാക്കേണമേ എന്നും പ്രാർഥിക്കുക.

അതുകൊണ്ട് വിശ്വാസിനി, വിശ്വാസിനികളിൽ ദീനിൽ മുൻകടക്കാനുള്ള മാത്സര്യ ബോധം ഉണ്ടാക്കേണ്ടതാണ്. ഭൗതികമായ കാര്യങ്ങൾക്ക് വേണ്ടിയല്ല. ഈ വിചാരത്തോടെ നമ്മൾ അല്ലാഹുവിലേക്ക് തിരിയുമ്പോൾ കാരുണ്യത്തിന്റേയും പാപമോചനത്തിന്റേയും ഉടയവനായ അല്ലാഹു തന്റെയടുക്കലേക്ക് വരുന്ന ദാസന്മാരോട് സീമാതീതമായ സ്നേഹം കാണിക്കും. ദാസന്മാരുടെ നല്ല ആഗ്രഹങ്ങളും ദുആകളും കേൾക്കുകയും അവരുടെ സൽകർമങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു.

സ്ത്രീ യഥാർഥ ആരാധന നിർവഹിക്കുന്നവളാകുമ്പോൾ അതിന്റെ സ്വാധീനം അവരിൽ മാത്രമല്ല ഉണ്ടാകുക. മറിച്ച് അവരുടെ മക്കളിൽ അതിന്റെ നല്ല സപ്രതിഫലനമുണ്ടാകുകയും നന്മയുടെ മുദ്രപതിയുകയും ചെയ്യുന്നു. വളരെയധികം സൽഗുണസമ്പന്നകളായ സ്ത്രീകളുണ്ട്. അവർക്ക് ഭർത്താക്കന്മാരേയും നന്മകളിലേക്ക് ചായിച്ചുകൊണ്ടുവരാൻ സാധിച്ചു. ഇതിനുവേണ്ടിത്തന്നെയാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ലജ്ന ഇമായില്ലാ സംഘടനക്ക് രൂപം കൊടുത്തതും. സ്ത്രീകൾ സ്വയം നന്മകളിൽ പുരോഗതി കൈവരിക്കുകയും ജമാഅത്തീ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുകയും ചെയ്യുക എന്നതാണ് അതിന്റെ ലക്ഷ്യം. തന്മൂലം അല്ലാഹുവിന്റെ ഔദാര്യത്തിന്റെ അനന്തരാവകാശിയാകും. പെൺകുട്ടികൾ സവിശേഷമായ നിലയിൽ വലിയ പ്രായത്തിലെത്തുന്നതു വരെ ഉമ്മമാരുടെ പ്രവർത്തികൾ നോക്കി കാണുന്നു. തങ്ങളുടെ ഉമ്മമാർ എന്താണ് ചെയ്യുന്നതെന്ന് അവർ നോക്കുന്നു. ഇബാദത്ത് ചെയ്യുന്ന, അല്ലാഹുവിനെ സ്മരിക്കുന്ന തന്റെ മാതാവിനെ മകൾ കാണുമ്പോൾ അതിൽ ഒരു നല്ല സ്വാധീനം ഉണ്ടാകുന്നു. നമ്മുടെ അടുത്ത തലമുറയുടെ ശിക്ഷണം ഈ രൂപത്തിലായാൽ അവരിൽ ഇബാദത്തു ചെയ്യുന്ന ആൺകുട്ടിയും പെൺകുട്ടിയും ഉണ്ടാകാൻ തുടങ്ങിയാൽ നമ്മൾ നമ്മുടെ മക്കളെ തിന്മകളിൽ നിന്ന് സംരക്ഷിക്കുന്നവരാകുന്നതിനോടൊപ്പം ഭാവി തലമുറകളേയും ഭൗതികതയുടെ തിന്മകളിൽനിന്ന് കാക്കുന്നവരാകും. അല്ലാഹുവിനെ പ്രാപിക്കുന്നവരാകും അവർ. അതുകൊണ്ട്, സ്ത്രീകളും പുരുഷന്മാരും ഈ ഉത്തരവാദിത്വം മനസ്സിലാക്കേണ്ട ആവശ്യമുണ്ട്.

തഖ്‌വയിൽ പുരോഗതി കൈവരിക്കുക എന്നത് ഓരോ പുരുഷന്റേയും സ്ത്രീയുടേയും പ്രവൃത്തിയാണ്. തദ്വാര നന്മകൾ ചെയ്യാനുള്ള അവസരം പ്രാപ്തമാകുന്നതാണ്. അല്ലാഹുവിന്റെ സാമീപ്യം പ്രാപ്തമാകും. ഭൗതികമായ തിന്മകളിൽനിന്നു നമുക്ക് രക്ഷ പ്രാപിക്കാൻ സാധിക്കും. നമ്മുടെ തലമുറയേയും ഇതിൽനിന്ന് സുരക്ഷിതമാക്കാൻ നമുക്ക് കഴിയും. ബയ്അത്തിന്റെ കടമകൾ സ്വയം നിറവേറ്റുന്നവർ ആകാൻ കഴിയും. നമ്മൾ യഥാർഥ തഖ്‌വ ഉ ള്ളിൽ സൃഷ്ടിക്കുന്നവരാകാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശികളാകാനും അല്ലാഹു നമുക്കെല്ലാവർക്കും അവസരം നല്കുമാറാകട്ടെ. ഇനി ദുആ ചെയ്യുക.

ഹുദൂറിന്റെ ഈ പ്രഭാഷണം 1.35 വരെ നീണ്ടു നി

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 3-10 June 2021 Issue-22,23

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ന്നു. ദുആക്കുശേഷം വിവിധ നാസ്വിറാത്ത് ലജ്നാ ഗ്രൂപ്പുകൾ യഥാക്രമം ഡച്ച്, അറബി, ഉർദു, ബംഗ്ല ഭാഷകളിൽ കവിതകളും പ്രാർഥനാ ഗീതങ്ങളും ആലപിച്ചു. ഒടുവിൽ ആഫ്രിക്കൻ വനിതകൾ സ്വതസിദ്ധമായ ശൈലിയിൽ കലിമ ത്വയ്യിബ ചൊല്ലി.

2.00 മണിക്ക് പുരുഷന്മാരുടെ ജൽസാഹാളിലെത്തിയ ഹുദൂർ ള്വുഹ്ർ- അസ്വ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

**അനഹ്മദികളോടുള്ള പ്രഭാഷണം.**

പുരുഷന്മാരുടെ ഹാളിൽ ഇന്നു നടന്ന ഒരു സുപ്രധാന പരിപാടിയാണ് അനഹ്മദികളോടുള്ള ഹുദൂറിന്റെ പ്രഭാഷണം. ഈ പരിപാടിയിൽ വിവിധ സമൂഹങ്ങളിൽ നിന്നുള്ള 125 അതിഥികൾ പങ്കെടുത്തിരുന്നു. അയൽ രാജ്യമായ ബെൽജിയത്തിൽ നിന്നു വന്നവരാണ് ഇവരിൽ ഭൂരിഭാഗവും

- നൺസ്പീറ്റ് മേയർ ഡി എച്ച് ആർ.ബി വാൻ ഡെ വീർഡ്(DHR.B Van De Weerd), മുൻ പാർലമെന്റംഗം ഡീ എച്ച് ആർ ഹാരീ വാൻ ബൊമ്മൽ (DHR Harry Van Bommel), ഫ്രീ ലാൻസ് ജേർണലിസ്റ്റ് ഡീ എച്ച് ആർ പാട്രോൺ ഇറക് നിക്കിട്ട(Patron Ihrc Nikita), ചൈൽഡ് സൈക്കോളജിസ്റ്റ് ഡീ എച്ച് ആർ ഇവോട്ട് ക്ലിശഹ്ബാസി(Dhr Ewout Klei Shahbazi), ഡച്ച് സുപ്രീം കോർട്ട് ജഡ്ജ് മിസിസ് ഡാന ബാൽഡിംഗർ (Bal dinger)തന്റെ ഭർത്താവിനോടൊപ്പമാണ് വന്നത്, ലിൻഗ്വിസ്റ്റിക്സ് ആൻഡ് ഇക്ണോമിക്സ് സ്കോളർ (Scholer Linguistics & Economics) മിസ്റ്റർ ഹെർമാൻ മീസ്റ്റർ(Mr.Herman Meester), ക്രിമിനൽ കേസസ് ജഡ്ജ് മിസ്റ്റർ ഐ.സീ. ജില്ലീസെ(Mr. I.C Gillesse), പബ്ലിക് പ്രോസിക്യൂട്ടർ ആദരണീയ കോറൈൻ പോത്തർ(Corine Potter) ലാഹോരി ജമാഅത്തിന്റെ ചെയർമാനൻ ഡീ. എച്ച്. ആർ ജഹിർ ഖാൻ(Dhr.Hahir Khan) എന്നിവർ ഇവരിൽപെടുന്നു.

കൂടാതെ വക്കീലുമാർ, ഡോക്ടർമാർ, അധ്യാപകർ, വ്യാപാരികൾ, വിവിധ ഓഫീസുകളും സ്ഥാപനങ്ങളുമായി ബന്ധമുള്ളവരും ജീവിതത്തിന്റെ വിവിധ തുറകളുമായി ബന്ധപ്പെട്ടവരും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു.

- 4.30-ന് ഹുദൂർ ജൽസാഗാഹിലെത്തിയതോടെ പരിപാടിക്ക് തുടക്കമായി. അബ്ദുല്ലത്വീഫ് ഫർഹാ ഖാൻ സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തിനു ശേഷം അതിന്റെ തർജമ ഡച്ച് ഭാഷയിൽ കേൾപ്പിക്കപ്പെട്ടു.

അതിനുശേഷം എൽഡർമാൻ ഗമീന്തേ എർമലൊ മിസ്റ്റർ എൽ ക്ലാപ്പെ(Mr.L. Klappe), പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങൾ വളരെയധികം സന്നദ്ധ സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. സമൂഹത്തിന്റെ ഊർജ്ജസ്വലരായ വിഭാഗമാണ് നിങ്ങൾ. ഞങ്ങളുടെ പ്രദേശത്ത് നിങ്ങളുടെ ജമാഅത്ത് ധാരാളം കാര്യങ്ങൾ ചെയ്തു. വർഷാരംഭത്തിൽ വഖാറെ അമൽ ചെയ്യുന്നു. നിങ്ങളുടെ കമ്യൂണിറ്റിയിലുള്ളവർ കൂടുതലായി നമ്മുടെ നാട്ടിൽ താമസമാക്കണമെന്നാണ് നമ്മുടെ ആഗ്രഹം. ഇപ്പോൾ താമസിക്കാൻ തുടങ്ങിയിട്ടില്ല. നിങ്ങൾ ഞങ്ങളുടെ പട്ടണത്തിൽ വരുമ്പോഴെല്ലാം ഞങ്ങളുമായി ഒരു തരത്തിലുള്ള ബന്ധം ഉണ്ടാക്കാറുണ്ട്. ഇപ്രകാരം നമുക്കിടയിൽ പരസ്പര സ്നേഹവും സാഹോദര്യവും വർധിക്കുന്നു. ഒരു സമാധാനഭരിതമായ ജമാഅത്താണ് നിങ്ങൾ. മതപരമായ സ്വാതന്ത്ര്യത്തെ ശരിയായ രൂപത്തിൽ നിങ്ങൾ ഉപയോഗിക്കുന്നു.

- മുൻ പാർലമെന്റംഗം ഡീ എച്ച് ആർ ഹാരീ വാൻ ബൊമ്മൽ(DHRHarryVan Bommel) തുടർന്ന് സദസ്സിനെ സംബോധനചെയ്തു. അദ്ദേഹം പറഞ്ഞു: ഞങ്ങൾ തായ്‌ലാൻഡ്, മലേഷ്യ എന്നീ പ്രദേശങ്ങളിൽനിന്നു വന്ന അഹ്മദീ അഭയാർഥികളുമായി ബന്ധപ്പെട്ട് ശ്രമിച്ചു വരുന്നു. അവരുടെ പ്രശ്നം ഹോളണ്ട് പാർലമെന്റിലും ഉയർത്തിയിരുന്നു. ഇൻശാ അല്ലാഹ് ഞങ്ങൾ അവരെ സഹായിക്കുന്നതിൽ വിജയിക്കും. ഇവിടേയും യൂറോപ്പിലും വഴികൾ തുറക്കും. നാലു മാസം മുമ്പേ ഞാനും തായ്‌ലാൻഡും മലേഷ്യയും സന്ദർശിച്ചിരുന്നു, അഭയാർഥികളേയും കണ്ടിരുന്നു. ഇവർ അവിടെ വളരെ ദുരിതങ്ങൾ അനുഭവിച്ചുവരികയാണ്.

- തുടർന്ന് നൺസ്പീറ്റ്(Nunspeet) മേയർ ഡി എച്ച് ആർ.ബി വാൻ ഡെ വീർഡ്(DHR.B Van De Weerd) പ്രസംഗിച്ചു. അദ്ദേഹം പറയുന്നു: ഖലീഫത്തുൽ മസീഹ് ഇവിടെ വന്നതിൽ വളരെ സന്തോഷമുണ്ട്. ഖലീഫ തിരുമനസ്സിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. അഹ്മദിയ്യാ ജമാഅത്തിനോട് ഞങ്ങൾക്കുള്ള ബന്ധം പുരാതനമാണ്. ഞങ്ങളുടെ സമൂഹത്തിൽ നിങ്ങൾക്ക് സവിശേഷ സ്ഥാനമുണ്ട്. നിങ്ങളുടെ സ്നേഹം, സമാധാനം, സാഹോദര്യം ഞങ്ങൾക്ക് അനിവാര്യമാണ്. നിങ്ങളുടെ ജൽസ വളരെ സവിശേഷതയുള്ളതാണ്. ഞങ്ങളുടെ ജീവിതത്തിന്റെ ലക്ഷ്യം എന്താണെന്ന് മൂന്ന് ദിവസത്തിൽ ഞങ്ങൾ ആഴത്തിൽ ആലോചിക്കും. ഞങ്ങളുടെ സമൂഹത്തെ ഒരുത്തമ ജനത എങ്ങെനെയാക്കാമെന്നും ആലോചിക്കും. ഈ ചോദ്യങ്ങൾക്കുത്തരം കാണാൻ നിങ്ങൾ ശ്രമിക്കുമെന്ന് പ്രതീക്ഷിക്കുന്നു 4.50-ന് ഹുദൂറിന്റെ പ്രഭാഷണം ആരംഭിച്ചു.(തുടരും)

*(ബദ്ർ ആഴ്ചപ്പതിപ്പ് 24-31, ഒക്ടോബർ 2019)*

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 1 ൽ നിന്ന്)

ച്ച് ദൈവികവെളിപാട് അദ്ദേഹത്തെ അറിയിക്കുന്നു. അതിന്റെ ഉദാഹരണം മകന്റേതാണ്. അവനിൽനിന്ന് എന്തെന്തെല്ലാം ഏർപാടുകളാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നിങ്ങൾക്കൊന്നും അറിയില്ല. കാരണം അവന്റെ സഹായത്തിന് അധിക പരിശ്രമങ്ങളും അല്ലാഹുവിൽനിന്ന് പ്രകൃതിനിയമത്തിന്റെ നെഗറ്റീവായ സ്വാധീനങ്ങൾ മുഖേനയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അത് നിങ്ങൾക്ക് ഒട്ടും അറിയില്ല. പിന്നീട് ചിന്തിക്കുക, നിങ്ങൾക്ക് അയാളെയും അയാളുടെ സുഹൃത്തുക്കളേയും എങ്ങനെയാണ് നേരിടാൻ കഴിയുക.

**ഹൽ തസ്തവിള്ളുലുമാത്തു വന്നൂർ** ഇപ്രകാരംതന്നെ പറഞ്ഞു: അന്ധകാരങ്ങൾക്കും പ്രകാശത്തിനും ഒരു മത്സരവുമില്ല. അല്പ മാത്ര വെളിച്ചം മുറിയിലെ മുഴുവൻ അന്ധകാരങ്ങളേയും ധൂളീകരിച്ചു കളയുന്നു. **ള്ളുലുമാത്ത്** പ്രകാശമില്ലാത്തതിന്റെ പേരാണ്; പ്രകാശം അസ്തിത്വത്തിന്റേയും. ഇല്ലാത്തതിന് ഉള്ളതിന്റെ മുന്നിൽ എന്തുവിലയാണുളളത്. അതായത് നിങ്ങളുടെ കൈയിൽ ദൈവികാധ്യാപനമില്ല. അവന്റെ കൈയിലുണ്ട്. അപ്പോൾ നിങ്ങളും അവനും തമ്മിൽ എന്തു മത്സര മാണുളളത്. അവന്റെ അധ്യാപനത്തിന്റെ അടിത്തറ യാഥാർഥ്യങ്ങളിലാണ്. നിങ്ങളുടെ അധ്യാപനങ്ങളുടെ അടിത്തറ കേവലം അജ്ഞതയിലും നിഷേധത്തിലുമാണ്.

**അം ജഅലൂ ലില്ലാഹി ശുറക്കാഅ ഖലഖൂ ക ഖൽഖിഹീ ഫതശാബഹൽ ഖൽഖു അലയ്ഹിം.** ഇക്കാര്യം മുശ്‌രിക്കീങ്ങളുടെ മുമ്പിൽ ആക്ഷേപമെന്ന നിലയിൽ അവതരിപ്പിക്കപ്പെട്ടതാണ്. നിങ്ങൾ മുശ്‌രിക്ക് ആയിരുന്നിട്ടും വ്യർഥമായ ആരാധ്യർ എന്തെങ്കിലും സൃഷ്ടിച്ചുവെന്നും അത് അല്ലാഹുവിന്റെ സൃഷ്ടിയോടു സാദൃശ്യമുളളതാണെന്നും നിങ്ങൾക്ക് പറയാൻ തന്റേടമുണ്ടായില്ല. മക്കയിലെ മുശ്‌രിക്കുകൾക്ക് ഇതു പറയാൻ തന്റേടമുണ്ടായില്ല. എങ്കിലും മറ്റുചില രാജ്യങ്ങളിലെ മുശ്‌രിക്കുകൾ തങ്ങളുടെആരാധ്യരെ സംബന്ധിച്ച് അത്തരം വാദങ്ങളും സമർപിക്കുന്നു. അഹോ കഷ്ടം! മുസ്‌ലിമീങ്ങളും ഇക്കാലഘട്ടത്തിൽ അത്തരം കാര്യങ്ങൾ പറയാൻ തുടങ്ങിയിരിക്കുന്നു. ഹദ്റത്ത് മസീഹിനെ പക്ഷികളുടെ സ്രഷ്ടാവാണെന്ന് നിശ്ചയിച്ചു. ഇപ്പോൾ അല്ലാഹു സൃഷ്ടിച്ചിട്ടുളള പക്ഷികൾ ഏതാണെന്നും ഹദ്റത്ത് ഈസാ മസീഹ് സൃഷ്ടിച്ചിട്ടുളള പക്ഷികൾ ഏതാണെന്നും പറയാനൊക്കാത്ത അവസ്ഥവരെ ആയിട്ടുണ്ടെന്നുവരെ പറയാൻ തുടങ്ങിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു, ഞാൻ ഒരു മൗലവിയോടു ചോദിച്ചു. നസ്വ്റേത്തുകാരനായ ഹദ്റത്ത് മസീഹ് പക്ഷികളെ സൃഷ്ടിച്ചിരുന്നുവെന്ന് നിങ്ങൾ വാദിക്കുന്നു. അദ്ദേഹം എന്തു സാധനമാണ് സൃഷ്ടിച്ചത്? വവ്വാലിനെയാണ് സൃഷ്ടിച്ചതെന്ന് അയാൾ മറുപടി പറഞ്ഞു. മസീഹിന്റെ വവ്വാൽ ഏതാണെന്ന് ഞാൻ ചോദിച്ചപ്പോൾ ആ മൗലവി സാഹിബ് പറഞ്ഞു: ഇപ്പോൾ അറിയാൻ കഴിയുന്നില്ല. പഞ്ചാബിയിൽ പറഞ്ഞു:'ഓഹണ് റൽമിൽഗിയാനെ.' അതായത് ഇപ്പോൾ അല്ലാഹു സൃഷ്ടിച്ചിട്ടുളള വവ്വാലുകളുമായി അവ കൂടിച്ചേർന്നുപോയി.

അഹോകഷ്ടം! ഏതൊരുകാര്യം പറയാനാണോ മക്കയിലെ മുശ്‌രിക്കീങ്ങൾക്ക് തന്റേടമില്ലാതിരുന്നത് ആ ജോലി മുസ്‌ലിമീങ്ങൾ എത്ര തന്റേടത്തോടെയാണ് ചെയ്തത്. ഈ തെളിവില്ലാത്ത വാദത്തെ ആര് അംഗീകരിക്കുമെന്നുപോലും ചിന്തിച്ചില്ല.'*(തഫീസീറെ കബീർ വാള്യം 3, പേജ് 402, പ്രസാധനം ഖാദിയാൻ 2010)*

❖❖❖

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**‘ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ) തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.’**

***(മൽഫൂദാത്ത് വാള്യം 3, പേജ് 38)***

**ത്വാലിബെ ദുആ**
**P.P.Raheem & Family, Ahmadiyya Jama-ath Payangadi, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin